# അൽ ഹസനാത്ത്

വാർഷിക പതിപ്പ്

**2022 - 1443**

"അടിയുറച്ച വിശ്വാസം,
നിരന്തര സത്കർമ്മം,
നിഷ്കളങ്ക സ്നേഹം,
ഇവ ലോകത്തെ കീഴടക്കുന്ന
മഹൽഗുണങ്ങൾ!
ജീവിതത്തിന്റെ പോരാട്ടത്തിൽ
ആണത്വമുള്ളവരുടെ
ആയുധങ്ങൾ
ഇവതന്നെ!"


രക്ഷാധികാരി:
മൗലാനാ അബ്ദുശ്ശകൂർ ഖാസിമി
ചീഫ് എഡിറ്റർ:
മൗലവി അജ്മൽ ഹുസ്നി
മാനേജിംഗ് എഡിറ്റർ:
മൗലവി ഹാരിസ് ഹുസ്നി
സബ് എഡിറ്റേഴ്സ്:
മൗലവി സുഫ്യാൻ ഹുസ്നി
മൗലവി ആഷിഖ് ഹുസ്നി


## ഉള്ളടക്കം


ബിസ്മില്ലാഹ്.....02
ഇന്ത്യൻ മുസ്ലിംകൾക്ക് ഒരു കർമ്മ സരണി.....04
മആരിഫുൽ ഖുർആൻ.....12
മുസ്ലിം ഉമ്മത്ത് പ്രശ്നവും പരിഹാരവും.....20
ഇസ്ലാമിക സാമൂഹിക മര്യാദകൾ.....34
സേവന സഹായങ്ങൾ ചെയ്യുക.....40
ഇസ്ലാം തീവ്രവാദമോ?.....46
ഹിജാബ്.....59
അധപതനത്തിൽ നിന്നുള്ള മോചനത്തിന്.....68
ലളിത വിവാഹത്തിന്റെ ഐശ്വര്യം.....71
ഇലാ റഹ്മത്തില്ലാഹ്.....78
കുറിപ്പുകൾ.....86



പ്രസിദ്ധീകരണം :

**അൽ ഹുസ്നി ഉലമാ അസോസിയേഷൻ**

**ദാറുൽ ഉലൂം അൽ ഇസ്ലാമിയ്യ**

**ഓച്ചിറ, കൊല്ലം, കേരള**

www.darululloomoachira.com

സയ്യിദ് ഹസനി അക്കാദമി രചനകൾക്ക് www.sayyidhasaniacademy.com




എല്ലാവരോടും കരുണയുള്ളവനും ഏറ്റവും വലിയ കാരുണ്യവാനുമായ അല്ലാഹുവിന്റെ തിരുനാമത്തിൽ. സർവ സ്തുതികളും നിനക്കുമാത്രമാണ്. നീ സർവലോകങ്ങളുടെയും പരിപാലകനാണ്. ഞങ്ങളെ സൃഷ്ടിച്ചതും വളർത്തിയതും വിജ്ഞാനവും ശേഷി കളും പ്രദാനം ചെയ്തതും നീയാണ്. നീ വലിയ കരുണാമയനാണ്. നിന്റെ അനുഗ്രഹ ഔദാര്യങ്ങളെല്ലാം നിന്റെ കാരുണ്യത്തിന്റെ അടയാളങ്ങളാണ്. നീ പരലോകത്തിലെ വിചാരണ ദിവസത്തിന്റെ ഉടമയുമാണ്. സൻമാർഗികളെ അവിടെ വെച്ച് നീ ശാശ്വതമായി അനുഗ്രഹിക്കും. ദുർമാർഗ്ഗികളെ ശിക്ഷിക്കും.

നാഥാ, ഞങ്ങൾ നിന്റെ അടിമകളാണ്. നിന്നെ മാത്രം ഞങ്ങൾ ആരാധിക്കുന്നു. നീ അല്ലാത്ത ഒന്നിനെയും ഞങ്ങൾ ആരാധി ക്കുകയില്ല. ഈ ലോകത്തിന്റേയും, പരലോകത്തിന്റെയും സർവകാര്യങ്ങളിലും നിന്നോട് മാത്രം ഞങ്ങൾ സഹായം തേടുന്നു. ഞങ്ങളെ നീ സൻമാർഗ്ഗത്തിലായി ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യേണമേ

ഞങ്ങളുടെ വിശ്വാസവും, വാക്കും പ്രവർത്തനവും നേരായ വഴിയിലാക്കേണമേ! രക്ഷിതാവേ, നിന്റെ അനുഗ്രഹത്തിന് പാത്രീഭൂതരായ നബിമാരുടെയും സിദ്ദിഖ് - ശുഹദാഅ് - സാലിഹുകളുടെയും മാർഗത്തിലൂടെ ഞങ്ങളെ നീ നടത്തേണമേ! വിശിഷ്യാ നബിമാരുടെ നായകനും കാരുണ്യദൂതനുമായ തിരുനബിയിലും ഇതര നബിമാരിലും നിന്റെ കൃപാകടാക്ഷങ്ങൾ വർഷിക്കേണമേ!

റഹ്മാനെ, നിന്റെ കോപം ഇറങ്ങിയവരുടെയും വഴി കെട്ടവരുടെയും ദുർഗുണങ്ങളിൽ നിന്നും ഞങ്ങളെ നീ കാത്ത് രക്ഷിക്കേണമേ! മനുഷ്യരുടെ പരിപാലകനും ഉടമസ്ഥനും ആരാധ്യനുമായ അല്ലാഹുവേ, ഇഹലോകത്തും പരലോകത്തും നാശനഷ്ടങ്ങളുണ്ടാക്കുന്ന സകല കാര്യങ്ങളിൽ നിന്നും ഞങ്ങൾ നിന്നോട് അഭയം തേടുന്നു. നീ സർവലോകപരിപാലകനും ഉത്തമ സഹായിയും ആകുന്നു.

അല്ലാഹുവിന്റെ അളവറ്റ അനുഗ്രഹത്താൽ എളിയ സ്ഥാപനം ഓച്ചിറ ദാറുൽ ഉലൂമിന്റെയും സയ്യിദ് ഹസനി അക്കാദമിയുടെയും ഇവിടെ പഠനം പൂർത്തീകരിച്ച പണ്ഡിത സഹോദരങ്ങളുടെ കൂട്ടായ്മയായ അൽ ഹുസ്നി ചാരിറ്റബിൾ ട്രസ്റ്റിന്റെയും മുഖപത്രമായ അൽ ഹസനാത്ത് ആദ്യം ത്രൈമാസികയായി പ്രസിദ്ധീകരിക്കപ്പെട്ടു. തുടർന്ന് സോഷ്യൽ മീഡിയ വഴി വെള്ളിയാഴ്ച പതിപ്പായി ഇപ്പോൾ പ്രസിദ്ധീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. ഇപ്പോൾ അതിന്റെ 65 ൽ പരം ലക്കങ്ങൾ ഇറങ്ങിക്കഴിഞ്ഞു. ഇത്തരുണത്തിൽ സ്ഥാപന ത്തിന്റെ വാർഷികം പ്രമാണിച്ച് ഒരു വാർഷിക പതിപ്പ് പ്രസിദ്ധീകരിക്കുകയാണ്. ഇതിൽ പ്രധാനപ്പെട്ട ലേഖനങ്ങളോടൊപ്പം സ്ഥാപനത്തിന്റെയും സയ്യിദ് ഹസനി അക്കാദമിയുടെയും അൽ ഹുസ് നിയുടെയും പ്രവർത്തനങ്ങളെക്കുറിച്ചുള്ള ചെറു വിവരണങ്ങളും അടങ്ങിയിട്ടുണ്ട്. മാന്യ അനുവാചകർ ഇത് പ്രയോജനപ്പെ ടുത്തുന്നതിനോടൊപ്പം ആഴ്ച തോറുമുള്ള ജുമുഅ പ്രഭാഷണങ്ങളും മആരിഫുൽ ഖുർആൻ (പരിശുദ്ധ ഖുർആൻ വ്യാഖ്യാനവും) ഇതര പ്രധാന ലേഖനങ്ങളും അടങ്ങിയ വെള്ളിയാഴ്ച പതിപ്പ് പ്രയോജനപ്പെടുത്താൻ പ്രത്യേകം അഭ്യർത്ഥിക്കുന്നു. സ്ഥാപനത്തിന്റെ വാട്ട്സ് ആപ്പ് ഗ്രൂപ്പായ ദർസുൽ ഖുർആനിലും അൽ ഹസനാത്തിന്റെ പ്രത്യേക ഗ്രൂപ്പുകളിലും അത് പ്രസിദ്ധീകരിക്ക പ്പെടുന്നുണ്ട്. അംഗങ്ങളാകാൻ ആഗ്രഹിക്കുന്നവർ 7012659205, 9544828178 എന്നീ നമ്പറുകളിൽ താങ്കളുടെയും ഇതര സഹോദരങ്ങളുടെയും നമ്പറുകൾ എത്തിച്ച് തരാൻ താൽപ്പര്യപ്പെടുന്നു. പടച്ചവൻ അനുഗ്രഹിക്കട്ടെ.

*** പരിശുദ്ധ ഖുർആൻ ഒരു സമുന്നത കണ്ണാടിയായി കണ്ട് പാരായണ പഠനങ്ങൾ നടത്തുക. ***

***ഇമാം നദ്‌വി***




**അല്ലാമാ സയ്യിദ് അബുൽ ഹസൻ അലി നദ്‌വി**

*(വിശ്വ പണ്ഡിതനും ചിന്തകനുമായ മൗലാനാ അവർകൾ, 1992-ൽ ഇന്ത്യയിൽ അരങ്ങേറിയ അതിദാരുണമായ ദുരന്തങ്ങൾക്കുശേഷം രംഗം അല്പം ശാന്തമായപ്പോൾ എഴുതിയ സുപ്രധാനമായ ഒരു ലേഖനമാണിത്. കിതാബ്-സുന്നത്തുകളുടെയും മുൻഗാമികളുടെ ചരിത്ര-നിർദ്ദേശങ്ങളുടെയും വെളിച്ചത്തിൽ പ്രശ്ന പരിഹാരങ്ങൾക്ക് അതിലളിതമായ ഒരു വഴി പറഞ്ഞു തരുന്ന ഈ ലേഖനം, ഇന്ത്യൻ മുസ്‌ലിംകളെ സംബന്ധിച്ചിടത്തോളം ഒരു വഴിവിളക്ക് തന്നെയാണ്. മൗലാനയുടെ ആത്മകഥയായ കാറവാനെ സിന്ദഗി എന്ന ഗ്രന്ഥത്തിൽ ഈ ലേഖനം പ്രാധാന്യപൂർവ്വം ഉദ്ധരിച്ചിട്ടുണ്ട്. ഇതിനെ പഠിക്കാനും പകർത്താനും പ്രചരിപ്പിക്കാനും മാന്യ അനുവാചകരോട് അപേക്ഷിക്കുന്നു. അല്ലാഹുവാണ് തൗഫീഖ് അരുളുന്നവൻ.)*

നൂറ്റാണ്ടുകളോളം ഇസ്‌ലാമിക ഭരണത്തിന്റെയും വിജ്ഞാന-സംസ്കാരങ്ങളുടെയും കേന്ദ്രമായി നിലകൊണ്ട ഒരു രാജ്യമാണ് നമ്മുടെ ഇന്ത്യ. വളര വിദൂരങ്ങളിലായി പരന്നു കിടക്കുന്ന മുസ്‌ലിം രാഷ്ട്രങ്ങളിൽ പോലും പരിവർത്തനങ്ങൾ ഉളവാകാൻ നിമിത്തമായ ഇസ്‌ലാമിക നവോത്ഥാന പ്രസ്ഥാനങ്ങളും ത്യാഗിവര്യന്മാരായ പണ്ഡിത-പരിഷ്കർത്താക്കളും ഇവിടെ നിന്നും ഉദിച്ചുയർന്നിട്ടുണ്ട്. പക്ഷെ, ഇത്ര മഹത്തായ പാരമ്പര്യം പുലർത്തുന്ന ഈ രാഷ്ട്രം അതീവ ഗുരുതരമായ ഒരു പ്രതിസന്ധി ഘട്ടത്തിലൂടെ നീങ്ങുകയാണിപ്പോൾ. രാഷ്ട്രത്തെയും സമൂഹ ത്തെയും ഉടമസ്ഥനായ അല്ലാഹുവിന്റെ അടിമത്വത്തിലേക്ക് നയിക്കുക എന്ന മഹത്തായ ഇസ്‌ലാമിക ബാധ്യത ഇരിക്കട്ടെ, മുസ്

ലിംകളുടെ അസ്ഥിത്വവും അന്തസ്സും മസാജിദ്-മദാരിസുകളും നൂറ്റാണ്ടുകളുടെ പ്രയത്ന ഫലമായ വിലപിടിച്ച വൈജ്ഞാനിക-സാംസ്കാരിക മൂലധനങ്ങളും ഇന്നിവിടെ കടുത്ത ഭീഷണി നേരിടുകയാണ്. വിവിധ സ്ഥലങ്ങളിലായി ഒറ്റപ്പെട്ട് കിടക്കുന്ന ഗ്രാമങ്ങളിൽ എന്നല്ല, മുസ്ലിംകൾ എണ്ണത്തിലും വണ്ണത്തിലും മികച്ച് നിൽക്കുന്ന വലിയ പട്ടണങ്ങളിൽ പോലും ഭീകരമായ ഒരന്തരീക്ഷമാണ് നില നിൽക്കുന്നത്, "ഭൂമി വിശാലമായതിനോടുകൂടി അവരുടെ മേൽ ഇടുക്കമായി' എന്ന ആഴം നിറഞ്ഞ ഖുർആനിക വചനം വരച്ചു കാട്ടുന്ന ചിത്രമാണ് ചിലയിടങ്ങളിൽ.

ഹിജ്രി ഏഴാം (ക്രി: 13-ാം) ശതകത്തിൽ തുർക്കി, ഇറാൻ, ഇറാഖ് എന്നീ മുസ്ലിം കേന്ദ്രങ്ങളിൽ താർത്താരികൾ അഴിച്ചുവിട്ട ആക്രമണങ്ങൾ മാത്രമാണ് ഇന്നത്തെ ഇന്ത്യൻ അവസ്ഥക്ക് പൂർവ്വ ചരിത്രത്തിലുള്ള ഏക ഉദാഹരണം. താർത്താരികൾ ഓരോ നാടുകളും തകർത്തു തരിപ്പണമാക്കി, മുസ്ലിം ലോകത്തെയാകമാനം പിടിച്ചു കുലുക്കി. എന്നാൽ, അത് അപരിഷ്കൃതരായ ഒരു സമൂഹത്തിന്റെ കാടൻ ആക്രമണമായിരുന്നു. പുതിയ ഒരു പ്രബോധന തത്വം, സംസ്കാരം, മതപരമായ വെറുപ്പ്, പക്ഷപാതിത്വം, സാംസ്കാരിക-വർഗ്ഗ നശീകരണത്തിനുള്ള (CULTURAL GENOCIDE) പദ്ധതി ഇതൊന്നും അവരിലില്ലായിരുന്നു. മറുഭാഗത്ത്, ആത്മാർത്ഥതയുടെയും ആത്മീയതയുടെയും വക്താക്കളായി നിരവധി ദീനീ പ്രബോധകർ അന്ന് ഭാഗ്യവശാൽ രംഗത്തുണ്ടായിരുന്നു. അവരുടെ നിഷ്കാമവും നിഷ്കളങ്കവുമായ പരിശ്രമ ഫലമായി ലക്ഷക്കണക്കിന് എണ്ണം വരുന്ന താർത്താരീ സമൂഹം മുഴുവൻ ഇസ്ലാം സ്വീകരിച്ചെന്ന് മാത്രമല്ല, ഇസ്ലാമിന്റെ സേവകരും പതാക വാഹകരുമായി മാറി. പ്രസിദ്ധ ചരിത്രകാരൻ പ്രൊഫ. ആർനൾഡ് എഴുതുന്നു: "പക്ഷെ, ഇസ്ലാം പഴയ ഗാംഭീര്യതയോടെ, പതനത്തിന്റെ ചാരക്കൂമ്പാരത്തിൽ നിന്നും പിടഞ്ഞെണീറ്റു. മുസ്ലിം പീഡനത്തിൽ യാതൊരു വീഴ്ചയും വരുത്താതിരുന്ന അപരിഷ്കൃതരായ മംഗോളികളെ മുഴുവൻ ഇസ്ലാമിക പ്രബോധകർ മുസ്ലിംകളാക്കി മാറ്റി." (THE PREACH TAG OF ISLAM P. 227, പരിഭാഷ: ഇസ്ലാം: പ്രബോധനവും പ്രചാരണവും)

എന്നാൽ, ഇന്ന് സ്ഥിതി അതല്ല. ഭൂരിപക്ഷത്തിൽ കടുത്ത വെറുപ്പും വിദ്വേഷവും പ്രതികാര ദാഹവും ഉണ്ടാക്കിത്തീർക്കുന്ന

നിലയിലാണ് ഇവിടുത്തെ ഗതകാല മുസ്‌ലിം ചരിത്രം പഠിപ്പിക്കപ്പെട്ട് കൊണ്ടിരിക്കുന്നത്. ഇതിനു പിന്നിൽ, വൈജ്ഞാനിക -രാഷ്ട്രീയപരമായ ഒരു ഗൂഢാലോചന നടന്നിട്ടുണ്ട് എന്നതിൽ സംശയമില്ല. മറുഭാഗത്ത് ഇന്നാട്ടിലെ രാഷ്ട്രീയ കക്ഷികളും, കാലിക പ്രശ്നങ്ങളിൽ മുസ്‌ലിംകൾക്ക് നേതൃത്വം നൽകുന്ന പ്രസ്ഥാനങ്ങളും പല ഘട്ടങ്ങളിലും പരിധിവിട്ട ആവേശം, പരിണിതഫലങ്ങളെ കുറിച്ച് ചിന്തിക്കാതിരിക്കുക, പേരും പെരുമയും മോഹിച്ചുകൊണ്ട് പ്രശ്നങ്ങളുണ്ടാക്കുക എന്നീ കുറ്റങ്ങൾ ചെയ്തിട്ടുണ്ട്. കൂടാതെ ഇവിടുത്ത പാഠ്യ പദ്ധതി, പത്ര മാധ്യമങ്ങൾ മുതലായവയിലൂടെ മുസ്‌ലിം തലമുറയെ ആദ്യമായി സാംസ്കാരികമായും, രണ്ടാമതായി വിശ്വാസപരമായും ഇസ്‌ലാമിൽ നിന്നും അകറ്റാനുള്ള ഒരു പദ്ധതിയും ഇവിടെ പടച്ചുണ്ടാക്കപ്പെട്ടിട്ടുണ്ട്. ഇസ്‌ലാമിക ആവേശവും ബോധവുമുള്ള മുസ്‌ലിംകളെ മാത്രമല്ല, ചുറ്റുവട്ടത്തുള്ള അവസ്ഥകൾ കാണുകയും കേൾക്കുകയും വായിക്കുകയും ചെയ്യുന്ന സാധാരണ മുസ്‌ലിംകളെപ്പോലും കടുത്ത ചിന്തയിലും പരിഭ്രമത്തിലും ആഴ്ത്തുന്ന കാര്യങ്ങളാണിവ.

പക്ഷെ, ഏകനായ അല്ലാഹുവിൽ വിശ്വസിക്കുന്നവരാണ് മുസ്‌ലിംകൾ. ലോകനിയന്ത്രണം അവന്റെ കരങ്ങളിലാണ്. സത്യദീനിനെ സംരക്ഷിക്കുന്നവനും സത്യത്തെ ഉയർത്തുന്നവനും മർദ്ദിതരെ സഹായിക്കുന്നവനും തകർന്നവരെ ഉയർത്തുന്നവനും അഹങ്കാരികളെ തകർത്തെറിയുന്നവനുമാണ് അല്ലാഹു. "അറിയുക, സർവ്വതും സൃഷ്ടിക്കുന്നതും നിയന്ത്രിക്കുന്നതും അല്ലാഹു തന്നെ.!' (അഅ്റാഫ്) എന്ന് പ്രഖ്യാപിച്ച് അല്ലാഹുവിനെ സംബന്ധിച്ചിടത്തോളം എത്ര വലിയ മാറ്റങ്ങളുണ്ടാക്കുവാനും ഒരു പ്രയാസവുമില്ല. ഏകനായ അല്ലാഹുവിനെ കുറിച്ചുള്ള മുസ്‌ലിംകളുടെ സാക്ഷ്യമിതാണ്: "പറയുക: അല്ലാഹുവേ, രാജാധിരാജനേ, നീ വിചാരിക്കുന്നവർക്ക് നീ അധികാരം നൽകുന്നു. നീ വിചാരിച്ചവരിൽ നിന്നും അധികാരം ഊരി മാറ്റുന്നു. നീ ഉദ്ദേശിച്ചവന് നീ അന്തസ്സ് പ്രദാനം ചെയ്യുന്നു. നീ ഉദ്ദേശിച്ചവനെ നീ നിന്ദ്യനാക്കുന്നു. എല്ലാവിധ നന്മകളും നിന്റെ കരങ്ങളിലാണ്. നിസ്സംശയം നീ സർവ്വ കാര്യങ്ങളുടെ മേലും കഴിവുള്ളവനാണ്. രാത്രിയെ പകലിലും പകലിനെ രാത്രിയിലും നീ പ്രവേശിപ്പിക്കുന്നു. നിർജ്ജീവിയിൽ നിന്നും ജീവിയെയും ജീവിയിൽ നിന്നും നിർജ്ജീവിയെയും നീയാണ്

പുറപ്പെടുവിപ്പിക്കുന്നത്. നീ വിചാരിക്കുന്നവർക്ക് കണക്കില്ലാതെ നീ വിഭവങ്ങൾ കനിഞ്ഞരുളുന്നു." (ആലു ഇംറാൻ 26,27)

പരാജിതരായ റോമക്കാർ ജയിക്കുമെന്നും വിജയികളായ പേർഷ്യക്കാർ പരാജയപ്പെടുമെന്നും ആരും പ്രവചിക്കാൻ ധൈര്യപ്പെടാത്ത ഒരു അന്തരീക്ഷത്തിൽ റോമക്കാർ ജയിക്കുമെന്നും അതിലൂടെ മുസ്ലിംകൾക്ക് സന്തോഷമുണ്ടാകുമെന്നും വളരെ വ്യക്തമായി ഖുർആൻ പ്രഖ്യാപിക്കുകയുണ്ടായി. (സൂറത്ത് റൂം 1-5) ഒൻപത് വർഷങ്ങൾക്കകം ഈ പ്രവചനം അതേപടി പുലർന്നു. പാശ്ചാത്യ ചരിത്രകാരന്മാർ പോലും അത്ഭുതത്തോടെ ഈ സംഭവം അനുസ്മരിച്ചിട്ടുണ്ട്. (EDWARD GIBBON: DECLINE & FALL OF THE ROMAN EMPIRE)

എന്നാൽ, അനുഭവങ്ങളുടെ രൂപത്തിൽ വന്നു തുടങ്ങിയ ഭയാശങ്കകൾ നിറഞ്ഞ അവസ്ഥകൾ മാറാൻ അല്ലാഹുവിന് ചില നിയമങ്ങളുണ്ട്. തിരുനബി (സ) യും അവിടുത്തെ ശിക്ഷണം സിദ്ധിച്ച സ്വഹാബിവര്യന്മാരും അത് പകർത്തി കാണിച്ചുതരികയുണ്ടായി. അതിൽപ്പെട്ട ഏതാനും പ്രധാന നിർദ്ദേശങ്ങളാണ് താഴെ കുറിക്കുന്നത്.

1. ലോക മുസ്ലിംകൾ മൊത്തത്തിലും ഇന്ത്യൻ മുസ്ലിംകൾ പ്രത്യേകിച്ചും ഇന്ന് ഏറ്റവും ആദ്യമായി ചെയ്യേണ്ട നിർബന്ധ ബാധ്യത, അല്ലാഹുവിലേക്ക് ഖേദിച്ച് മടങ്ങലാണ്. അല്ലാഹു കല്പിക്കുന്നു: "സത്യവിശ്വാസികളെ, ക്ഷമയും നമസ്കാരവും കൊണ്ട് നിങ്ങൾ സഹായം നേടിയെടുക്കുക. തീർച്ചയായും അല്ലാഹു ക്ഷമാശീലരോടൊപ്പമാണ്." (ബഖറ: 153)

ഒരിടത്ത് അല്ലാഹു ചോദിക്കുന്നു: 'ഗതി മുട്ടിയവൻ വിളിച്ച് പ്രാർത്ഥിക്കുമ്പോൾ അവന് ഉത്തരം നൽകുകയും അവന്റെ പ്രയാസം ദൂരീകരിക്കുകയും നിങ്ങളെ ഭൂമിയുടെ പ്രതിനിധികളാക്കുകയും ചെയ്യുന്നവൻ ആരാണ്.?" (നംല്: 62) വേറൊരിടത്ത് കൽപ്പിക്കുന്നു: "സത്യവിശ്വാസികളെ, അലാഹുവിങ്കലേക്ക് സത്യസന്ധമായി ഖേദിച്ച് മടങ്ങുക. അല്ലാഹു നിങ്ങളുടെ പാപങ്ങളെ ദൂരീകരിക്കുന്നതാണ്. (തഹ്‌രീം: 8)

ഹുദൈഫ വിവരിക്കുന്നു. റസൂലുല്ലാഹി (സ) ക്ക് എന്തെങ്കിലും പരിഭ്രമമുണ്ടായാൽ തങ്ങൾ (സ) നമസ്കാരത്തിലേക്ക് തിരിയുമായിരുന്നു. (അബൂദാവൂദ്) അബുദ്ദർദാഅ് പ്രസ്താവിക്കുന്നു: "കാറ്റ് ശക്തമായി അടിച്ചാൽ റസൂലുല്ലാഹി (സ) മസ്ജിദിൽ അഭയം

തേടുമായിരുന്നു. സൂര്യ-ചന്ദ്ര ഗ്രഹണങ്ങൾ വല്ലതുമുണ്ടായാൽ തങ്ങൾ (സ) നമസ്കാരത്തിലേക്ക് തിരിയുമായിരുന്നു. (ത്വബ്റാനി).

അതുകാണ്ട് ദുആകളിലും ഖുർആൻ പാരായണങ്ങളിലും ദിക്റുകളിലും നാം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഫീൽ, ഖുറൈശ് തുടങ്ങിയ സൂറത്തുകളും ലാഇലാഹ ഇല്ലാ അൻത സുബ്ഹാനക ഇന്നീ കുൻതു മിനള്ളാലിമീൻ എന്ന ദിക്റും അധികമായി പതിവാക്കേണ്ടതാണ്.

2. പാപങ്ങളിൽ നിന്നും പശ്ചാത്തപിക്കലും അകന്നു നിൽക്കലും കടമകൾ നിർവ്വഹിക്കലുമാണ് രണ്ടാമത്ത പ്രധാന ബാധ്യത. ഈ വിഷയത്തിൽ, മഹാനായ ഖലീഫ ഉമറുബ്നു അബ്ദിൽ അസീസ് (റ) യുടെ ഒരു കത്ത് ഉദ്ധരിക്കുകയാണ്. ഒരു സേനാനായകന് അദ്ദേഹം എഴുതി: “എല്ലാ അവസ്ഥയിലും തഖ്വ മുറുകെ പിടിക്കുക. തഖ്വ (അല്ലാഹുവിനെ കുറിച്ചുള്ള ഭയം) ഏറ്റവും നല്ല രക്ഷാമാർഗ്ഗമാണ്. ശത്രുക്കളെക്കാൾ കൂടുതലായി പാപങ്ങളെ ഭയപ്പെടുക. ശത്രുക്കളുടെ പദ്ധതികളെക്കാൾ അപകടകരമാണ് പാപം. നമ്മുടെ പാപങ്ങൾ കാരണം ശത്രുക്കൾ വിജയിക്കുന്നതാണ്. ഇനി അവരും നമ്മളും പാപത്തിൽ തുല്യരാണ് എങ്കിൽ എണ്ണത്തിലും വണ്ണത്തിലുമുള്ള അവരുടെ വർദ്ധനവ് നമ്മെ പരാജയപ്പെ ടുത്തുന്നതാണ്. പാപത്തെക്കാൾ കൂടുതലായി ഒരു ശത്രുവിനെയും കുറിച്ച് പേടിക്കുകയോ ചിന്തിക്കുകയോ ചെയ്യേണ്ടതില്ല” (സീറത്ത്)

3. അമുസ്ലിംകൾക്ക് ഇസ്ലാമിനെ പരിചയപ്പെടുത്താൻ പരിശ്രമിച്ചു കൊണ്ടിരിക്കുക. അതിന് ലഭിക്കുന്ന ഒരവസരവും പാഴാക്കരുത്. പ്രകൃതിപരവും ശാസ്ത്രീയവും ആകർഷകവും മനസ്സും മസ്തിഷ്കവും കീഴടക്കുന്ന ദർശനവുമായ ഇസ്ലാമും, അമാനുഷികത നിറഞ്ഞ ഖുർആനും, അന്ത്യപ്രവാചകനായ തിരുനബി ?യുടെ ഹൃദ്യമായ ജീവിതവും, സുഗ്രാഹ്യവും സരള സുന്ദരവുമായ അദ്ധ്യാപനങ്ങളുമാണ് നമ്മുടെ പക്കലുള്ളത്. തുറന്നതും സംശുദ്ധവുമായ മനസ്സോടെ അവ ശ്രദ്ധിച്ചാൽ, അവരിൽ മാറ്റമുണ്ടാകുമെന്നത് തീർച്ചയാണ്. അതുകൊണ്ട് തന്നെയാണ്, ലോകത്തുള്ള വലിയാരു വിഭാഗം അതിനെ മാറോടണച്ച് പിടിച്ചിരിക്കുന്നത്.

ഈ ബാധ്യത നിർവ്വഹിക്കുന്നതിൽ ഈ രാജ്യത്തുള്ള മുസ്ലിംകൾ വലിയ വീഴ്ച വരുത്തിയിട്ടുണ്ട് എന്നത് കയ്പേറിയ ഒരു

യാഥാർത്ഥ്യമാണ്. തൽഫലമായി, ഇസ്ലാമിന്റെ വലിയ വലിയ പ്രത്യേകതകളെപ്പോലും അവർ തെറ്റായി ധരിച്ചുവശായിട്ടുണ്ട്. പ്രതിദിനം അഞ്ചു നേരം ഗ്രാമ-പട്ടണങ്ങളിലെല്ലാം നിർവ്വഹിക്കപ്പെടുന്ന ബാങ്ക്, നമസ്കാരം മുതലായവയെ കുറിച്ച് ചിലവേള അത്ഭുതകരമായ ചോദ്യങ്ങൾ അവർ ചോദിക്കാറുണ്ട്. അതു കേട്ട് നാം ചിരിക്കുകയല്ല, കരയുകയാണ് വേണ്ടത്. നമുക്ക് സങ്കൽപ്പിക്കാൻ കഴിയാത്ത നിലയിൽ അവരിൽ പലരും അതിനെ തെറ്റിദ്ധരിച്ചിട്ടുണ്ട്. (തബ്ലീഗ് പ്രവത്തകരായ ചില സഹോദരങ്ങളോടൊപ്പം വിനീതൻ ഒരിക്കൽ ഹർദോയിയിൽ നിന്നും ലഖ്നൗവിലേക്ക് വരികയായിരുന്നു. ഇടയ്ക്ക് നമസ്കാര സമയമായപ്പോൾ ഞങ്ങൾ ട്രെയ്നിൽ തന്നെ ബാങ്ക് കൊടുത്ത് ജമാഅത്തായി നമസ്കരിച്ചു. നമസ്കാരാനന്തരം ഹൈന്ദവനായ ഒരു പട്ടാള ഓഫീസർ എന്നോട് ചോദിച്ചു: മൗലാനാ, അക്ബർ രാജാവിനോട് നിങ്ങൾക്ക് വലിയ വെറുപ്പാണെന്നാണ് എന്റെ അറിവ്. പിന്നെന്തിനാണ് നിങ്ങൾ ബാങ്കിലും നമസ്കാരത്തിലും ഇടയ്ക്കിടെ അക്ബർ രാജാവാണ് അല്ലാഹു എന്ന് ആവർത്തിച്ച് പറയുന്നത്?! സാധാരണ നടക്കാറുള്ള ഒരു സംഭവം മാത്രമാണിത്. അധികമായി യാത്ര ചെയ്യുകയും അമുസ്ലിംകളുമായി ഇടപഴകുകയും ചെയ്യുന്ന ദീനീ ബോധമുള്ളവർക്കെല്ലാം ഇത്തരം ധാരാളം അനുഭവങ്ങൾ ഉണ്ടാകാറുണ്ട്.

അതുകൊണ്ട്, ഈ വിഷയത്തിൽ നാം പരിശ്രമിക്കണം. ഇംഗ്ലീഷിലും ഇതര പ്രാദേശിക ഭാഷകളിലും രചിക്കപ്പെട്ട ആധികാരിക രചനകൾ ഈ വിഷയത്തിൽ വളരെ പ്രയോജനപ്രദമാണ്. (ഉദാഹരണത്തിന്, മൗലാനാ മുഹമ്മദ് മൻസൂർ നുഅ്മാനിയുടെ ഇസ്ലാം എന്നാൽ എന്ത്.? (മലയാളം), വിനീതന്റെ ഹിന്ദുസ്ഥാനീ മുസൽമാൻ, അല്ലാമാ സയ്യിദ് സുലൈമാൻ നദ്വിയുടെ റഹ്മത്തെ ആലം, റസൂലെ വഹ്ദത്ത്, ഖാദി സുലൈമാൻ മൻസൂർപൂരിയുടെ റഹ്മത്തുൻ ലിൽ ആലമീൻ, ഡോക്ടർ ഹമീദുല്ലാഹ് സാഹിബിന്റെ ഇസ്ലാം ഒരു പരിചയം (മലയാളം) മുതലായ പ്രയോജനപ്രദമായ രചനകൾ. ഈ വിഷയത്തിൽ, ലേഖകന്റെ വിവിധ രചനകളിൽ പരന്ന് കിടക്കുന്ന കാര്യങ്ങൾ ഒരു കൃതിയിൽ കോർത്തിണക്കിക്കൊണ്ട് "ഇസ്ലാം ഏക് പരിചയ്" എന്ന പേരിൽ ഹിന്ദിയിലും മറ്റും തയ്യാറാക്കി ഇറക്കാൻ എന്റെ സഹോദര പൗത്രൻ

പ്രിയപ്പെട്ട മൗലവി സയ്യിദ് അബ്ദുല്ലാഹ് ഹസനി പരിശ്രമിക്കുന്നുണ്ട്. അല്ലാഹു അദ്ദേഹത്തിന്റെയും ഇതര ദാഇകളുടെയും സേവനങ്ങൾ സ്വീകരിക്കുമാറാകട്ടെ.! ആമീൻ)

4.നൂറ്റാണ്ടുകളായി മുസ്ലിംകൾ ഇവിടെ താമസിക്കുന്നവരാണ്. ഇനിയും ഇവിടെ തന്നെയാണ് താമസം തുടരേണ്ടതും. അതുകൊണ്ട്, പരസ്പര സഹകരണം, മാനുഷിക ഐക്യം, മറ്റുള്ളവരുടെ ജീവനും സ്വത്തും സംരക്ഷിക്കുക, പരസ്പരം ആദരിക്കുകയും സ്നേഹിക്കുകയും ചെയ്യുക എന്നീ കാര്യങ്ങളെ കുറിച്ചുള്ള ഉദ്ബോധന-പ്രേരണകൾ ഇന്നാട്ടുകാർക്കിടയിൽ നന്നായി നടക്കേണ്ടതാണ്. ഇതിലൂടെ, അന്തരീക്ഷം സമസന്തുലിതവും സമാധാനപൂർണ്ണവുമായി നില കൊള്ളുന്നതാണ്. ഇതു കൂടാത, വ്യത്യസ്ത മത-തത്വ സംഹിതകളുടെ സംഗമഭൂമിയാകാൻ വിധിക്കപ്പെട്ടിരിക്കുന്ന ഇന്ത്യക്ക് പുരോഗതിയും സൽപേരും പോകട്ടെ, ശാന്തിയും സമാധാനവും പോലും അസാധ്യമാണ്. ഈ ലക്ഷ്യത്ത മുന്നിൽ കണ്ടുകൊണ്ട്, "മനുഷ്യത്വ സന്ദേശം" (പയാമെ ഇൻസാനിയത്ത്) എന്നാരു പ്രസ്ഥാനം ഞങ്ങൾ വർഷങ്ങൾക്കു മുമ്പുതന്നെ തുടങ്ങിയിട്ടുണ്ട്. ഇന്ത്യയിലെ വിവിധ പട്ടണങ്ങളിൽ നടത്തപ്പെട്ട അതിന്റെ സമ്മേളനങ്ങളിൽ ധാരാളം അമുസ്ലിം ചിന്തകരും മാന്യ വ്യക്തിത്വങ്ങളും പങ്കെടുത്ത് പ്രോത്സാഹിപ്പിച്ചിട്ടുണ്ട് എന്നത് ശുഭോദർക്കമാണ്. (ഈ വിഷയത്തിലുള്ള പ്രസിദ്ധീകരണങ്ങൾ വിവിധ ഭാഷകളിൽ ഇറങ്ങിയിട്ടുണ്ട്. ആവശ്യമുള്ളവർ നദ്‌വത്തുൽ ഉലമയിലുള്ള ഓഫീസുമായി ബന്ധപ്പെടുക.)

5. രഞ്ജിപ്പ്, ക്ഷമ, സഹനത, ആത്മ ത്യാഗം, അടിയുറപ്പ്, മനക്കരുത്ത്, ധീരത, അല്ലാഹുവിന്റെ പ്രതിഫലത്തെ കുറിച്ചുള്ള മോഹം, സത്യത്തിന്റെ വഴിയിൽ രക്തസാക്ഷിത്വം വരിക്കാനുള്ള താൽപര്യം. ഇന്ത്യൻ മുസ്ലിംകൾ ഉണ്ടാക്കിയെടുക്കേണ്ട ഏതാനും മഹൽ ഗുണങ്ങളാണിവ. അല്ലാഹുവിന്റെ വഴിയിൽ കടുകടുത്ത ത്യാഗങ്ങൾ സഹിക്കുകയും അതിലെല്ലാം ഇലാഹീ സാമീപ്യം ലക്ഷ്യമിടുകയും ചെയ്ത സ്വഹാബി വര്യൻമാരുടെയും ദീനീ ദാഇകളുടെയും ആധികാരിക സംഭവങ്ങൾ വായിക്കലും കേൾക്കലും ഈ ഗുണങ്ങൾ ഉണ്ടാക്കിയെടുക്കാനുള്ള പ്രധാന മാധ്യമമാണ്. പഴയ കാലത്ത് മുസ്ലിം ഭവനങ്ങളിൽ അല്ലാമാ വാഖിദിയുടെ

"ഫുതൂഹുശ്ശാം" പാരായണം ചെയ്യപ്പെട്ടിരുന്നു. അതിൽ വലിയ ഫലവും കാണപ്പെട്ടിരുന്നു. ശൈഖുൽ ഹദീസ് മൗലാനാ മുഹമ്മദ് സകരിയ്യ ? യുടെ "സ്വഹാബാക്കളുടെ ചരിത്രം" ലേഖകന്റെ "ഇദാ-ഹബ്ബത്ത് രീഹുൽ ഈമാൻ' (സയ്യിദ് അഹ്മദ് ശഹീദ് ? ന്റെ ദഅ്വത്ത്-ജിഹാദുകളുടെ അനുസ്മരണം) മുതലായവ ഈ വിഷയത്തിൽ പ്രയോജനപ്പെടുത്താവുന്നതാണ്. ഇവ മസ്ജിദുകളിലും സദസ്സുകളിലും വീടുകളിലും വായിക്കുന്ന പതിവുണ്ടാക്കേണ്ടതുണ്ട്.

6. അവസാനമായി കുറിക്കാനുള്ള ഏറ്റം പ്രധാനപ്പെട്ട കാര്യം ഇതാണ്: സ്വന്തം സന്താനങ്ങളെയും അടുത്ത തലമുറയെയും ഇസ്ലാമിക വിശ്വാസ-കർമ്മസ്വഭാവങ്ങൾ പഠിപ്പിക്കാനും പരിശീലിപ്പിക്കാനുമുള്ള ഉത്തരവാദിത്വം ഓരോ മാതാപിതാക്കളും ഏറ്റെടുക്കേണ്ടതാണ്. മക്കളുടെ ആഹാര-വസ്ത്രങ്ങളും ആരോഗ്യ കാര്യങ്ങളും ഏറ്റെടുക്കാറുള്ളതുപോലെ ഇത് ഒരു നിർബന്ധ കടമയായി കാണേണ്ടതാണ്. എന്നല്ല, ശാരീരിക ആവശ്യങ്ങളുടെ പൂർത്തീകരണത്തെക്കാൾ ആവശ്യകത ഇതിനുണ്ട്. ഇതിൽ അവഗണന കാട്ടുന്നത് വളരെ അപകടകരവും നിരന്തരമായ നാശഫലങ്ങൾ ഉളവാക്കുന്നതുമാണ്. അല്ലാഹു വളരെ സ്പഷ്ടമായി ഉണർത്തുന്നു: "സത്യവിശ്വാസികളെ, നിങ്ങളെയും കുടുംബത്തെയും നരകാഗ്നിയിൽ നിന്നും രക്ഷിക്കുക" (തഹ്രീം: 6) റസൂലുല്ലാഹി ? അരുളി: "നിങ്ങളുടെ കീഴിലുള്ളവരെ കുറിച്ച് നിങ്ങളോരോരുത്തരും ഉത്തരവാദികളാണ്." (ബുഖാരി) അതുകൊണ്ട് ഓരോ വീട്ടിലും മഹല്ലിലും മസ്ജിദിലും പുത്തൻ തലമുറയുടെ ദീനീ വിദ്യാഭ്യാസത്തിന് സജ്ജീകരണം ചെയ്യേണ്ടതാണ്. ബുദ്ധിയും ബോധവുമുള്ള എല്ലാ മുസ്ലിംകളും ഇതിനെ ഉത്തരവാദിത്വ ബോധത്തോടെ നിർവ്വഹിക്കേണ്ടതാണ്. ●

---


**സയ്യിദ് ഹസനി അക്കാദമി ഉപഹാരം**

## ശൈഖുൽ ഹദീസ് മൗലാനാ
## മുഹമ്മദ് സകരിയ്യ (റഹ്) ജീവ ചരിത്രം

**അല്ലാമാ സയ്യിദ് അബുൽ ഹസൻ അലി നദ്‌വി**

**വായിക്കുക,.... പ്രയോജനപ്പെടുത്തുക...**

# മആരിഫുൽ ഖുർആൻ

## ചില പ്രധാന ഉദ്ധരണികൾ

**സമ്പാ: അൽ ഹാഫിസ് സുഫ്യാൻ ഹുസ്നി**
**(സബ് എഡിറ്റർ  അൽ ഹസനാത്ത് )**

(അൽ ഹസനാത്ത് വെള്ളിയാഴ്ച്ച പതിപ്പ് പ്രസിദ്ധീകരണത്തിന്റെ ഒരു പ്രധാന ലക്ഷ്യം തന്നെ മആരിഫുൽ ഖുർആൻ പ്രചാരണമാണ്. ഉപഭൂഖണ്ഡത്തിൽ രചിക്കപ്പെട്ട വളരെ പ്രധാനപ്പെട്ട ഖുർആൻ വ്യാഖ്യാന ഗ്രന്ഥമാണ്  അല്ലാമാ മുഫ്തി മുഹമ്മദ് ശഫീഅ് ഉസ്മാനിയുടെ മആരിഫുൽ ഖുർആൻ. കേരളത്തിൽ നിരവധി ഖുർആൻ രചനകൾ പ്രസിദ്ധീകരിക്കപ്പെട്ടങ്കിലും ദൗർഭാഗ്യവശാൽ ഇത് പ്രസിദ്ധീകരിക്കപ്പെട്ടിരുന്നില്ല. ആദരണീയ നായകൻ മൗലാനാ സയ്യിദ് അർഷദ് മദനി ഇക്കാര്യം മുഹമ്മദ് മൂസാ മൗലാനാ മർഹൂമിനെ ഉണർത്തി. മൗലാനാ മർഹൂം പ്രിയപ്പെട്ട പിൻഗാമി ഉസ്താദ് അബ്ദുൽ കരീം അൽ ഖാസിമിയെ ഏൽപ്പിച്ചു. ഉസ്താദ് മർഹൂം വലിയ ത്യാഗത്തോടെ സൂറത്ത് യൂസുഫ് വരെ വിവർത്തനം ചെയ്തു. ഉസ്താദ് മർഹൂം വിയോഗത്തിന് മുമ്പ് സാധുക്കളായ ഞങ്ങളെ ചുമതലപ്പെടുത്തി. അങ്ങനെ അല്ലാഹുവിന്റെ തിരുനാമത്തിൽ വിവർത്തനമാരംഭിക്കുകയും എളുപ്പത്തിന് വേണ്ടി അൽഹസനാത്ത് വെള്ളിയാഴ്ച്ച പതിപ്പ് വഴി പ്രസിദ്ധീകരിച്ച് തുടങ്ങുകയും ചെയ്തു. മആരിഫുൽ ഖുർആൻ തഫ്സീർ പോലുള്ള ഒരു ഗ്രന്ഥം മലയാള ഭാഷയിൽ ഇറങ്ങിയിട്ടേ ഇല്ലെന്ന് ഉസ്താദ് കെ.കെ. അബ്ദുൽ കരീം സാഹിബ് പറയുകയുണ്ടായി. ഇൻശാ അല്ലാഹ് അതിന്റെ അടുത്ത ഭാഗം മആരിഫ് പബ്ലിക്കേഷൻ ഉടനെ പ്രസിദ്ധീകരിക്കുന്നതാണ്. എല്ലാവരും അത് പ്രചരിപ്പിക്കാൻ അഭ്യർത്ഥിക്കുന്നു. ഇവിടെ അതിന്റ പ്രധാനപ്പെട്ട ചില ഉദ്ധരണികൾ കൊടുക്കുന്നു.)

### ജീവിത വിഭവങ്ങളിലെ സന്തുലിതത്വം പടച്ചവന്റെ അപാരമായ തന്ത്രജ്ഞത

*ഭൂമിയെ നാം പരത്തി. അതിൽ പർവ്വതങ്ങളെ സ്ഥാപിച്ചു. ഭൂമിയിൽ എല്ലാ വസ്തുക്കളും ഒരു പ്രത്യേക അളവിൽ നാം മുളപ്പി ച്ചു. (സൂറത്തുൽ ഹിജ്ർ 19).*

അതായത് അല്ലാഹുവിന്റെ തന്ത്രജ്ഞതയുടെ അടിസ്ഥാനത്തിൽ  എല്ലാ ഉൽപ്പന്നങ്ങളെയും പടച്ചവൻ മുളപ്പിച്ചു. ഓരോ കാലങ്ങളിലും മുളക്കുന്നതിൽ കുറവുണ്ടായാലും

കൂടിപ്പോയാലും പ്രശ്നങ്ങളുണ്ടാകുന്നതാണ്. ഗോതമ്പും, അരിയും പോലുള്ള ആവശ്യ വസ്തുക്കളും വില കൂടിയ ഫല വർഗങ്ങളും മനുഷ്യർക്കും ഇതര ജന്തുക്കൾക്കും ആവശ്യമുള്ളതിനെക്കാൾ കൂടുതലുണ്ടായാൽ അത് ചീത്തതായി പോകുന്നതും കളയാൻ സ്ഥലമില്ലാതെ ബുദ്ധിമുട്ടേണ്ടി വരുന്നതുമാണ്.

അതെ, മനുഷ്യ ജീവിതത്തിന് അത്യാവശ്യമായ ധാന്യങ്ങളും ഫലവർഗങ്ങളും എല്ലാ സ്ഥലങ്ങളിലും സൗജന്യമായി ലഭിക്കുകയും അശ്രദ്ധമായി ഉപയോഗിച്ചിട്ടും മിച്ചം വരുന്നതിനിടയിലും അധികമായി ഉണ്ടാക്കാൻ അല്ലാഹുവിന് കഴിയിവുണ്ടായിരുന്നു. പക്ഷേ അത് മനുഷ്യന് വലിയൊരു ശിക്ഷയായി മാറുമെന്നതിനാൽ അവയുടെ വിലയും നിലയും അവശേഷിക്കുകയും പാഴാകാതിരിക്കുകയും ചെയ്യുന്ന നിലയിൽ ഒരു പ്രത്യേക അളവിൽ അല്ലാഹു ഇറക്കുകയുണ്ടായി.

മറ്റൊരാശയം ഇപ്രകാരമാണ്. എല്ലാ ഉൽപ്പന്നങ്ങളും പ്രത്യേകമായ യോജിപ്പിൽ അല്ലാഹു ഉൽപ്പാദിപ്പിച്ചിരിക്കുന്നു. അതിലൂടെ അതിൽ സൗന്ദര്യവും സൗരഭ്യവും ഉണ്ടായിത്തീർന്നു. ഓരോ വൃക്ഷങ്ങൾക്കും തണ്ടുകളും ശിഖരങ്ങളും ഇലകളും പുഷ്പങ്ങളും പഴങ്ങളും വ്യത്യസ്ത രൂപത്തിലും അളവിലും നിറത്തിലും മണത്തിലും രുചിയിലുമായി ഉണ്ടാക്കിയിരിക്കുന്നു. അവകളെല്ലാം മനുഷ്യന് പ്രയോജനപ്രദമാണെങ്കിലും അവയുടെ തത്വങ്ങൾ മുഴുവൻ ഗ്രഹിക്കാൻ മനുഷ്യന് കഴിവില്ല.

## സൃഷ്ടികൾക്കെല്ലാം ജലമെത്തിച്ച് കൊടുക്കുന്ന അത്ഭുതകരമായ ഇലാഹീ പദ്ധതി.

*ജലാംശം നിറഞ്ഞ കാറ്റുകളെ നാം അയയ്ക്കുന്നു. അങ്ങനെ ആകാശത്ത് നിന്നും നാം ജലം ഇറക്കുന്നു. തുടർന്ന് അതിനെ നിങ്ങൾക്ക് നാം കുടിപ്പി ക്കുന്നു. നിങ്ങൾ അതിനെ ശേഖരിച്ച് വെക്കുന്നവരല്ല. (സൂറത്തുൽ ഹിജ്ർ 22)*

ജലവുമായി ബന്ധപ്പെട്ട അല്ലാഹുവിന്റെ അപാരമായ കഴിവും തന്ത്രജ്ഞത നിറഞ്ഞ പദ്ധതിയുമാണ് ഈ ആയത്ത് സൂചിപ്പിക്കുന്നത് ഇത് വഴിയായി ഭൂമുഖത്ത് താമസിക്കുന്ന സർവ്വ മനുഷ്യർക്കും ജന്തുക്കൾക്കും പറവകൾക്കും മൃഗങ്ങൾക്കും ആവശ്യാനുസൃതം ജലം ലഭിക്കുന്ന ഉന്നത വ്യവസ്ഥിതി സ്ഥാപിക്കപ്പെട്ടിരിക്കുന്നു. അങ്ങനെ

എല്ലാവർക്കും സർവ്വ സ്ഥലങ്ങളിലും ഏതവസ്ഥയിലും കുടിക്കാനും കുളിക്കാനും കഴുകാനും കൃഷിളെയും വൃക്ഷങ്ങളെയും നനയ്ക്കാനും ആവശ്യമായ ജലം വിലയൊന്നും നൽകാതെ ലഭിക്കുന്നു. കിണർ കുഴിക്കാനും പൈപ്പുകൾ സ്ഥാപിക്കാനും മറ്റുമുള്ള ചിലവുകൾ സ്വന്തം സൗകര്യങ്ങൾക്കുള്ള ചിലവുകൾ മാത്രമാണ്. ജലത്തിന്റെ ഒരു തുള്ളിക്ക് പോലും ആരും വില നൽകാറില്ല. നൽകാൻ കഴിയുകയുമില്ല.

ഈ ആയത്തിലൂടെ അല്ലാഹു ആദ്യം അറിയിക്കുന്നു : അല്ലാഹുവിന്റെ അപാരമായ ശക്തി കൊണ്ട് സമുദ്ര ജലത്തെ ഭൂമിയിലെത്തിച്ച് തരുന്ന അത്ഭുതകരമായ പദ്ധതിയിലേക്ക് നോക്കൂ . സമുദ്രത്തിൽ നിന്നും നീരാവിയെ ഉണ്ടാക്കുന്നു. അതിൽ നിന്നും മഴയുടെ മൂലകം (മൺസൂൺ) ഉണ്ടാകുന്നു. ഇതിനിടയിൽ കാറ്റുകളെ വീശിക്കുന്നു. അത് മൺസൂണിനെ മേഘത്തിന്റെ രൂപത്തിലാക്കി ജലം നിറഞ്ഞ പർവ്വതം പോലെയാക്കുന്നു. തുടർന്ന് ജലം നിറഞ്ഞ ഈ മേഘ വിമാനങ്ങളെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ എത്തിക്കുകയും പടച്ചവന്റെ നിർദേശങ്ങൾക്ക് അനുസൃതമായി മഴ പെയ്യിപ്പിക്കുകയും ചെയ്യുന്നു. ഇപ്രകാരം സമുദ്രത്തിലെ ഉപ്പുവെള്ളം ശുദ്ധജലമായ നിലയിൽ ഭൂമിയുടെ വിവിധ ഭാഗങ്ങളിൽ താമസിക്കുന്ന മനുഷ്യർക്കും മൃഗങ്ങൾക്കും ഒരധ്വാനവുമില്ലാതെ ലഭിക്കുന്നു. അതിമഹത്തരമായ ഈ പദ്ധതികൾക്കിടയിൽ ജലത്തിന്റെ രുചിയിലും ഇതര അവസ്ഥകളിലും മാറ്റമുണ്ടാകുന്നത് മറ്റൊരു മഹാത്ഭുതമാണ്. കാരണം സമുദ്ര ജലത്തെ അല്ലാഹുവിന്റെ തന്ത്രജ്ഞത കൊണ്ട് അങ്ങേയറ്റത്തെ ഉപ്പു രസമാക്കിയിരിക്കുന്നു. അതിൽ നിന്നും ആയിരക്കണക്കിന് ടൺ ഉപ്പാണ് പുറത്തെടുത്ത് ഉപയോഗിക്കപ്പെട്ട് കൊണ്ടിരിക്കുന്നത്. അത് പോലെ സമുദ്രത്തിൽ കോടിക്കണക്കിന് ജീവികളുണ്ട്. അവകൾ അവിടെ തന്നെയാണ് മരിക്കുന്നത്. കൂടാതെ ഭൂമുഖത്തുള്ള മലിനജലം മുഴുവൻ സമുദ്രത്തിൽ വന്നാണ് പതിക്കുന്നത്. ഈ മലിന ജലം ഭൂമിയിൽ തന്നെ കിടന്നിരുന്നെങ്കിൽ ഭയങ്കര ദുർഗന്ധത്തോടൊപ്പം വലിയ രോഗങ്ങളും ഉണ്ടാകുമായിരുന്നു. എന്നാൽ ഈ മാലിന്യങ്ങൾ സമുദ്രത്തിലെത്തുമ്പോൾ ഭസ്മമായി പോകുന്നു. ചുരുക്കത്തിൽ ഈ തത്വങ്ങളുടെ അടിസ്ഥാനത്തിൽ സമുദ്ര ജലം ഉപ്പും കയ്പ്പുമുള്ളതാക്കി അത് കുടിക്കാനോ അത് കൊണ്ട് ദാഹം

ശമിപ്പിക്കാനോ സാധിക്കുന്നതല്ല. എന്നാൽ സർവ്വ ശക്തനായ അല്ലാഹു ഈ സമുദ്ര ജലത്തെ അടിസ്ഥാനമാക്കി കൊണ്ട് അതിനെ നീരാവിയായി ഉയർത്തി മേഘ കപ്പലുകളിൽ നിന്നും പെയ്യിപ്പിക്കുന്നതിന്റെ ഇടയിൽ ബാഹ്യമായ യാതൊരു ഉപകരണവും ഉണ്ടാക്കാതെ ഈ ഉപ്പു വെള്ളത്തെ സംശുദ്ധമായ ജീവജലമാക്കി. (മുർസലാത്ത് 27) (വാഖിഅ 68,69,70)

ചുരുക്കത്തിൽ മഴ അല്ലാഹുവിന്റെ ഒരു മഹാത്ഭുതമാണ്. അത് വഴിയായി സമുദ്രത്തിലെ ഉപ്പ് വെള്ളത്തെ ശുദ്ധജലമാക്കി മേഘങ്ങളിലൂടെ വളരെ സുന്ദരമായ നിലയിൽ ലോകത്ത് എത്തിച്ച് തന്നു. ഓരോ പ്രദേശത്തുമുള്ള മനുഷ്യർ മാത്രമല്ല. മനുഷ്യനറിയാത്ത ജീവികൾക്ക് പോലും സൗജന്യമായും നിർബന്ധിച്ചും വെള്ളമെത്തിച്ച് തന്നു. പക്ഷേ ഇത് കൊണ്ട് മനുഷ്യരുടെയും ജീവികളുടെയും പ്രശ്നം അവസാനിക്കുകയില്ലല്ലോ കാരണം മനുഷ്യന് എല്ലാ ദിവസവും മാത്രവുമല്ല സർവ്വ സമയങ്ങളിലും ആവശ്യമുള്ള ഒന്നാണ് ജലം. ഇത്തരുണത്തിൽ എല്ലാ സമയത്തും വെള്ളം എത്തിച്ച് കൊടുക്കാനുള്ള ഒരു രൂപം ലോകം മുഴുവൻ വർഷത്തിലെ പന്ത്രണ്ട് മാസങ്ങളിൽ എല്ലാ ദിവസവും മഴ പെയ്യിപ്പിക്കലാണ്. ഈ രൂപത്തിൽ ജലത്തിന്റെ പ്രശ്നം ഇല്ലാതാകുമെങ്കിലും വർഷം മുഴുവൻ മഴ പെയ്യുന്നത് കൊണ്ട് മനുഷ്യരുടെ ആരോഗ്യത്തിനും സാമ്പത്തിക കാര്യങ്ങൾക്കും വലിയ പ്രയാസങ്ങൾ ഉണ്ടാകുന്നതും ജോലികളെല്ലാം നിശ്ചലമാകുന്നതുമാണ്. മറ്റൊരു രൂപം, വർഷത്തിലെ പ്രത്യേക മാസങ്ങളിൽ മറ്റ് മാസങ്ങൾക്ക് കൂടി ആവശ്യമായ മഴ പെയ്യിപ്പിക്കുകയും ഒരോരുത്തരും ഒരു വർഷത്തേക്കാവശ്യമായ ജലം ശേഖരിച്ച് കൊള്ളുക എന്ന് പറയലുമാണ്. എന്നാൽ ഈ സന്ദർഭത്തിൽ ആറ് മാസത്തേക്കും മറ്റും ആവശ്യമായ വെള്ളം ശേഖരിക്കാൻ ഓരോരുത്തർക്കും ടാങ്കുകളും പാത്രങ്ങളും എവിടെ കിട്ടാനാണ്. അവ ലഭിച്ച് ശേഖരിച്ച് വെച്ചാൽ തന്നെ ഏതാനം ദിവസങ്ങൾ കഴിയുമ്പോൾ ഈ ജലം മുഴുവൻ നാശമായി പോകുന്നതും കുടിക്കാൻ പോലും കഴിയാത്ത അവസ്ഥയിലാകുന്നതുമാണ്. ഇത് കൊണ്ട് തന്നെ സർവ്വ ശക്തനായ പടച്ചവൻ ജലം അവശേഷിപ്പിക്കുന്നതിനും ആവശ്യാനുസൃതം ലഭിക്കുന്നതിനും അത്ഭുതകരമായ മറ്റൊരു സജ്ജീകരണം ചെയ്തു. അതായത് മഴ പെയ്യുമ്പോൾ അതിലെ കുറച്ച് ഭാഗം വൃക്ഷങ്ങളും

കൃഷിയിടങ്ങളും മനുഷ്യരും മൃഗങ്ങളും പ്രയോജനപ്പെടുത്തുന്നു. കുറേ ഭാഗം കുളങ്ങളിലും തടാകങ്ങളിലും സുരക്ഷിതമാകുന്നു. വലിയൊരു ഭാഗം ഐസ് കട്ടയുടെ രൂപത്തിൽ പൊടി പടലങ്ങളും അഴുക്കുകളും എത്താൻ സാധ്യതയില്ലാത്ത പർവ്വതങ്ങൾക്ക് മുകളിൽ നിക്ഷേപിക്കുന്നു. ഈ വെള്ളം ദ്രാവക രൂപത്തിൽ ആക്കപ്പെട്ടിരുന്നുവെങ്കിൽ പൊടി പടലങ്ങളും മറ്റ് വസ്തുക്കളും അതിൽ വന്ന് വീഴാനും പറവകളും മൃഗങ്ങളും അതിൽ വീണ് മരിക്കാനും സാധ്യതയുണ്ടായിരുന്നു. പക്ഷേ മഹാ കാരുണികനായ അതി മഹത്തായ ഈ ജല ശേഖരത്തെ ഐസ് പോലെ ഉറച്ച നിലയിൽ പർവ്വതങ്ങൾക്ക് മുകളിൽ കൊണ്ട് പോയി സ്ഥാപിച്ചു. അതിൽ നിന്നും അൽപ്പാൽപ്പം ജല കണങ്ങൾ ഒലിച്ചിറങ്ങി പർവ്വതങ്ങളിലെ ഞരമ്പുകളിൽ പ്രവേശിക്കുന്നതും പിന്നീട് ഉറവകളുടെ രൂപത്തിൽ പ്രവഹിച്ച് ജനങ്ങൾക്ക് ലഭിക്കുന്നതുമാണ്. ഇതിൽ നിന്നും ജലം ലഭിക്കാത്തവർക്ക് മനുഷ്യ ഞരമ്പുകൾ പോലെ ഭൂമിക്കുള്ളിലൂടെ വിവിധ ഭാഗങ്ങളിലേക്ക് നീങ്ങുകയും ജനങ്ങൾ കിണറുകൾ കുഴിച്ച് ജലമെടുക്കുകയും ചെയ്യുന്നു.

ആകെ ചുരുക്കത്തിൽ ജലസേചനത്തിന്റെ ഈ ഇലാഹീ സജ്ജീകരണം ആയിരക്കണക്കിന് അനുഗ്രഹങ്ങളെ ഉൾ കൊള്ളുന്നതാണ്. ഒന്നാമതായി, ജലത്തെ ഉണ്ടാക്കി. രണ്ടാമതായി, മേഘങ്ങൾ വഴി ലോകം മുഴുവനും എത്തിച്ചു. മൂന്നാമതായി, മനുഷ്യന് കുടിക്കാൻ യോജിച്ചതാക്കി. നാലാമതായി, കുടിക്കാൻ അവസരം നൽകി. അഞ്ചാമതായി, ആവശ്യാനുസൃതം സൂക്ഷിക്കുന്നതിന് ഉറച്ച സജ്ജീകരണം ചെയ്തു. ആറാമതായി, ശേഖരത്തിൽ നിന്നും കുടിക്കാൻ അവസരം നൽകി. കാരണം വെള്ളമുണ്ടായിരുന്നിട്ടും ചില അപകടങ്ങൾ കാരണം മനുഷ്യന് കുടിക്കാൻ കഴിയാതെ വരാറുണ്ട്. ഈ ആയത്തിലൂടെ അല്ലാഹുവിന്റെ സമുന്നതമായ ഈ അനുഗ്രഹങ്ങളെ അല്ലാഹു ഉണർത്തുകയാണ്. സമുന്നത സൃഷ്ടാവായ അല്ലാഹു ഐശ്വര്യ പൂർണ്ണൻ തന്നെ.

## ഖളിർ (അ) ജീവിച്ചിരിക്കുന്നോ മരണപ്പെട്ടോ? (സൂറത്തുൽ കഹ്ഫ്)

ഖളിർ (അ)ന്റെ ഈ സംഭവത്തിന് അദ്ദേഹം ഇതിന് ശേഷം മരണപ്പെട്ട് പോയോ ജീവിച്ചിരിക്കുന്നോ എന്നതുമായി യാതൊരു

ബന്ധവുമില്ല. അതുകൊണ്ട് പരിശുദ്ധ ഖുർആനും ഹദീസും ഈ വിഷയത്തിൽ വ്യക്തമായ കാര്യങ്ങളൊന്നും പറഞ്ഞിട്ടില്ല. എന്നാൽ ഖളിർ (അ) ഇന്നും ജീവിച്ചിരിക്കുന്നതായി ചില നിവേദനങ്ങളിൽ വന്നിട്ടുണ്ട്. മറ്റുചില നിവേദനങ്ങളിൽ അതിന് എതിരായും വന്നിരിക്കുന്നു. ഈ വിഷയത്തിൽ എല്ലാ കാലത്തും പണ്ഡിതന്മാർ ഭിന്നിച്ചിട്ടുണ്ട്. ജീവിച്ചിരിക്കുന്നു എന്ന് പറയുന്നവരുടെ അവലംബം അനസ് (റ) ന്റെ ഒരു നിവേദനമാണ്. അനസ് (റ) പറയുന്നു: റസൂലുല്ലാഹി (സ) യുടെ വിയോഗാനന്തരം താടി നരച്ച ഒരു വ്യക്തി കടന്നുവരികയും ജനങ്ങളെ കീറിമുറിച്ച് റസൂലുല്ലാഹി (സ) യുടെ അരികിൽ എത്തുകയും കരയുകയും ചെയ്തു. തുടർന്ന് സഹാബത്തിനെ സംബോധന ചെയ്തുകൊണ്ട് ഇപ്രകാരം പറഞ്ഞു: അല്ലാഹുവിങ്കൽ എല്ലാ നാശനഷ്ടങ്ങൾക്കും സമാശ്വാസവും പകരവുമുണ്ട്. അല്ലാഹു ഏറ്റവും നല്ല പകരക്കാരനാണ്. ആകയാൽ അല്ലാഹുവിലേക്ക് നിങ്ങൾ വിനയം കാണിച്ച് മടങ്ങുകയും ആഗ്രഹം പുലർത്തുകയും ചെയ്യുക. പ്രയാസത്തിലൂടെ അല്ലാഹു നിങ്ങളെ പരീക്ഷിക്കുകയാണ്. യഥാർത്ഥത്തിൽ നാശനഷ്ടം സംഭവിച്ചവൻ പരിഹാരമൊന്നും ലഭിക്കാത്തവനാണ്! ഇത്രയും പറഞ്ഞ ശേഷം അദ്ദേഹം യാത്രയായി. ഇതിനെക്കുറിച്ച് അബൂബക്ർ സിദ്ദീഖ് (റ), അലിയ്യുൽ മുർതളാ (റ) ഇരുവരും പറഞ്ഞു: ഇത് ഖളിർ (അ) ആണ്. (ഹിസ്ൻ ഹസ്വീൻ). ഒരു ഹദീസിൽ വന്നിരിക്കുന്നു: ദജ്ജാൽ മദീനാ മുനവ്വറയിലേക്ക് വരുന്നതാണ്. അതിനരികിലേക്ക് എത്തുമ്പോൾ മദീനയിൽ നിന്നും ഒരു വ്യക്തി അവരെ നേരിടാൻ പുറത്തേക്ക് വരുന്നതാണ്. അദ്ദേഹം അന്ന് ജീവിച്ചിരിക്കുന്നവരിൽ ഏറ്റവും ഉത്തമനായിരിക്കും. അബൂഇസ്ഹാഖ് (റ) പറയുന്നു: അദ്ദേഹം ഖളിർ (അ) ആയിരിക്കും. (ഖുർതുബി). ഇപ്രകാരം അല്ലാഹുവിന്റെ ഔലിയാക്കളിൽ നിന്നും ഖളിർ നബി (അ)യുമായി ബന്ധപ്പെട്ട ധാരാളം സംഭവങ്ങൾ ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്.

ഖളിർ (അ) ജീവിച്ചിരിക്കുന്നതായി അംഗീകരിക്കാത്തവരുടെ പ്രധാന അവലംബം ഈ ഹദീസാണ്: ഇബ്നു ഉമർ (റ) വിവരിക്കുന്നു: റസൂലുല്ലാഹി (സ)യുടെ അവസാന കാലത്ത് ഒരിക്കൽ ഇശാ നമസ്കാരത്തിന് ശേഷം ഇപ്രകാരം അരുളി: ഇന്നേക്ക് നൂറ് വർഷം ആകുമ്പോൾ ഇന്ന് ഈ ഭൂമിയിലുള്ള ആരും ജീവിച്ചിരിക്കുന്നതല്ല. ഈ ഹദീസ് ഉദ്ധരിച്ചുകൊണ്ട് ഇബ്നു ഉമർ (റ) പറഞ്ഞു: നൂറ്

വർഷമാകുമ്പോൾ ഈ നൂറ്റാണ്ട് അവസാനിക്കും എന്നാണ് ഇതിന്റെ ആശയം. ഇതുപോലുള്ള ഹദീസ് ജാബിർ (റ) ൽ നിന്നും ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ അല്ലാമാ ഖുർതുബി ഈ നിവേദനങ്ങൾ ഉദ്ധരിച്ച ശേഷം കുറിക്കുന്നു: ഖളിർ (അ) ജീവിച്ചിരിക്കുന്നില്ലാ എന്ന് പറയുന്നവർക്ക് ഈ ഹദീസിൽ യാതൊരു പ്രമാണവുമില്ല. കാരണം ഈ ഹദീസിൽ എല്ലാ മനുഷ്യരും എന്ന് പറഞ്ഞിട്ടുണ്ടെങ്കിലും അതിൽ മുഴുവൻ മനുഷ്യരും പെടുമെന്ന് സ്പഷ്ടമാക്കപ്പെട്ടിട്ടില്ല. കാരണം മനുഷ്യരിൽ പെട്ട ഈസാ നബി (അ) കൊല്ലപ്പെടാതെയും മരണപ്പെടാതെയും ഇന്നും ജീവിച്ചിരിക്കുന്നുണ്ട്. അതുകൊണ്ട് ഈ ഹദീസിലെ ഈ ഭൂമി എന്നതുകൊണ്ടുള്ള ഉദ്ദേശം അറേബ്യൻ ഭൂമിയാണ്. യഅ്ജൂജ് മഅ്ജൂജിന്റെ പ്രദേശവും അറബികൾ കേട്ടിട്ടില്ലാത്ത നാടുകളും ഇതിൽ പെടുന്നതല്ല. (ഖുർതുബി)

ഇപ്രകാരം ചിലർ ഖളിർ (അ) ന്റെ ജീവിതത്തെ റസൂലുല്ലാഹി (സ) യുടെ പ്രവാചകത്വ പരിസമാപ്തിയ്ക്ക് എതിരായി കാണുന്നുണ്ട്. ഇതിന്റെ മറുപടിയും വ്യക്തമാണ്. അതായത് ഈസാ നബി (അ)യുടെ ജീവിതം ഖത്മുന്നുബുവ്വത്തിന് എതിരാകാത്തത് പോലെ ഖളിർ (അ)ന്റെ ജീവിതവും ഖത്മുന്നുബുവ്വത്തിന് എതിരാകുന്നതല്ല. ചിലർ ഇപ്രകാരം മറ്റൊരു സംശയം ഉന്നയിക്കുന്നു: ഖളിർ (അ) റസൂലുല്ലാഹി (സ) യുടെ അനുഗ്രഹീത യുഗത്തിൽ ജീവിച്ചിരുന്നെങ്കിൽ റസൂലുല്ലാഹി (സ)യുടെ സമക്ഷത്തിൽ ഹാജരാവുകയും റസൂലുല്ലാഹി (സ)യെ പിൻപറ്റിക്കൊണ്ട് ഇസ് ലാമിക സേവനത്തിൽ മുഴുകുകയും ചെയ്യുമായിരുന്നു. കാരണം ഹദീസിൽ വന്നിരിക്കുന്നു: മൂസാ നബി (അ) ജീവിച്ചിരുന്നെങ്കിൽ എന്നെ തന്നെ പിൻപറ്റുമായിരുന്നു. (മുസന്നഫ് ഇബ്നു അബീ ശൈബ). കാരണം റസൂലുല്ലാഹി (സ) വന്നതോടെ മൂസവി ശരീഅത്ത് ദുർബലപ്പെടുത്തപ്പെട്ടു. ഇതിനെക്കുറിച്ച് നാം മനസ്സിലാക്കുക: ഖളിർ (അ)ന്റെ ജീവിതവും ഇതര പൊതു നബിമാരുടെ ദൗത്യവും വ്യത്യസ്തമാണ്. ഖളിർ (അ)നെ പടച്ചവൻ ഏൽപ്പിച്ചിരിക്കുന്നത് തക്‌വീനി (പ്രാപഞ്ചിക) സേവനങ്ങളാണ്. അതിനുവേണ്ടി അദ്ദേഹം സൃഷ്ടികളിൽ നിന്നും അകന്ന് പ്രവർത്തിച്ച് കൊണ്ടിരിക്കുകയാണ്. എന്നാൽ റസൂലുല്ലാഹി (സ) വന്നതിന് ശേഷം ഖളിർ (അ) റസൂലുല്ലാഹി (സ)യെ പിൻപറ്റിക്കൊണ്ട് പ്രവർത്തനം നടത്തും എന്നാണ് അനുമാനം. അല്ലാഹു അഅ്ലം.

അബൂഹയ്യാൻ (റ) നിരവധി മഹാന്മാരിൽ നിന്നും ഖളിർ (അ)നെ കണ്ടുമുട്ടിയ സംഭവങ്ങൾ ഉദ്ധരിച്ചിട്ടുണ്ട്. കൂട്ടത്തിൽ അദ്ദേഹം പറയുന്നു: പ്രബല അഭിപ്രായം ഖളിർ (അ) ഇഹലോകവാസം വെടിഞ്ഞു എന്നതാണ്. (അൽ ബഹ്റുൽ മുഹീത്ത്). ഖാസി സനാഉല്ലാഹ് പാനിപ്പത്തി (റ) കുറിക്കുന്നു: ശൈഖ് അഹ്മദ് സർഹിന്ദ് (റ) മുജദ്ദിദ് അൽഫ്ഥാനി (റ)യുടെ ഒരു അത്ഭുത സംഭവത്തിൽ എല്ലാ സംശയങ്ങൾക്കും മറുപടിയുണ്ട്. ശൈഖ് പറയുന്നു: ഞാൻ ഒരിക്കൽ കശ്ഫിന്റെ ആത്മീയ ലോകത്ത് വെച്ച് ഖളിർ (അ)നോട് ഇതിനെക്കുറിച്ച് ചോദിച്ചപ്പോൾ ഖളിർ (അ) പറഞ്ഞു: ഞാനും ഇൽയാസ് നബിയും ഇരുവരും ജീവിച്ചിരിപ്പില്ല. എന്നാൽ ജീവനുള്ള മനുഷ്യരുടെ രൂപം പ്രാപിച്ച് വ്യത്യസ്ത രീതിയിൽ ജനങ്ങൾക്ക് സേവനം ചെയ്യാൻ അല്ലാഹു ഞങ്ങൾക്ക് ശേഷി തന്നിട്ടുണ്ട്. (തഫ് സീർ മസ്ഹരി). അവസാനമായി ഒരിക്കൽ കൂടി പറയട്ടെ: ഖളിർ (അ)ന്റെ ജീവിതവും മരണവുമായി നമ്മുടെ വിശ്വാസപരമോ കാർമ്മികമോ ആയ ഒരു വിഷയവും ബന്ധപ്പെട്ടിട്ടില്ല. അതുകൊണ്ട് തന്നെ ഖുർആനിലും ഹദീസിലും ഇതിനെക്കുറിച്ച് സ്പഷ്ടമായ വാക്കുകളൊന്നും വന്നിട്ടുമില്ല. അതുകൊണ്ട് ഈ വിഷയത്തിൽ കൂടുതൽ ചർവിതചർവണങ്ങൾ ആവശ്യമില്ല. ഏതെങ്കിലും ഒരു ഭാഗത്ത് നിലയുറപ്പിക്കണമെന്നും നിർബന്ധമില്ല. പക്ഷേ, ഈ വിഷയങ്ങൾ പ്രചരിച്ചതിനാലാണ് മുകളിൽ കൊടുത്ത ഉദ്ധരണികൾ ഇവിടെ ചെറിയ നിലയിൽ വിവരിച്ചത്.


# അൽ ഹസനാത്ത്

## വെള്ളിയാഴ്ച പതിപ്പ്

**പ്രയോജനപ്രദമായ വിജ്ഞാനങ്ങളുടെ പ്രചരണം**

**വായിക്കുക... വരിക്കാരാകുക...**

**alhasanathmonthly.blogspot.com**
**PH: 9544828178**

# മുസ്‌ലിം ഉമ്മത്ത്:

## പ്രശ്നവും പരിഹാരമാർഗ്ഗവും.!

**മൗലാനാ മുഹമ്മദ് മൻസൂർ നുഅ്മാനി**

('വാക്കുകൾ ശ്രദ്ധിച്ചു കേൾക്കുകയും എന്നിട്ട് അതിൽ ഉൽകൃഷ്ടമായതിനെ പിന്തുടരുകയും ചെയ്യുന്നതാരോ അവർക്കാണ് അല്ലാഹു മാർഗ്ഗദർശനം നൽകുന്നത്. അവർ തന്നെയാണ് ബുദ്ധിജീവികൾ' (സുമർ: 18) 'പറയുക; സ്വന്തം ആത്മാക്കളോട് അതിക്രമം കാണിച്ച എൻറെ ദാസരേ, അല്ലാഹുവിൻറെ അനുഗ്രഹത്തെക്കുറിച്ച് ഇഛാഭംഗപ്പെടാതിരിപ്പിൻ. അല്ലാഹു മുഴുവൻ പാപങ്ങളും പൊറുക്കുക തന്നെ ചെയ്യും. അവൻ തന്നെയാണ് ഏറെ മാപ്പരുളുന്നവനും കരുണക്കടലും. (അതിന് നിങ്ങൾ ഒരു കാര്യം ചെയ്യേണ്ടതുണ്ട്) നിങ്ങൾക്ക് ശിക്ഷ വന്നെത്തുന്നതിനു മുൻപായി അല്ലാഹുവിങ്കലേക്ക് ഖേദിച്ച് മടങ്ങുകയും, അവന് കീഴ്വണങ്ങി ജീവിക്കുകയും ചെയ്യുവീൻ. (ആ ശിക്ഷ വന്നു കഴിഞ്ഞാൽ) പിന്നെ (ഖേദിച്ചതുകൊണ്ട്) നിങ്ങൾക്ക് സഹായം സിദ്ധിക്കുകയില്ല' (സുമർ: 3-54)

ഹിജ്റ 1407- ഈദുൽഫിത്വർ നമസ്കാരവേളയിൽ ലഖ്നൗ ദാറുൽ ഉലൂം നദ്വതുൽ ഉലമയിലെ പ്രവിശാലമായ മസ്ജിദിൽ വെച്ച് ബഹുമാന്യ മൗലാനാ നുഅ്മാനി അവർകൾ നടത്തിയ ഉദ്ബോധനം. കടുത്ത രോഗമായിരുന്നിട്ടും നടത്തിയ ഈ പ്രഭാഷണത്തിൽ മുസ്ലിം ഉമ്മത്ത് നേരിടുന്ന ദുഃഖ-ദുരിതമാർന്ന അവസ്ഥാ വിശേഷങ്ങളുടെ കാര്യകാരണങ്ങളും അതിൻറെ പരിഹാര മാർഗങ്ങളെയും കുറിച്ച് പരിശുദ്ധ ഖുർആനിൻറെ വെളിച്ചത്തിൽ സവിശദവും സ്പഷ്ടവുമായി വിവരിച്ചിട്ടുണ്ട്. ഹാഫിസ് അബ്ദുശ്ശ ക്കൂർ ഖാസിമി വിവർത്തനം ചെയ്ത് പ്രസിദ്ധീകരിച്ച ആദ്യ ലേഖനമാണിത്.)

ഹംദ്-സ്വലാത്തുകൾക്ക് ശേഷം:

സഹോദരൻമാരേ ! സ്നേഹിതരെ !

എനിക്കിപ്പോൾ നല്ല പനിയുണ്ട്. ഈ അവസ്ഥയിൽ തന്നെ നിങ്ങൾ ഏവരോടും ചില അത്യാവശ്യ കാര്യങ്ങൾ പറയുവാൻ ആഗ്രഹിക്കുകയാണ്. സാധിക്കുമായിരുന്നെങ്കിൽ നിങ്ങൾ ഓരോരുത്തരുടെയും വീടുകളിൽ വന്ന് വരെ പറയാൻ ബാധ്യതപ്പെട്ട കാര്യങ്ങളാണവ. പക്ഷെ, എന്നെ സംബന്ധിച്ചിടത്തോളം നടക്കാൻ

പോലും കഴിയാത്ത ഈ അവസ്ഥയിൽ അത് സാധ്യമല്ല. ആകയാൽ, ഇപ്പറയുന്ന കാര്യങ്ങൾ ഓരോരുത്തരോടും പ്രത്യേകം പറയുകയാണെന്ന നിലയിൽ നിങ്ങൾ ഓരോരുത്തരും ശ്രദ്ധിക്കണമെന്ന് ആദ്യമായി അപേക്ഷിക്കുകയാണ്. ദീനിൻറെ ശരിയും അവശ്യവുമായ കാര്യങ്ങൾ പറയുവാൻ എനിക്കും അതു സ്വീകരിക്കാൻ നിങ്ങൾക്കും അല്ലാഹു തൗഫീഖ് നൽകുമാറാകട്ടെ.!

ഏറ്റം ആദ്യമായി പറയാനുള്ളത് ഇതാണ് ; അല്ലാഹുവിൻറെ മഹത്തായ അനുഗ്രഹത്താൽ നാമേവരും മുസ്ലിംകളാണ്. ആ ഇസ്ലാമിക ബന്ധത്തിൻറെ അടിസ്ഥാനത്തിൽ തന്നെയാണ് നമസ്കാരത്തിനായി നാമിവിടെ ഒരുമിച്ചുകൂടിയിരിക്കുന്നത്.

ഇസ്ലാം എന്നത് സയ്യിദ്-ശൈഖ്-പഠാൻ എന്നിവയെപ്പോലെ ഏതെങ്കിലും കുടുംബ-ഗോത്രങ്ങളുടെ നാമമല്ല എന്നകാര്യം നമുക്കെല്ലാം നന്നായി അറിയാം. അതാത് കുടുംബത്തിൽ ജനിക്കുന്നവരെല്ലാം സയ്യിദും ശൈഖും പഠാണിയുമായി മാറുന്നു. ഇപ്രകാരം ഹൈന്ദവരിൽ ബ്രാഹ്മണ കുടുംബത്തിൽ ജനിക്കുന്ന കുട്ടികളെല്ലാം താനെ തനിയെ ബ്രാഹ്മണനായി മാറുന്നു. സയ്യിദോ ശൈഖോ പഠാണിയോ ബ്രാഹ്മണനോ ആകാൻ ആ കുഞ്ഞുങ്ങൾക്ക് ഒന്നും ചെയ്യേണ്ടതില്ല. എന്നാൽ ഇസ്ലാം എന്നത് മുസ്ലിം കുടുംബത്തിൽ ജനിച്ചവരെല്ലാം, അല്ലെങ്കിൽ മുസ്ലിം നാമധാരികളെല്ലാം, മുസ്ലിംകളാണെന്ന് പറയാൻ ഇത്തരം ഏതെങ്കിലും ഒരു കുടുംബത്തിൻറെയോ ഗോത്രത്തിൻറെയോ നാമമല്ല. പ്രത്യുത, ഒരു വ്യക്തിയുടെ വിശ്വാസ-കർമ്മങ്ങളെ സംബന്ധിച്ചിടത്തോളം സുപ്രധാനമായ ഒരു തീരുമാനത്തിൻറെയും ഉന്നതമായൊരു കരാറിൻറെയും നാമമാണ് ഇസ്ലാം.

വിശുദ്ധ കലിമ, 'ലാഇലാഹ ഇല്ലല്ലാഹു മുഹമ്മദുർ റസൂലുല്ലാഹ്' ഉച്ചരിക്കുകയും മനസാ-വാചാ അംഗീകരിക്കുകയും ചെയ്യുമ്പോഴാണ് ഒരു മനുഷ്യൻ മുസ്ലിമായിത്തീരുന്നത് എന്ന കാര്യം നമുക്കറിയാം. ഈ വിശുദ്ധകലിമ, ഏതെങ്കിലും മന്ത്രം പോലെ വെറും ചില വാക്കുകളല്ല. മറിച്ച്, അടിസ്ഥാനപരമായ രണ്ട് കാര്യങ്ങളുടെ സമ്മതവും പ്രഖ്യാപനവുമാണത്. കലിമയുടെ ഒന്നാം ഭാഗമായ ലാഇലാഹ ഇല്ലല്ലാഹു'വിലൂടെ പ്രകടമാകുന്ന വിശ്വാസമിതാണ്: എന്നെയും ആകാശ-ഭൂമികളെയും സർവ്വ ചരാചരങ്ങളെയും സൃഷ്ടിച്ച് സംരക്ഷിക്കുന്നവൻ അല്ലാഹു ഒരുവൻ മാത്രമാണ്. സർവ്വരുടെയും

മരണവും ജീവിതവും രോഗവും ആരോഗ്യവും എല്ലാമെല്ലാം അവൻറെ തീരുമാനപ്രകാരം മാത്രമാണ്. സർവ്വവും നടക്കുന്നത് അവൻറെ നിർദ്ദേശാനുസൃതമാണ്. അവനല്ലാത്ത ആരുടെയും കൈവശാധികാരത്തിൽ ഒന്നുമില്ല. ആവശ്യങ്ങൾ നിറവേറ്റുന്നതും പ്രയാസങ്ങൾ ദൂരീകരിക്കുന്നതും അവൻ ഒരുവനാണ്. ബഹുമാന്യ നബിമാരും അവനാൽ പടയ്ക്കപ്പെട്ടവരാണ്. മറ്റുള്ളവരെക്കാൾ അടിമത്വത്തിലും ആരാധനയിലും മുന്നേറിയ അവരുടെ സ്ഥാനങ്ങൾ ഉന്നതമാണ്. 'ലാ ഇലാഹ ഇല്ലല്ലാഹ്' തന്നെയാണ് അവരുടെ അദ്ധ്യാപന വിഷയം.

വിശുദ്ധ കലിമയുടെ രണ്ടാം ഭാഗമായ മുഹമ്മദുർ റസൂലുല്ലാഹി'യിലൂടെ പ്രഖ്യാപിതമാകുന്ന വിശ്വാസമിതാണ്: ബഹുമാനപ്പെട്ട മുഹമ്മദ് നബി (സ്വല്ലല്ലാഹു അലൈഹിവസല്ലം) അല്ലാഹുവിനാൽ നിയുക്തരായ സത്യദൂതരാണ്. അവിടുന്ന് ബോധനം ചെയ്തിട്ടുള്ള സൻമാർഗ്ഗ ദർശനങ്ങൾ അല്ലാഹുവിങ്കൽ നിന്നുള്ളവയാണ്. തിരുദൂതരെ അനുസരിക്കൽ അല്ലാഹുവിനെ അനുസരിക്കലും, തങ്ങളെ നിരാകരിക്കൽ അല്ലാഹുവിനെ നിരാകരിക്കലുമാണ്. തങ്ങളുടെ ശരീഅത്തിനെ അനുസരിക്കുന്നതിലും അനുകരിക്കുന്നതിലും മാത്രമാണ് ഇനി എന്നെന്നും വിജയം. ഭൗതിക ജീവിതത്തിലും വിജയം വരിക്കാനും ഉന്നതി പ്രാപിക്കാനും ഒരേ ഒരു പാതയേയുള്ളൂ. അത്, ജീവിതത്തിൻറെ അഖില മേഖലകളിലും നബി തിരുമേനി (സ്വല്ലല്ലാഹു അലൈഹിവസല്ലം) യുടെ പാതയെ അനുധാവനം ചെയ്യലാണ്.

സഹോദരൻമാരെ.! നാം നമ്മുടെ ഇന്നത്തെ അവസ്ഥാ വിശേഷങ്ങളെ കുറിച്ച് കൂടുതലായി വിശകലനം നടത്താറുണ്ട്. പക്ഷേ, അതിന് കാരണമാകുന്ന നമ്മുടെ കർമ്മങ്ങളെ കുറിച്ച് നാം ചിന്തിക്കാറില്ല. വരൂ, അൽപനേരത്തേക്ക് നമുക്ക് അതിനെക്കുറിച്ച് വിശകലനം ചെയ്യാം. ഏറ്റം ആദ്യമായി നമസ്കാരത്തെ കുറിച്ച് പറയാം. ദീനിൽ നമസ്കാരത്തിനുള്ള സ്ഥാനവും പ്രാധാന്യവും ഇങ്ങനെ മനസ്സിലാക്കുക: ശറഇയ്യായ തക്കകാരണം കൂടാതെ ഫർള് നമസ്കാരം നിർവ്വഹിക്കാത്തവൻ മുർതദ്ദും കാഫിറുമാണെന്നും ഈയടിസ്ഥാനത്തിൽ അയാൾ വധാർഹനാണെന്നുമാണ് ഉമ്മത്തിലെ സമുന്നത സമുദ്ധാരകനും നാല് ഇമാമുകളിൽ ഒരുവരുമായ ഇമാം അഹ്മദ് ബിൻ ഹംബൽ (റ) യുടെ നിഗമനം. മറ്റൊരു ഇമാമായ ഇമാം

ശാഫിഈ (റ) യുടെ അഭിപ്രായം, വിവാഹിതൻ വ്യഭിചരിക്കുകയോ ഒരാൾ മറ്റൊരാളെ മനഃപൂർവ്വം കൊലപ്പെടുത്തുകയോ ചെയ്താൽ കാഫിറാകില്ലെങ്കിലും വധശിക്ഷാർഹനാണെന്നതു പോലെ നമസ്കാരം മുടക്കുന്നവനും കാഫിറാകില്ലെങ്കിലും വധശിക്ഷാർഹനാണ്. ഇമാം അബൂഹനീഫ (റ) യുടെ അഭിപ്രായമാകട്ടെ, നമസ്കാരം ഉപേക്ഷിക്കുന്നവൻ തൗബ ചെയ്ത് നമസ്കാരം തുടങ്ങുന്നതുവരെ, അല്ലെങ്കിൽ മരണം വരെ കൽതുറുങ്കിൽ തള്ളപ്പെടണമെന്നാണ്.

സമുദായത്തിലെ സമുന്നത സ്ഥാനവാഹകരായ ഈ ഇമാമുകൾ നമസ്കാരത്തിൻറെ പ്രാധാന്യതയെകുറിച്ച് സ്ഥാപിച്ചിട്ടുള്ള ഈ അഭിപ്രായങ്ങൾ ഖുർആൻ-ഹദീസുകളുടെ നിരവധി രേഖകളുടെ പശ്ചാത്തലത്തിലാണെന്നതിൽ സംശയമില്ല. അല്ലാഹു, ഈ മഹാരഥർക്ക് സമുചിത പ്രതിഫലം നൽകുമാറാകട്ടെ.! വിശുദ്ധ കലിമയുടെ കാർമിക രൂപമാണ് നമസ്കാരം. അതായത്, കലിമതുത്ത്വയ്യിബയിലൂടെ ഒരു മനുഷ്യൻ തിരഞ്ഞെടുക്കുന്ന ഉന്നതമായ ജീവിതത്തിൻറെ പ്രകടനവും ബാഹ്യ രൂപവുമാണ് നമസ്കാരം.

ഇനി നാം നമ്മുടെ പരിസരത്തേക്ക് ഒന്ന് നോക്കുക; മുസ്ലിം നാമവും ധരിച്ചു നടക്കുന്ന സമൂഹത്തിൽ, നമസ്കാരത്തിൽ കൃത്യനിഷ്ഠയുള്ളവർ എത്രപേരാണ്.? കടകളും വീടുകളും മസ്ജിദിൻറെ സമീപത്തായിരുന്നിട്ടും നമസ്കാരത്തിന് മസ്ജിദിൽ വരാത്ത നൂറു കണക്കിന് മുസ്ലിംകളെ ഓരോ മഹല്ലിലും കാണാം.

ചിന്തിക്കുക; ഇവരെങ്ങനെയാണ് മുസ്ലിംകളാവുക.? ഇവർ തന്നെയാണോ അല്ലാഹുവിൻറെ സഹായത്തിന് അവകാശികളായ സമൂഹം.? ഇവരാണോ 'സമുത്തമസമുദായം' എന്ന് പറഞ്ഞ് അഭിമാനിക്കുന്നത്.?

നമസ്കാരത്തിന് ശേഷം ദീനിൽ പ്രധാന സ്ഥാനമർഹിക്കുന്നത് സകാത്തിനാണ്. കുഫ്റിൻറെ പാതയുപേക്ഷിച്ച് ഇസ്ലാമിൻറെ രക്ഷാസരണി സ്വീകരിക്കുകയും നമസ്കാരം നിലനിർത്തുകയും സകാത്ത് നൽകുകയും ചെയ്യുമ്പോഴാണ് കാഫിറും മുശ്രിക്കുമായിരുന്ന ഒരു വ്യക്തിയെ മുസ്ലിം സഹോദരനായി ഗണിക്കുകയുള്ളൂ എന്ന് പരിശുദ്ധ ഖുർആനിലെ പല സൂക്തങ്ങളും സൂചിപ്പിക്കുന്നുണ്ട്.

പുതുതായി ഇസ്ലാം ആശ്ലേഷിക്കുകയും ശരിയായ അദ്ധ്യാപന-സംസ്കരണങ്ങൾ സിദ്ധിക്കാതിരിക്കുകയും ചെയ്ത പല അറേബ്യൻ ഗോത്രങ്ങളും നബി തിരുമേനി (സ്വല്ലല്ലാഹു അലൈഹിവസല്ലം) യുടെ വിയോഗാനന്തരം സകാത്ത് നൽകാൻ വിസമ്മതിച്ചപ്പോൾ മഹാനായ അബൂബക്ര് സ്വിദ്ദീഖ് (റ) അവർക്കെതിരിൽ യുദ്ധം പ്രഖ്യാപിക്കുകയും സ്വഹാബി വരേണ്യരഖിലം അതിനെ പിന്തുണയ്ക്കുകയും ചെയ്ത സംഭവം പ്രസിദ്ധമാണല്ലോ.?

അല്ലാഹുവിനെ ഓർത്ത് ഒന്ന് ചിന്തിക്കുവീൻ, വർഷാവർഷം തങ്ങളുടെ ധന സമ്പാദ്യം കണക്കാക്കി സകാത്ത് നൽകുന്നവർ മുസ്ലിംകളിൽ ഇന്ന് എത്ര ശതമാനമുണ്ട്.? നമസ്കാരക്കാരുമായി തുലനം ചെയ്യുമ്പോൾ അവരെക്കാളും കുറവാണ് ഇക്കൂട്ടർ എന്നതാണ് എൻറെ അനുമാനം. സകാത്ത് നിർബന്ധമായിട്ട് വർഷങ്ങൾ കഴിഞ്ഞിട്ടും സകാത്ത് നൽകൽ തങ്ങളുടെ മേൽ നിർബന്ധമാണോ എന്ന് ചിന്തിച്ചിട്ടു പോലുമില്ലാത്ത ആയിരങ്ങളെ തന്നെ കാണാൻ കഴിയും.

ഇപ്രകാരം, അല്ലാഹു കർശനമായി നിരോധിച്ചിട്ടുള്ള പാപങ്ങളിൽനിന്നും സൂക്ഷിച്ചു കഴിയുന്ന മുസ്ലിംകളുടെ ശതമാനം എത്രയുണ്ട്.? വ്യഭിചാരം ഹറാമാണ്. ആരെയെങ്കിലും അക്രമിക്കൽ -ഇതിൽ മുസ്ലിം-അമുസ്ലിം വിവേചനമില്ല- ഹറാമാണ്. മദ്യപാനം ഹറാമാണ്. മറ്റനവധി പാപങ്ങളിലേക്ക് വഴുതി വീഴാൻ കാരണമാകുന്നതിനാലാണ് മുൻകാലങ്ങളിൽ മദ്യപാനത്തെ 'തിന്മകളുടെ മാതാവ്' എന്നു വിളിച്ചിരുന്നതെങ്കിൽ ആ അടിസ്ഥാനത്തിൽ പറയട്ടെ; നമ്മുടെ ഇക്കാലത്ത് സിനിമയും 'തിന്മകളുടെ മാതാവ്' ആണ്. ഇത്തരം പാപങ്ങളിൽ നിന്നും വിട്ടകന്നു കഴിയുന്ന എത്ര മുസ്ലിംകളാണുള്ളതെന്ന് ചിന്തിക്കുക. ഞാൻ കുഫ്റിൻറെ ഫത്വ നൽകുകയല്ല. പക്ഷെ, അല്ലാഹുവിൻറെ ഈ ഭവനത്തിൽ വെച്ച് നിങ്ങളേവരുടെയും മുമ്പാകെ അല്ലാഹുവിനെ സാക്ഷിനിർത്തിക്കൊണ്ട് പറയട്ടെ; ഇത്തരം ആളുകൾ ഖുർആനിക ഭാഷയിൽ മുഅ്മിനല്ല. അല്ലാഹുവിലും റസൂലിലും അഖിറത്തിലും വിശ്വസിക്കുകയും ഇസ്ലാമിക ജീവിതം നയിക്കുകയും ചെയ്യുന്നവരാണ് ഖുർആനിക ഭാഷ്യത്തിൽ മുഅ്മിനുകൾ. അവരിൽ നിന്നും തെറ്റുകളൊന്നുമുണ്ടാകുകയില്ല എന്നല്ല ഇതിൻറെ വിവക്ഷ.

പാപസുരക്ഷിതർ നബിമാരും മലക്കുകളും മാത്രമാണ്. മുഅ്മിനുകളിൽ നിന്നും ചിലപ്പോൾ പാപമുണ്ടായേക്കാം. എങ്കിലും പാപശേഷം താൻ അല്ലാഹുവിൻറെ കൽപനയ്ക്ക് വിരുദ്ധം ചെയ്തിരിക്കുകയാണെന്ന ബോധമുണ്ടാവുകയും അവനോട് മാപ്പപേക്ഷിക്കുകയും ചെയ്യുന്നവരാണവർ. അല്ലാഹുവിലും ആഖിറത്തിലും 'പൂർണ്ണവിശ്വാസമുണ്ടായിരിക്കുന്നതോടൊപ്പം ചിന്തയില്ലാതെ അശ്രദ്ധനായി നമസ്കാരം-നോമ്പ് മുതലായ ഫർളുകൾ ഉപേക്ഷിച്ചു കൊണ്ടിരിക്കലും പാപകർമങ്ങളിൽ മുഴുകിക്കഴിയലും ഒരു വ്യക്തിയ്ക്ക് സാധ്യമല്ല.

ഒരു നബിയിൽ വിശ്വസിച്ച സമുദായം, തങ്ങളുടെ നബി ദർശിച്ച പാതയിലൂടെ സഞ്ചരിക്കുമ്പോഴെല്ലാം ദുൻയാവിലും അല്ലാഹുവിൻറെ സഹായം അവർക്ക് സിദ്ധിക്കുന്നതാണ്. യഥാർത്ഥ പ്രതിഫലം ആഖിറത്തിൽ സ്വർഗ്ഗത്തിലാണെങ്കിലും.

ഇനി, ഇതിന് വിരുദ്ധമായി ഒരു നബിയിൽ വിശ്വസിച്ച സമൂഹം അനുസരണക്കേടിൻറെ പാത സ്വീകരിക്കുകയും അല്ലാഹുവിൻറെയും റസൂലിൻറെയും വിധി-വിലക്കുകൾക്ക് പകരമായി ശാരീരികേച്ഛകളനുസരിച്ച് ജീവിക്കുകയും ചെയ്താൽ അല്ലാഹു ദുൻയാവിൽവെച്ച് തന്നെ അവരിൽനിന്നും സഹായം പിൻവലിക്കുകയും കഠിന ഹൃദയരും നീചരുമായ അവിശ്വാസികളെയും അക്രമികളെയും അവരുടെ മേൽ അടിച്ചേൽപ്പിക്കുകയും ചെയ്യുന്നതാണ്. അല്ലാഹുവിൻറെ ഒരു നിയമവും നടപടിയുമാണിത്.

പരിശുദ്ധ ഖുർആൻ പാരായണം ചെയ്യുമ്പോൾ അതിൽ ബനൂഇസ്റാഈല്യരെ ആവർത്തിച്ചാവർത്തിച്ച് അനുസ്മരിച്ചിട്ടുള്ളതായി കാണാം. ചരിത്രമാലയോ കഥാസമാഹാരമോ അല്ല വിശുദ്ധ ഖുർആൻ. പ്രത്യുത, അല്ലാഹുവിങ്കൽനിന്നും അവതീർണ്ണമായ സത്യസരണിയുടെ വഴിവിളക്കാണത്. ഗുണപാഠമുൾക്കൊള്ളാൻ വേണ്ടിയാണ് ഗതകാല സമൂഹങ്ങളുടെ സംഭവങ്ങൾ അതിൽ വിരിച്ചിട്ടുള്ളത്.

ബനൂ ഇസ്റാഈല്യർ അന്ന് അവരുടെ കാലഘട്ടത്തിൽ ഏതാണ്ട് നാം മുസ്ലിംകളെപോലെതന്നെ മുസ്ലിംകളായിരുന്നു. എന്നല്ല, നമ്മെക്കാൾ ഉന്നതരുമായിരുന്നു. കാരണം, നബിമാരുടെ കുടുംബക്കാരായിരുന്നു അവരെല്ലാവരും. അല്ലാഹുവിൻറെ സദ്വൃത്തരായ അടിയാറുകൾ അവരിലുമുണ്ടായിരുന്നെങ്കിലും

സമൂഹത്തിൻറെ പൊതു ജീവിതമേഖല അനുസരണക്കേടിൻറെതായിരുന്നു. അവർ, അവരുടെ പ്രവാചകരുടെ ദീനിനെ നിരാകരിക്കുന്നവരായിരുന്നില്ല. പക്ഷെ, ജീവിതത്തിൽ അല്ലാഹുവിൻറെയും ദൂദരുടെയും അനുസരണത്തിനു പകരം ശരീരേഛകളെ അനുധാവനം ചെയ്യുന്നവരായിരുന്നു. പരിശുദ്ധ ഖുർആനിൽ തുടക്കത്തിൽതന്നെ അവരുടെ ആ അവസ്ഥ വിവരിച്ചിട്ടുണ്ട്. അതിൻറെ സാരം ഇപ്രകാരമാണ്; 'ഇസ്റാഈൽ സന്തതികളെ, നിങ്ങൾ അല്ലാഹുവിനെയല്ലാതെ ആരാധിക്കരുതെന്നും മാതാപിതാക്കൾക്കും അടുത്ത ബന്ധുക്കൾക്കും അനാഥ-അഗതികൾക്കും നന്മ ചെയ്യണമെന്നും പൊതുജനങ്ങളോട് സത്സ്വഭാവം കാട്ടണമെന്നും നമസ്കാരം നിലനിറുത്തുകയും സകാത്ത് കൊടുക്കുകയും ചെയ്യണമെന്നും നിങ്ങളോട് കരാർ വാങ്ങിയ സന്ദർഭം സ്മരിക്കുക. ഇസ്റാഈല്യരെ, നിങ്ങൾ പരസ്പരം രക്തം ചിന്തുകയില്ലെന്നും നിങ്ങളുടെ വീട്ടിൽനിന്നും ആരെയും പുറംതള്ളുകയില്ലെന്നും നിങ്ങൾ കരാർ ചെയ്തിരുന്നില്ലെ.? പക്ഷെ, നിങ്ങളിൽ ചിലരൊഴികെ ബഹുഭൂരിഭാഗവും ആ കരാർ പാലിക്കുകയുണ്ടായില്ല. മറിച്ച്, നിങ്ങൾ പരസ്പരം കൊല നടത്തുകയും സ്വന്തക്കാരെ വീട്ടിൽനിന്നും പുറത്താക്കുകയും അവരുടെ ശത്രുക്കളെ സഹായിക്കുകയും ചെയ്യുന്നു. വേദഗ്രന്ഥത്തിലെ വിധി-വിലക്കുകളിൽ ചിലതിൽ വിശ്വസിക്കുകയും ചിലതിൽ വിശ്വസിക്കാതിരിക്കുകയും ചെയ്യുന്നു എന്നതാണ് ഇത്തരുണത്തിൽ നിങ്ങളുടെ അവസ്ഥ. ആകയാൽ, നിങ്ങളിൽ ഇത്തരം ജീവിതം സ്വീകരിച്ചവർക്ക് ഇഹലോക ജീവിതത്തിൽ നിന്ദ്യത തന്നെയാണ്. ഖിയാമത്ത് നാളിലാകട്ടെ, കഠിന കഠോര ശിക്ഷയിലേക്ക് തള്ളപ്പെടുന്നതുമാണ്.' (അൽബഖറ: 83, 84, 85)

സ്നേഹം നിറഞ്ഞ സഹോദരൻമാരേ, അല്ലാഹുവിനെ ഓർത്ത് ഗഹനമായൊന്ന് ചിന്തിക്കുക; എന്താ, ഈ ആയത്തുകൾ നൂറ് ശതമാനം ഇന്ന് നാം മുസ്ലിംകളിൽ പുലരുന്നില്ലയോ.? ബനൂ ഇസ്റാഈല്യരെ കുറിച്ചുള്ള 'ശേഷം നിങ്ങളിൽ ചിലരൊഴികെ ഈ കരാർ പാലിച്ചില്ല', 'നിങ്ങൾ നമ്മുടെ വിശുദ്ധ വേദഗ്രന്ഥത്തിലെ ചില ഭാഗങ്ങൾ ഉൾക്കൊള്ളുകയും മറ്റ് ചിലത് തള്ളുകയും ചെയ്യുകയാണോ.?' എന്നീ പ്രസ്താവനകൾ നമുക്കും ബാധകമല്ലേ.? ദുൻയാവിൽ കടുത്ത നിന്ദ്യതയും നികൃഷ്ടതയും ആഖിറത്തിൽ കഠോര

ശിക്ഷയുമാണ് നിങ്ങളുടെ ഇത്തരം ജീവിതത്തിൻറെ ഫലം എന്ന പ്രഖ്യാപനം ഇത്തരുണത്തിൽ നമ്മോടും കൂടിയല്ലേ.?
ഭൂമുഖത്തുള്ള അത്യുന്നത സമൂഹമെന്ന് അല്ലാഹു വിശേഷിപ്പിക്കുകയും അല്ലാഹുവിൻറെ വിശിഷ്ട അനുഗ്രഹവും സഹായവും സിദ്ധിക്കുകയും ചെയ്തിരുന്ന ബനൂ ഇസ്റാഈൽ അശ്രദ്ധയുടെയും അവഗണനയുടെയും, ദീനുമായുള്ള ബന്ധവിഛേദനത്തിൻറെയും, ആഖിറത്തെകുറിച്ച് വിസ്മൃതിയുടെയും പാത തിരഞ്ഞെടുത്തപ്പോൾ കരുണയറ്റവരും കഠിന മാനസരുമായ കടുത്ത ശത്രുക്കളെ അവരുടെ മേൽ അല്ലാഹു അടിച്ചേൽപ്പിക്കുകയുണ്ടായി. ഇന്ന് ലോകസമൂഹങ്ങൾ നമ്മോട് കാട്ടിക്കൊണ്ടിരിക്കുന്ന കാര്യങ്ങൾ അന്ന് അവർ അവരോട് കാട്ടുകയുമുണ്ടായി. അതെ, വീടുവീടാന്തരം കയറിയിറങ്ങി കൂട്ടക്കൊല നടത്തുകയും നിർദ്ദയം ചോരയൊഴുക്കുകയും കൊള്ളയടിക്കുകയും മാനഭംഗപ്പെടുത്തുകയും ചെയ്തു. എന്തിനേറെ ആരാധനാ കേന്ദ്രങ്ങളിൽ കയറിച്ചെന്നുപോലും അവരെ മർദ്ദിക്കുകയും തൗറാത്തിൻറെ പ്രതികൾ ചുട്ടെരിച്ച് നാമാവശേഷമാക്കുകയുമുണ്ടായി.

എൻറെ മാന്യ സുഹൃത്തുക്കളെ, പെരുന്നാൾ സുദിനത്തിൽ ഇത്തരം കാര്യങ്ങളനുസ്മരിക്കുന്നതിൽ ബുദ്ധിമുട്ടുണ്ട്. പക്ഷെ, ഇവിടെ തടിച്ചുകൂടിയിരിക്കുന്ന നിങ്ങളോട് ഇതല്ലാതെ ഞാനെന്ത് പറയാനാണ്.? ഇതിനെക്കാൾ അവശ്യകരമായ മറ്റ് വല്ല കാര്യങ്ങളുമുണ്ടോ.?

ബനൂ ഇസ്റാഈല്യരോട് അവരുടെ കർമ്മങ്ങളുടെ തിന്മകൾനുസൃതമായി പല പാവശ്യം അല്ലാഹു അനുവർത്തിച്ച നയം ഇതായിരുന്നുവെങ്കിൽ നാം മുസ്ലിംകളോടും ഇതേനയം എന്തുകൊണ്ട് ഉണ്ടായിക്കൂടാ.? അല്ലാഹു നമ്മോട് ഒറ്റപ്പെട്ടതും വിശിഷ്യമായതുമായ എന്തെങ്കിലും നടപടിക്രമം സ്വീകരിക്കുമെന്നാണ് നാം പ്രതീക്ഷിക്കുന്നത്. നാം അല്ലാഹുവിൻറെ പ്രിയപെട്ടവരുടെ ഉമ്മത്തായതിനാൽ അല്ലാഹു നമ്മോട് നല്ല നയം മാത്രമേ സ്വീകരിക്കുകയുള്ളൂ എന്നാണ് നമ്മിൽ പലരും ധരിച്ചുവെച്ചിരിക്കുന്നത്. അല്ലാവിവിൽ സത്യം, ഇത് പൈശാചിക വഞ്ചനയാണ്.

ഇപ്പോൾ ചിലയിടങ്ങളിൽ നടന്ന സംഭവങ്ങൾ ഇതിന് ചൂടാറാത്ത ഉദാഹരണമാണ്. അത്യധികം വേദനയുളവാക്കുന്ന

വാർത്തകളാണ് അവിടെനിന്നും കിട്ടിക്കൊണ്ടിരിക്കുന്നത്. അല്ലാഹുവിങ്കൽ അഭയം.! അവിടുത്തെ അവസ്ഥകൾ കേട്ട് നമുക്കെത്ര വേദനയുണ്ടായാലും അത് കുറവാണ്. പകരം കാണാൻ കഴിയാത്തവിധം അക്രമങ്ങളാണ് അവിടെ നടന്നിട്ടുള്ളത് എന്നാൽ അല്ലാഹുവിൻറെ ഈ ഭവനത്തിലിരുന്ന് അവനെ സാക്ഷിയാക്കി ക്കൊണ്ട് തന്നെ പറയട്ടെ, ദുൻയാവിൻറെ ലഹരിയിൽ ആറാടി നാം നമ്മുടെ മേൽതന്നെ ചെയ്തു കൊണ്ടിരിക്കുന്ന അതിക്രമങ്ങളുടെ പരിണിതഫലങ്ങളാണ് ഈ അക്രമങ്ങളഖിലം.

നമ്മുടെ ഇന്നത്തെ അവസ്ഥയെന്താണ്.? പുണ്യ റമദാനിൽ പരസ്യമായി നോമ്പ് ഉപേക്ഷിക്കുന്നവരുടെ എണ്ണം നമുക്കിടയിൽ വേഗത്തിൽ അധികരിച്ചു കൊണ്ടിരിക്കുകയാണ്. റമദാൻ രാവുകൾ ഫിലിം നോക്കി രസിക്കുന്നതിൽ ചിലവഴിക്കുന്നു എന്നും കേൾക്കാൻ കഴിഞ്ഞു. പുണ്യറമദാനിലെ അവസാന ജുമുഅയെകുറിച്ച് ലഖ്നൗവിൽ നിന്നു തന്നെ കിട്ടിയ വാർത്തയിതാണ്. ജുമുഅ കഴിഞ്ഞ് നമസ്കാരക്കാർ കൂട്ടമായി പിരിഞ്ഞപ്പോൾ വഴിയിൽ സർബത്ത് വണ്ടികൾ നിറഞ്ഞിരുന്നു. ബിരിയാണിയും തയ്യാറാക്കപ്പെട്ടിരുന്നു. നിരവധിയാളുകൾ കൂട്ടംകൂട്ടമായി വഴിയിൽ നിന്നുകൊണ്ടു തന്നെ ബിരിയാണി തിന്നുകയും സർബത്ത് കുടിക്കുകയുമുണ്ടായി. ഈ വണ്ടിക്കാരും കടക്കാരും തിന്നവരും കുടിച്ചവരും ഇരുകുട്ടരും മുസ്ലിംകൾതന്നെ. ഇനിപറയുക; നമ്മുടെ ഈ പ്രവർത്തനങ്ങൾ അല്ലാഹുവിൻറെ കോപവും ശിക്ഷയും വിളിച്ചുവരുത്തുന്നതല്ലേ.?

പൂർണ്ണ വിവേകവും തന്ത്രജ്ഞതയും സൂഷ്മതയും മുറുകെ പിടിച്ചു നീങ്ങുകയും തങ്ങളുടെ വികാരങ്ങളെ അടക്കി നിർത്തുകയും അല്ലാഹുവിൻറെ കൽപനകളിലും ദീനീപാതയിലും ദൃഢ ചിത്തപാദരായി നിലയുറപ്പിക്കുകയും ചെയ്യൽ പ്രശ്നങ്ങൾ നിറഞ്ഞ ഇന്നത്തെ അവസ്ഥയിൽ എത്രമാത്രം ആവശ്യമാണെന്ന കാര്യം വിവരിക്കേണ്ടതില്ല. എൻറെ ജീവിതം കൂടുതലും കഴിഞ്ഞു കടന്നിട്ടുളത് പൊതു മുസ്ലിംകളോടൊപ്പമാണ്. അവസ്ഥകളെ നേരിടേണ്ടതെങ്ങനെയന്നതിനെ കുറിച്ച് പൊതു മുസ്ലിംകൾക്ക് യാതൊരു ബോധവുമില്ല എന്നത് ജീവിതത്തിലാദ്യന്തം മനസ്സിലാക്കാൻ കഴിഞ്ഞ ഒരു വസ്തുതയാണ്. അല്ലാഹുവിൻറെ വിധിയും ബുദ്ധിയുടെ തീരുമാനവും കേൾക്കാനും സത്യദീനിൻറെ സമുന്നത പ്രകൃതിയും രീതിയും മനസ്സിലാക്കാനും ഒരു നിലക്കും

സന്നദ്ധരാരാവില്ലെന്ന് പലരും തീരുമാനമെടുത്തതു പോലെയുണ്ട്. പരിശുദ്ധ ഖുർആനിൽ വഴിപിഴച്ച ചില സമൂഹങ്ങളെപ്പറ്റി പറഞ്ഞ അവസ്ഥയാണിത്; 'സത്യ സൻമാർഗ്ഗം കണ്ടാൽ അവരത് സ്വീകരിക്കുകയില്ല. ദുർമാർഗ്ഗം കണ്ടാൽ അവരത് സ്വീകരിക്കുകയും ചെയ്യും'.

സുഹൃത്തുക്കളെ, നാം മർദ്ദിതരല്ല എന്നല്ല പറയുന്നത്. തീർച്ചയായും നാം മർദ്ദിതർ തന്നെയാണ്. ഇത് നിഷേധിക്കുന്നവർ അവസ്ഥകളെ കുറിച്ച് വിവരമില്ലാത്തവരാണ്. നാം നമ്മുടെ മേൽ തന്നെ ചെയ്തു കൂട്ടുന്ന മർദ്ദനങ്ങളുടെ പരിണിത ഫലമാണ് ഈ മർദ്ദനങ്ങളഖിലം എന്നാണ് ഞാൻ പറഞ്ഞത്. നാം ഒരു തരത്തിലും അക്രമികളല്ലാതിരിക്കുകയും മർദ്ദിതർ മാത്രമാകുകയും ചെയ്തിരുന്നെങ്കിൽ നമുക്ക് അല്ലാഹുവിൻറെ സഹായം വന്നണയുകയും അക്രമികളെ അല്ലാഹു പിടികൂടുകയും ചെയ്യുമായിരുന്നു. അക്രമികളുടെ മേൽ അല്ലാഹുവിൻറെ ശിക്ഷയിറങ്ങിയാൽ അതിനെ തടുക്കാൻ ലോകത്തൊരു ശക്തിയ്ക്കും സാധ്യമല്ല.

നാം നമ്മുടെ മേൽ കാട്ടിക്കൂട്ടുന്ന അക്രമങ്ങളുടെ പട്ടികയും വളരെ വലുതാണ്. നമ്മുടെ വിവാഹ സദസ്സുകളിലേക്കും ഇതര ആഘോഷ മേഖലകളിലേക്കും അനാവശ്യ ചിലവുകളിലേക്കും അൽപം ശ്രദ്ധിക്കൂ. ജീവിതാവശ്യങ്ങൾ ലളിതമായി നടത്തുകയും അല്ലാഹു കനിഞ്ഞരുളിയ അനുഗ്രഹങ്ങളെ ജീവിതത്തിൻറെ പരമോന്നത ലക്ഷ്യങ്ങൾക്കും മാനുഷ സേവനത്തിനുമായി ഉപയോഗപ്പെടുത്തുകയും ചെയ്തുകൊണ്ട് ലോകത്ത് മാതൃകാമന്നരാകേണ്ട ഒരു സമൂഹത്തിൻറെതാണ് ഈ ആഘോഷ-സദസ്സുകളെന്ന് അവകൾ കണ്ട് ആർക്കെങ്കിലും അനുമാനിക്കുക സാധ്യമാണോ.? നാം നമ്മുടെ മേൽ കാട്ടിക്കൂട്ടിയിട്ടുള്ള അനവധി അതിക്രമങ്ങളിൽ ഒന്നാണ് ഇതും.

നാം നമ്മുടെ മേൽ ചെയ്തു കൂട്ടിക്കൊണ്ടിരിക്കുന്ന മറ്റൊരു അക്രമമാണ്, നാം നമ്മുടെ പരിസരവാസികളെ നമ്മുടെ എതിരാളിയും ശത്രുവുമായാണ് കണക്കാക്കുന്നത്. യഥാർത്ഥത്തിൽ, നാം അവരെ അല്ലാഹുവിൻറെ ദാസരായി കാണുകയും സ്നേഹം -തന്ത്രജ്ഞത-സത്സ്വഭാവം എന്നിവയിലൂടെ അവരെ അല്ലാഹു വിൻറെ അനുഗ്രഹത്തിലേക്കും സത്യ-സൻമാർഗ്ഗത്തിലേക്കും

സ്വർഗീയാരാമത്തിലേക്കും അടുപ്പിക്കുകയും അവരിൽ, നേരെയായതും സംശുദ്ധവുമായ പ്രകൃതിക്കാർ ഹിദായത്ത് പ്രാപിക്കാൻ വേണ്ടി അവരെ നമ്മുടെ പ്രബോധന-പരിശ്രമങ്ങളുടെ മൈതാനമാക്കുകയുമായിരുന്നു നാം ചെയ്യേണ്ടിയിരുന്നത്. അല്ലാഹുവിൻറെ അനുഗ്രഹ-സഹായങ്ങൾ ദീനിൻറെ ദഅ്വത്തിലായി ത്യാഗ-പരിശ്രമങ്ങൾ നടത്തുന്നവർക്കാണ് സിദ്ധിക്കുന്നത്.

സഹോദരരെ, അവർ നമ്മെ അവരുടെ ശത്രുക്കളായാണ് കാണുന്നതെന്നത് ശരി തന്നെ. എന്നാൽ, കാരുണ്യത്തിൻറെ തിരുദൂതർ മുഹമ്മദ് മുസ്ത്വഫാ (സ്വല്ലല്ലാഹു അലൈഹിവസല്ലം) യുടെ ആനുയായികളെന്ന നിലയ്ക്ക് നാമും അവരെ ശത്രുക്കളായിട്ടാണോ കാണേണ്ടത്.? നബിമാരെല്ലാം ഇതരരെ ശത്രുക്കളായിട്ടാണ് കണ്ടിരുന്നതെങ്കിൽ അവരുടെ കർത്തവ്യങ്ങൾ നിർവ്വഹിക്കാൻ കഴിയുമായിരുന്നോ.?

എൻറെ സുഹൃത്തുക്കളെ, ചുരുക്കത്തിൽ, അല്ലാഹുവിൻറെ യടുക്കൽ വളഞ്ഞ വഴിയില്ല. അല്ലാഹു അവൻ അക്രമിയല്ല. പ്രത്യുത, കരുണാവാരിധിയും സർവ്വജ്ഞാനിയും തന്ത്രജ്ഞനും നീതിമാനുമാണവൻ. ഈ അവസ്ഥകളഖിലം അവൻറെ തീരുമാന പ്രകാരവും നമ്മുടെ സ്വഭാവ-കർമ്മങ്ങളുടെയും നമ്മുടെ അവിവേകത്തിൻറെയും മഠയത്തരങ്ങളുടെയും പരിണിത ഫലമായിട്ടുമാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്.

ഏതാണ്ട് മൂന്നര നൂറ്റാണ്ടിന് മുമ്പ് മുഗൾ ഭരണകൂടത്തിൻറെ അസ്തമന ഘട്ടത്തിൽ നാദിർഷാ ഡൽഹി ആക്രമിക്കുകയും നശിപ്പിക്കുകയും അവിടുത്തുകാരായ നിരപരാധികളെ നിർദ്ദയം കൊന്നൊടുക്കുകയും ചെയ്തപ്പോൾ അന്നത്തെ ആത്മീയ നായകനായ മിർസാ മള്ഹർ ജാനേ ജാൻ (റ) യുടെ സന്നിധിയിൽ വന്നു കൂടിയ ജനങ്ങൾ ആരാഞ്ഞു; 'ഹള്റത്ത്, ഇതെന്താണിത്.? എന്തുകൊണ്ടാണിത്?'. മഹാനവർകൾ പ്രത്യുത്തരമായിപ്പറഞ്ഞത് രണ്ട് വാക്കുകളായിരുന്നു: 'നമ്മുടെ ദുഷ്പ്രവർത്തന ഫലങ്ങൾ നാദിർഷായുടെ രൂപത്തിൽ നമ്മെ പിടികൂടിയിരിക്കുകയാണ്'.

വെറും പാപി മാത്രമായ ഈ അശക്തന് മഹത്തായ മഅ്രിഫത്തിൻറെ മണം മണക്കാൻ പോലും കഴിഞ്ഞിട്ടില്ലെങ്കിലും പരിശുദ്ധ ഖുർആനിൻറെയും പുണ്യ ഹദീസുകളുടെയും വെളിച്ചത്തിൽ ഉറപ്പുണ്ട്; ഇന്ന് നാം മുസ്ലിംകളുടെ മേൽ

എവിടെയെല്ലാം എങ്ങിനെയെല്ലാം അക്രമ-മർദ്ദന-പീഢനങ്ങൾ നടക്കുന്നുണ്ടോ അവകളെല്ലാം നമ്മുടെ ദുഷ്പ്രവർത്തനങ്ങളുടെയും അനുസരണക്കേടിൻറെയും ഫലങ്ങൾ തന്നെയാണ്. ഈ യാഥാർത്ഥ്യത്തെ കുറിച്ചാണ് വിശുദ്ധ ഖുർആനിൽ ആവർത്തിച്ചാവർത്തിച്ച് 'നാം അവരെ അക്രമിക്കുന്നില്ല. അവർ അവരുടെ മേൽ തന്നെ അക്രമങ്ങൾ ചെയ്തു കൂട്ടുന്നു' എന്നും ഖുദ്സിയായ ഹദീസിൽ 'നാം നിങ്ങളുടെ മേൽ എണ്ണിക്കണക്കാക്കി തരുന്ന നിങ്ങളുടെ കർമ്മഫലങ്ങൾ തന്നെയാണിത്' എന്നുമുള്ള വാക്കുകളിലൂടെ വിവരിച്ചിരിക്കുന്നത്.

സ്നേഹമുള്ള സഹോദരങ്ങളെ, സുഹൃത്തുക്കളെ, നാം നമ്മുടെ ജീവിതത്തിൽ അല്ലാഹുവിൻറെയും റസൂലിൻറെയും വിധി-വിലക്കുകളനുസരിക്കാനുപയുക്തമായ പാത സ്വീകരിക്കുകയാണെങ്കിൽ അല്ലാഹു തആലായുടെ പ്രത്യേക കാരുണ്യവും സഹായവും നമുക്ക് സിദ്ധിക്കുകയും, മനസ്സുകളെ വളരെ നോവിക്കുവാനും കണ്ണിൽ കൂടി രക്തത്തുള്ളികളിറക്കുവാനും കാരണമാകത്തക്ക മർദ്ദന-യാതനകളിൽ നിന്നും നാം മോചിതരാകുകയും ചെയ്യുമെന്നത് അല്ലാഹുവിൻറെ വാഗ്ദാനമാണ്. 'നിങ്ങളെ അല്ലാഹു സഹായിച്ചാൽ നിങ്ങളെ ആർക്കും കീഴ്പെടുത്താൻ കഴിയുകയില്ല. അവൻ നിങ്ങളെ നിസ്സാര പ്പെടുത്തിയാൽ പിന്നെ ആർക്കാണ് നിങ്ങളെ സഹായിക്കുവാൻ കഴിയുക'. ഇലാഹിൻറെ അലംഘനീയ നിയമവും അവൻറെ സ്പഷ്ടമായ പ്രഖ്യാപനവുമാണിത്.

ഖേദകരമെന്ന് പറയട്ടെ, ഈമാനിക ഭാഗ്യം സിദ്ധിക്കാത്തവരും അല്ലാഹുവും റസൂലുമായി യാതൊരു ബന്ധവുമില്ലാത്തവരുമായ സമൂഹങ്ങളുടെ മാർഗ്ഗ രീതികളാണ് അല്ലാഹുവുമായി അടുപ്പവും ദീനുമായി ബന്ധവുമില്ലാത്ത ചില നേതാക്കൾ മുസ്ലിംകളുടെ പ്രശ്ന പരിഹാരത്തിന് തിരഞ്ഞെടുക്കുന്നത്. അന്ത്യനാൾവരേയ്ക്കും സത്യ-സൻമാർഗ്ഗ ദർശനമായ വിശുദ്ധ ഖുർആനിൽ നിന്നും മാർഗ്ഗദർശനം ഉൾക്കൊള്ളാനുള്ള ചിന്തപോലും അവർക്കില്ല. നമ്മുടെ ഏറ്റം വലിയ ഭാഗ്യദോഷവും അല്ലാഹുവിൻറെ സഹായത്തിൽ നിന്നും നമ്മെ കൂടുതൽ ദൂരത്താക്കുവാൻ കാരണവുമാണിത്. അല്ലാഹുവിനെ ഓർത്ത് ഈ മാർഗ്ഗ-രീതികൾ മാറ്റുക. ഇല്ലെങ്കിൽ നിന്ദ്യതയിൽ നിന്നും നിന്ദ്യതയിലേക്ക് താഴലായിരിക്കും പരിണതഫലം.!

എൻറെ സുഹൃത്തുക്കളെ, ദയവായി ശ്രദ്ധിക്കുക; നമ്മുടെ പ്രശ്ന പരിഹാരത്തിന് അല്ലാഹുവിങ്കലേക്ക് ഖേദിച്ചു മടങ്ങലല്ലാതെ മറ്റൊരു മാർഗ്ഗവുമില്ല. അല്ലാഹുവിൻറെ ഈ വീട്ടിൽ അവനെയും അവൻറെ മലക്കുകളെയും സാക്ഷി നിറുത്തിക്കൊണ്ട് നിങ്ങൾ ഏവരോടും വളരെ സ്പഷ്ടമായി ഒരു കാര്യം പറയൽ എൻറെ ബാധ്യതയായി കരുതുന്നു; ദീനുമായി ബന്ധമില്ലാതെയും, അല്ലാഹുവിൻറെയും റസൂലിൻറെയും അനുസരണയില്ലാതെയും, ഒരു പദ്ധതിയും പ്രകടനവും ബന്ദും നമ്മെ ഈ മർദ്ദന-യാതനകളിൽ നിന്നും മോചിപ്പിക്കുകയില്ല. ഈ പ്രശ്നങ്ങൾ പരിഹരിക്കാനും മർദ്ദനത്തിൽ നിന്നും മോചനം നേടാനും പദ്ധതികളൊന്നും ആവിഷ്കരിക്കേണ്ടതില്ല എന്നല്ല ഇപ്പറഞ്ഞതിൻറെ വിവക്ഷ. ശ്രദ്ധിക്കുക; അനുവദനീയമായ പദ്ധതികളെല്ലാം ഫർളാണ്, പക്ഷെ അല്ലാഹുവിൻറെ സഹായം സിദ്ധിച്ചാലേ അത് വിജയം പ്രാപിക്കുകയുള്ളൂ. അല്ലാഹുവിലേക്കു ഖേദിച്ചു മടങ്ങലും അല്ലാഹുവും റസൂലും പറഞ്ഞതനുസരിച്ചുള്ള ജീവിതവുമാണ് അവൻറെ സഹായം സിദ്ധിക്കുവാനുള്ള നിബന്ധന. എന്നല്ല, ഏറ്റം കൂടുതൽ വിജയം വരിക്കുന്ന പദ്ധതിയും ഇതു തന്നെയാണ്'. ഖുർആൻ-ഹദീസുകളുടെ വെളിച്ചത്തിലും സ്വാനുഭവങ്ങളുടെ അടിസ്ഥാനത്തിലും സത്യം ചെയ്തു കൊണ്ട് പറയട്ടെ; മുസ്ലിം നാമധാരികളായ സമൂഹത്തിൻറെ ജീവിതം പൊതുവിൽ അല്ലാഹുവിനും റസൂലിനും അനുസരണമായതും ദീനീ ദഅ്വത്തുടയതുമായതായിത്തീരുകയാണെങ്കിൽ ഇന്നത്തെ അവരുടെ ശത്രുക്കൾ അവരെ തലയ്ക്കു മീതെ കയറ്റി വെയ്ക്കുകയും തങ്ങളുടെ ആവശ്യങ്ങൾക്ക് ദുആ ഇരപ്പിക്കാനായി അവരുടെ അടുക്കൽ വന്നെത്തുകയും ചെയ്യുന്നതാണ്. നാം നമ്മെ ലോകസമക്ഷം ദഅ്വത്തിൻറെയും ഹിദായത്തിൻറെയും ഉമ്മത്തായി അവതരിപ്പിക്കുന്നതിനു പകരം നാം നമ്മെ ലോക സമൂഹങ്ങളോട് ശത്രുത പുലർത്തുന്ന ഒരു സമൂഹമായാണ് അവതരിപ്പിക്കുന്നത്. നാം നമ്മുടെ മേൽ ചെയ്യുന്ന മഹാപാതകമാണിത്. നാം ഇന്ന് അനുഭവിക്കുന്നതെല്ലാം ഈ മഹാപാപത്തിൻറെ ശിക്ഷയാണ്.

ഇത്തരുണത്തിൽ, ഒരു കാര്യം വ്യക്തമായിപ്പറയലും എൻറെ കടമയായി മനസ്സിലാക്കുന്നു; അന്ന് അത്തരം പട്ടണത്തിൽ ഹിന്ദുക്കൾ മുസ്ലിംകളെ അക്രമിച്ചപ്പോൾ മുസ്ലിംകൾ വേറൊരു പട്ടണത്തിൽ

ഹിന്ദുക്കൾക്ക് തിരിച്ചടി നൽകിയതായി ചിലപ്പോഴൊക്കെ കേൾക്കാനിടയാകുന്നുണ്ട്. ശ്രദ്ധിച്ചു കേൾക്കുക, അല്ലാഹുവിൻറെയും റസൂലിൻറെയും സത്യമതമായ ദീനുൽ ഇസ്ലാമിൽ ഇത് ഖണ്ഡിതമായും നിഷിദ്ധമാണ്. നിരപരാധികളോട് പ്രതികാരം പ്രവർത്തിക്കലും അവരെ ഉപദ്രവിക്കലും പരലോകത്ത് മാപ്പില്ലാത്ത പാപമാണ്. വിശുദ്ധ ഖുർആനിൻറെ അടിസ്ഥാനപരമായ അദ്ധ്യാപനങ്ങളിലൊന്നാണിത്. ഇസ്ലാമിൻറെ പേരിൽ ഇത് കാട്ടിക്കൂട്ടുന്നവർ നിരപരാധികളായ ആ അമുസ്ലിംകളെ കൂടാതെ ഇസ്ലാമിനോടും അക്രമം കാട്ടുകയും അല്ലാഹുവിൻറെ താപ-കോപത്തെ വിളിച്ചു വരുത്തുകയുമാണ് ചെയ്യുന്നത്.

അല്ലാഹുവേ, നീ സാക്ഷിയാവുക. പാപിയായ ഈ അടിമ നിലവിലുള്ള അവസ്ഥയിൽ പറയാൻ കടപ്പെട്ടതായി മനസ്സിലാക്കിയ കാര്യങ്ങൾ നിൻറെ തൗഫീഖ് ഒന്നു കൊണ്ട് മാത്രം പറഞ്ഞു കഴിഞ്ഞു. ഈ സഹോദരൻമാർ കേൾക്കുകയും ചെയ്തു. ഇതിനെ അവരുടെ മനസ്സുകളിലേക്കിറക്കലും അവർക്കും എനിക്കും അതനുസരിച്ചു പ്രവർത്തിക്കാൻ തൗഫീഖ് നൽകലും നിൻറെ കഴിവിൽപ്പെട്ടതാണ്. അല്ലാഹുവേ, ഞങ്ങളെല്ലാവർക്കും ഇതനുസരിച്ചു പ്രവർത്തിക്കാൻ തൗഫീഖ് നൽകണമേ.! എൻറെ ഈ വാക്കുകളെ നീ സ്വീകരിക്കണമേ.!

സഹോദരൻമാരെ, ഞാനെൻറെ വാക്കുകളവസാനിപ്പിക്കുകയാണ്. ഇനി, നമുക്കെല്ലാം ഒരുമിച്ച് അല്ലാഹുവിങ്കലേക്ക് മനസ് മടക്കുകയും ഈമാനിക കരാർ പുതുക്കുകയും നമസ്കാരം-നോമ്പ്-സകാത്ത് മുതലായ ഫർളുകളും സൃഷ്ടികളോടുള്ള ബാദ്ധ്യതകളും സൂക്ഷ്മതയോടെ നിറവേറ്റാൻ തീരുമാനമെടുക്കുകയും പാപങ്ങളിൽ നിന്നും തൗബ ചെയ്യുകയും ദുൻയാവിലെയും ആഖിറത്തിലെയും സർവ്വ വിധ നന്മകൾ സിദ്ധിക്കാനും നാശങ്ങൾ മാറാനും അല്ലാഹുവിനോട് ദുആ ഇരക്കുകയും ചെയ്യാം.

---

**സയ്യിദ് ഹസനി അക്കാദമി ഉപഹാരം**

## മുനാജാത്തെ മഖ്ബൂൽ

## സ്വീകാര്യമായ പ്രാർത്ഥനകൾ

**പഠിക്കുക,പകർത്തുക,പ്രചരിപ്പിക്കുക**



# ഇസ്‌ലാമിലെ സാമൂഹിക മര്യാദകൾ

മൗലാനാ സയ്യിദ് അബ്ദുല്ലാഹ് ഹസനി നദ്‌വി
(സ്ഥാപകൻ ദാറുൽ ഉലൂം ഓച്ചിറ)

ഒരു കവി പറയുന്നു: മര്യാദയുള്ളവൻ സൗഭാഗ്യവാനാണ്. മര്യാദകെട്ടവൻ ഭാഗ്യഹീനനാണ്! മര്യാദകളിലൂടെ മനുഷ്യൻറെ പുരോഗതിയുടെ മാർഗ്ഗങ്ങൾ തുറക്കപ്പെടുകയും ഔന്നിത്യം ആരംഭിക്കുകയും പ്രശ്നങ്ങൾ പരിഹരിക്കപ്പെടുകയും ലക്ഷ്യസ്ഥാനത്ത് എത്തിച്ചേരുന്നതുമാണ്. മര്യാദ ഒരു അത്ഭുത ഗുണമാണ്. ഇതുള്ളവർക്ക് ഒരിക്കലും യാതൊരു തടസ്സവും ഉണ്ടാകുന്നതല്ല. ഇതില്ലാത്തവർക്ക് ധാരാളം പ്രശ്നങ്ങൾ ഉണ്ടാകുന്നതും അവർ മറ്റുള്ളവരെ പ്രശ്നങ്ങളിൽ കുടുക്കുന്നതുമാണ്.

മര്യാദ വാഹനത്തിൻറെ ഘടകങ്ങളെപ്പോലെയാണ്. വാഹനത്തിൻറെ ഒരു ഘടകവും നിസ്സാരമല്ല. ഏതെങ്കിലും ഒന്ന് ഇല്ലാതായാൽ വാഹനം നിന്നുപോകുന്നതാണ്. നഷ്ടപ്പെട്ടത് സ്ഥാപിക്കപ്പെട്ടാൽ വാഹനം യാത്ര തുടരുന്നതുമാണ്. ഇതുപോലെ ഏതെങ്കിലും മര്യാദ ഇല്ലാതായൽ ചിലപ്പോൾ കാര്യങ്ങൾ മുഴുവൻ കുഴഞ്ഞ് മറിയുന്നതാണ്. ചെറിയൊരു കാര്യം ശ്രദ്ധിക്കുക യാണെങ്കിൽ കാര്യങ്ങളെല്ലാം ശരിയാകുന്നതുമാണ്. ആകയാൽ മര്യാദകൾ പഠിക്കാനും പകർത്താനും ശ്രദ്ധിക്കുക.

മര്യാദകളിലെ ചിലത് പടച്ചവനോടാണ്. മറ്റുചിലത് പ്രവാചകനോടാണ്. ഖുർആൻ, സഹാബത്ത്, ഔലിയാഅ്, പൊതുജനങ്ങൾ, ഉപയോഗ വസ്തുക്കൾ ഇവയോടെല്ലാം മര്യാദകളുണ്ട്. ജീവിത മാർഗ്ഗങ്ങൾ ശരിയാകുന്നതിന് ഇവകളെല്ലാം പാലിക്കേണ്ടതാണ്. ഉദാഹരണത്തിന് അല്ലാഹുവിനോട് മര്യാദ പുലർത്തിയാൽ തൗഹീദിൻറെ പ്രകാശം ലഭിക്കുന്നതും അല്ലാഹുവിനെക്കുറിച്ചുള്ള അറിവിൻറെ കവാടങ്ങൾ തുറക്കുന്നതും

അല്ലാഹുവുമായി അടുപ്പുണ്ടാകുന്നതും അല്ലാഹു സകല ആഗ്രഹങ്ങളും സഫലമാക്കുന്നതുമാണ്. എന്നാൽ മര്യാദകൾ പാലിക്കേണ്ടതുപോലെ പാലിക്കാനും ശ്രദ്ധിക്കേണ്ടതാണ്. പലരും ഈ കാര്യം ശ്രദ്ധിക്കാതെ പ്രയാസ പ്രശ്നങ്ങളിൽ അകപ്പെട്ട് കഴിയുകയാണ്. പക്ഷേ, പടച്ചവൻറെ ഉത്തമ ദാസന്മാർ പടച്ചവനോടുള്ള കടമകൾ പാലിക്കേണ്ടതുപോലെ പാലിക്കുകയും പടച്ചവൻറെ ആത്മ മിത്രമായി മാറുകയും ചെയ്യുന്നു. ചുരുക്കത്തിൽ സൗഭാഗ്യം പ്രാപിക്കുന്നതിന് ഓരോരുത്തരോടുമുള്ള മര്യാദകൾ പാലിക്കേണ്ടതാണ്. മര്യാദകൾ എല്ലാവരോടും പാലിക്കേണ്ട താണെങ്കിലും മര്യാദകൾക്ക് ചില മുൻഗണനാ ക്രമങ്ങളുണ്ട്.

പ്രഥമവും പ്രധാനവുമായ മര്യാദ, പടച്ചവനോടാണ്. അല്ലാഹുവിനോട് മര്യാദ പുലർത്തുന്നതിനനുസരിച്ച് പടച്ചവനുമായ അടുപ്പമുണ്ടാകുന്നതും പടച്ചവൻ നേർമാർഗ്ഗത്തിലൂടെ നയിക്കുന്നതുമാണ്. അല്ലാഹുവിനോടുള്ള പ്രഥമ മര്യാദ പടച്ചവനെ ശരിയായ നിലയിൽ അംഗീകരിക്കലാണ്. അതായത് അല്ലാഹ് അസ്തിത്വത്തിലും തിരുഗുണങ്ങളിലും കർമ്മങ്ങളിലും സമുന്നതനാണ്. അല്ലാഹു അക്ബർ എന്ന ശബ്ദം ഇതിലേക്ക് വെളിച്ചം വീശുന്നു. അല്ലാഹു ഏറ്റവും വലിയവനാണ് എന്നതാണ് ഇതിൻറെ ആശയം. കാരണം അല്ലാഹു എല്ലാവരുടെയും സർവ്വതിൻറെയും സ്രഷ്ടാവാണ്. എല്ലാവരും അല്ലാഹുവിൻറെ സൃഷ്ടികളാണ്. അതായത് ഈ ലോകത്തുള്ള സർവ്വ വസ്തുക്കളെയും അല്ലാഹുവാണ് പടച്ചത്. അല്ലാഹുവിനെ ആരും സൃഷ്ടിച്ചിട്ടില്ല. അല്ലാഹുവിന് മുന്നിൽ എല്ലാവരും ചെറിയവരും പടച്ചവൻ ഏറ്റവും വലിയവനുമാണ്.

അല്ലാഹുവിനെ അറിയുകയും ഏകനായി അംഗീകരിക്കുകയും ചെയ്യുന്നതിനനുസരിച്ച് അല്ലാഹുവിനോടുള്ള മര്യാദ വർദ്ധിക്കുന്നതാണ്. മഹാന്മാരായ നബിമാർ അല്ലാഹുവിൻറെ ഏകത്വം ഏറ്റവും കൂടുതൽ ഉൾക്കൊണ്ടതിനാൽ അവർ അല്ലാഹുവിനോട് ഏറ്റവും കൂടുതലായി മര്യാദ പുലർത്തി. അവർ അല്ലാഹുവിൻറെ തിരുനാമം പറയുന്നതോടെ മുഴുവൻ അസത്യങ്ങളും തകർന്ന് പോകുമായിരുന്നു. റസൂലുല്ലാഹി (സ) ഒരു പോരാട്ടം കഴിഞ്ഞ് മടങ്ങുമ്പോൾ മദ്ധ്യാഹ്ന സമയത്ത് വിശ്രമിക്കാൻ ഒരിടത്ത് തമ്പടിച്ചു. എല്ലാവരെയും പോലെ റസൂലുല്ലാഹി (സ)യും ഒരു വൃക്ഷത്തിൻറെ ചുവട്ടിലെത്തി അനുഗ്രഹീത വാൾ ഒരു ശിഖരത്തിൽ

തൂക്കിയിട്ട് വിശ്രമിക്കാൻ കിടന്നു. ഇതുകണ്ട ഒരു ശത്രു വന്ന് വാളെടുത്ത് പിടിച്ചുകൊണ്ട് ചോദിച്ചു: എന്നിൽ നിന്നും ആര് രക്ഷിക്കും? തൗഹീദിനെ ശരിയായ നിലയിൽ ഉൾക്കൊണ്ടിരുന്ന തിനാൽ റസൂലുല്ലാഹി (സ) പരിപൂർണ്ണ ഉറപ്പോടെ പറഞ്ഞു: അല്ലാഹ്! ഇത് കേട്ടപാടെ നിഷേധിയുടെ കയ്യിൽ നിന്നും വാൾ താഴെ വീണു ആർക്കെങ്കിലും തൗഹീദിൻറെ പാരമ്യം പ്രാപിക്കാൻ കഴിഞ്ഞാൽ എല്ലാ പ്രയാസങ്ങളും ഇല്ലാതാകുന്നതാണെന്ന് ഇതിൽ നിന്നും മനസ്സിലാകുന്നു. അല്ലാഹുവിനെ ആദരിക്കുന്നതുപോലെ അനാദരിക്കാതിരിക്കാനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. റസൂലുല്ലാഹി (സ)യെ അല്ലാഹുവിന് തുല്യമാക്കുന്നതും അല്ലാഹുവിൻറെ അവതാരമായി കാണുന്നതും അല്ലാഹുവിനെ പോലെ ധരിക്കുന്നതും അല്ലാഹുവിനോടുള്ള മര്യാദകേടാണ്. കൂട്ടത്തിൽ റസൂലുല്ലാഹി (സ)യോടുമുള്ള മര്യാദകേടും കൂടിയാണ്.

രണ്ടാമത്തെ മര്യാദ, റസൂലുല്ലാഹി (സ) യെ അല്ലാഹുവിൻറെ ദാസനും ദൂതനുമായി വിശ്വസിക്കലാണ്. അതെ, റസൂലുല്ലാഹി (സ) അല്ലാഹുവിൻറെ ദാസനാണ്. പക്ഷേ, സാധാരണ ദാസന്മാരെ പ്പോലെയുള്ള ദാസനുമല്ല. അല്ലാഹുവിൻറെ ഭാഗത്തുനിന്നുമുള്ള അവസാനത്തെ ദൂതനാണ്. അല്ലാഹു കഴിഞ്ഞാൽ ഏറ്റവും കൂടുതൽ ഉന്നതനാണ്. അതുകൊണ്ട് തന്നെ അല്ലാഹുവിന് ശേഷം റസൂലുല്ലാഹി (സ)യെ വളരെയധികം ആദരിക്കേണ്ടതാണ്. റസൂലുല്ലാഹി (സ)യുടെ ജീവിത കാലത്ത് മാത്രമല്ല, വിയോഗാനന്തരവും ബഹുമാന ആദരവുകൾ പുലർത്തേണ്ടതാണ്. വിശിഷ്യാ പ്രവാചക സന്നിധിയിൽ ഹാജരാകുമ്പോൾ വളരെയധികം മര്യാദകൾ പുലർത്തേണ്ടതാണ്. അതോടൊപ്പം തികഞ്ഞ ജാഗ്രതയും സൂക്ഷ്മതയും മുറുകെ പിടിക്കേണ്ടതുമാണ്. ആദരവുകൾ കൂടി അനാചാരങ്ങളിലേക്കും ബഹുദൈവരാധനയിലേക്കും എത്തിച്ചേരാനും പാടില്ല. നമ്മുടെ ആദരണീയ ഗുരുവര്യൻ അല്ലാമാ സയ്യിദ് അബുൽ ഹസൻ അലി നദ്‌വി (റ) ഈ കാര്യം പ്രത്യേകം ശ്രദ്ധിക്കുമായിരുന്നു. ധാരാളമായി ചെയ്ത ഹറമൈൻ യാത്രകളെല്ലാം വളരെ ആദര മര്യാദകളോടെയാണ് നിർവ്വഹിച്ചിരുന്നത്. മസ്ജിദുന്നബവിയിൽ ഹാജരാകുന്നതിന് മുമ്പ് സാധുക്കൾക്ക് എന്തെങ്കിലും സ്വദഖ കൊടുക്കുമായിരുന്നു. റസൂലുല്ലാഹി (സ)യുടെ സന്നിധിയിൽ ശബ്ദം വളരെയധികം താഴ്ത്തിയിരുന്നു. അതെ,

റസൂലുല്ലാഹി (സ) മനുഷ്യനാണെങ്കിലും സാധാരണ മനുഷ്യരെപ്പോലെയല്ല. ദാറുൽ ഉലൂം നദ്വത്തുൽ ഉലമയുടെ നായകൻ അല്ലാമാ സയ്യിദ് സുലൈമാൻ നദ്വി ഈ കാര്യം ഉണർത്തിക്കൊണ്ട് പറയുന്നു:

റസൂലുല്ലാഹി (സ) മനുഷ്യനും അല്ലാഹുവിൻറെ ദാസനും ആയിരുന്നെങ്കിലും സാധാരണ മനുഷ്യരേക്കാളെല്ലാം സമുന്നതനായിരുന്നു. കാരണം റസൂലുല്ലാഹി (സ) യ്ക്ക് മറ്റ് മുഴുവൻ മനുഷ്യരെക്കാളും ധാരാളം പ്രത്യേകതകളും മഹത്വങ്ങളുമുണ്ട്. അതുകൊണ്ട് തന്നെ തുടർച്ചയായി നോമ്പ് പിടിക്കുന്നതിൽ നിന്നും റസൂലുല്ലാഹി (സ) സമുദായത്തെ തടഞ്ഞുവെങ്കിലും സ്വയം തുടർച്ചയായി നോമ്പ് പിടിക്കുമായിരുന്നു. റസൂലുല്ലാഹി (സ) അനന്തരവകാശ നിയമം ശക്തമായി പടിപ്പിച്ചെങ്കിലും റസൂലുല്ലാഹി (സ)യിൽ നിന്നും ആർക്കും അനന്തരവകാശം ലഭിച്ചിട്ടില്ല. ചുരുക്കത്തിൽ റസൂലുല്ലാഹി (സ) സർവ്വ മനുഷ്യരേക്കാളും ഔന്നിത്യം പ്രാപിച്ചവരാണ്. എന്നാൽ ഇതിൻറെ അടിസ്ഥാനത്തിൽ റസൂലുല്ലാഹി (സ) അടിമുടി പ്രകാശമാണെന്നും മനുഷ്യത്വത്തിൻറെ ഒരു പ്രത്യേകതയും റസൂലുല്ലാഹി (സ)യിൽ ഇല്ലെന്നും വിശ്വസിക്കലും മര്യാദകേടാണ്. കാരണം പ്രവാചകന്മാരെ അല്ലാഹു നിയോഗിക്കുന്നത് തന്നെ മനുഷ്യർക്ക് സമ്പൂർണ്ണമായ മാതൃക മനസ്സിലാക്കിക്കൊടുക്കാൻ വേണ്ടിയാണ്. ഇത് മനുഷ്യരിൽ നിന്ന് മാത്രമേ സാധിക്കുകയുള്ളൂ. അതുകൊണ്ട് റസൂലുല്ലാഹി (സ) മനുഷ്യനാണെന്നും എന്നാൽ സാധാരണ മനുഷ്യരെപ്പോലെ അല്ലാത്ത ഉത്തമ മനുഷ്യനാണെന്നും വിശ്വസിക്കുക. റസൂലുല്ലാഹി (സ)യോടൊപ്പം ഇതര നബിമാരെയും സ്നേഹിച്ചാദരിക്കൽ നിർബന്ധമാണ്.

മൂന്നാമത്തെ മര്യാദ, സഹാബാ മഹത്തുക്കളോടാണ്. നബിമാർക്ക് ശേഷം ഉന്നതരാണ് സഹാബാ മഹത്തുക്കൾ. അല്ലാഹുവിൻറെ പ്രിയങ്കര പ്രവാചകൻറെ സഹവാസത്തിന് വേണ്ടി അല്ലാഹു അവരെ തെരഞ്ഞെടുത്തു. സഹാബാ മഹത്തുക്കളിൽ ചിലരിൽ നിന്നും തെറ്റുകൾ സംഭവിച്ചതായി വന്നിട്ടുണ്ട്. എന്നാൽ അതിൻറെ പേരിൽ അവരെ അനാദരിക്കാൻ പാടില്ല. കാരണം അവരുടെ അത്തരം സംഭവങ്ങളിൽ ധാരാളം തത്വങ്ങളും പാഠങ്ങളും അടങ്ങിയിട്ടുണ്ട്. കൂടാതെ, അവർ തെറ്റ് ചെയ്തതിനാൽ നമുക്കും

തെറ്റ് ചെയ്യാമെന്ന് പറയുന്നതും ശരിയല്ല. കാരണം നമുക്ക് സങ്കൽപ്പിക്കാൻ പോലും പറ്റാത്ത നിലയിൽ അവർ നിഷ്കളങ്കമായ നിലയിൽ പശ്ചാത്തപിക്കുകയുണ്ടായി. അതുപോലെ റസൂലുല്ലാഹി (സ)യോട് അവർ പുലർത്തിയ അനുസരണയും അതുല്യമാണ്. സഹാബാ മഹത്തുക്കളുടെ അനുസരണയുടെ അടിസ്ഥാനം അവരുടെ അടിയുറച്ചതും സജീവവുമായ വിശ്വാസമാണ്. ഈ വിശ്വാസം കാരണം വളരെ വലിയ കാര്യങ്ങൾ പോലും അവർക്ക് ചെറുതായി അനുഭവപ്പെട്ടിരുന്നു.

റസൂലുല്ലാഹി (സ) അടിമത്വ മോചനം ചെയ്ത സഫീന (റ) ഒരു യാത്രയ്ക്കിടയിൽ വനാന്തരത്തിൽ എത്തിച്ചേർന്നു. വഴി അങ്ങേയറ്റം അപകടകരമാണെന്ന് തിരിച്ചറിഞ്ഞ സഹാബി ഇപ്രകാരം വിളിച്ച് പറഞ്ഞു: ഈ വനത്തിൽ താമസിക്കുന്നവരേ, ഞങ്ങൾ അല്ലാഹുവിൻറെ ദൂതൻറെ കൂട്ടുകാരാണ്. ഞങ്ങൾക്ക് ഈ വഴിയിലൂടെ കടന്നുപോകേണ്ടതുണ്ട്. അതുകൊണ്ട് ഞങ്ങൾക്ക് വേണ്ടി വഴി ഒഴിഞ്ഞുതരിക! ഇത് കേട്ടപാടെ വനാന്തരത്തിലെ മൃഗങ്ങളെല്ലാം വഴിയരികിലേക്ക് ഒതുങ്ങി നിൽക്കുകയും സഫീന (റ) കൂട്ടുകാരോടൊപ്പം സമാധാനത്തോടെ യാത്ര തുടരുകയും ചെയ്തു. ഇപ്രകാരം സഅ്ദ് (റ), സൽമാൻ (റ) ഇരുവരും ടൈഗ്രീസ് നദിയുടെ അരികിലെത്തി. അത് മുറിച്ച് കടക്കാൻ വഞ്ചികളൊന്നും ഇല്ലായിരുന്നു. കൂട്ടുകാരുടെ ഈമാൻ തിരിച്ചറിഞ്ഞ ഇരുവരും പറഞ്ഞു: എല്ലാവരും കുതിരകളോടൊപ്പം നദിയിലൂടെ സഞ്ചരിക്കുക! അങ്ങനെ അവരെല്ലാവരും സമാധാനത്തോടെ നദി മുറിച്ച് കടന്നു. അവരുടെ വസ്ത്രങ്ങളിലും വാഹനങ്ങളിലും അൽപ്പം പോലും നനവുണ്ടായില്ല. യഥാർത്ഥത്തിൽ ഇത് അവരുടെ ഈമാനിൻറെ പ്രതിഫലനങ്ങളാണ്. അടിയുറച്ചതും പ്രകാശിക്കുന്നതുമായ ഈമാൻ അവരിലുണ്ടായപ്പോൾ എല്ലാ പ്രയാസ പ്രശ്നങ്ങളും അവർക്ക് എളുപ്പമായിത്തീർന്നു. ഈമാനിൻറെ വിഷയത്തിൽ സഹാബാ മഹത്തുക്കൾ ഏറ്റവും ഉയർന്നവരാണ്. അതുകൊണ്ട് തന്നെ അവരുടെ സ്ഥാനം അവർക്ക് ശേഷമുള്ള എത്രവലിയ മഹാത്മാക്കൾക്കും കരസ്ഥമാക്കുക സാധ്യമല്ല. മഹാന്മാരായ ഔലിയാക്കളുടെ അത്ഭുതങ്ങളിൽ ആകൃഷ്ടരായി അവരെ സഹാബാ മഹത്തുക്കളേക്കാൾ ഉയർത്തിക്കാട്ടുന്നവർ വലിയ തെറ്റുകാരാണ്.

നാലാമത്തെ മര്യാദ, ആദരണീയ ഔലിയാഇനോടാണ്.

അല്ലാഹുവിൻറെ ഇഷ്ട ദാസന്മാരായ ഔലിയാഇനോട് ശത്രുത പുലർത്താൻ പാടില്ല. അവരെ സ്നേഹിച്ച് ആദരിക്കേണ്ടതാണ്. എന്നാൽ അവർ വിചാരിക്കുന്നതെല്ലാം നടക്കുമെന്ന് അവരെക്കുറിച്ച് വിശ്വസിക്കാനോ അവരെ പരിപാലകനായി കാണാനോ പാടില്ല. ഇത് പടച്ചവൻറെ മാത്രം വിശേഷണമാണ്. ഔലിയാഇന് ശേഷം മുഴുവൻ പൊതുജനങ്ങളോടും മര്യാദ പുലർത്തേണ്ടതാണ്. പൊതുജനങ്ങൾ എന്നതിൽ മാതാപിതാക്കളും അവർ വഴിയായിട്ടുള്ള ബന്ധുക്കളും മിത്രങ്ങളും പെടുന്നതാണ്. ഇത് കൂടാതെ മറ്റുള്ളവരോടും നല്ല നിലയിൽ വർത്തിക്കേണ്ടതാണ്. മനുഷ്യനെ കൂടാതെ ആഹാര-പാനിയങ്ങളോടും സകല വസ്തുക്കളോടും മര്യാദകളുണ്ട്. ചുരുക്കത്തിൽ ഇസ്ലാമെന്നാൽ മര്യാദയാണെന്ന് പഠിച്ചാൽ മനസ്സിലാക്കാൻ സാധിക്കുന്നതാണ്.

ഒരു മര്യാദയും നിസ്സാരമായി കാണരുത്. ചില മര്യാദകൾ ബാഹ്യ കാഴ്ചയിൽ നിസ്സാരമായിരിക്കും. പക്ഷേ, വലിയ കാര്യവുമായിട്ട് അത് ബന്ധപ്പെട്ടതിനാൽ അതിൻറെ മഹത്വം വളരെ പ്രധാനപ്പെട്ടതായിരിക്കും. മുജദ്ദിദ് അൽഫ്ഥാനി (റ) വിവരിക്കുന്നു: ഒരുമിച്ചിരുന്ന് ആഹാരം കഴിക്കുക എന്ന മര്യാദയെ നിസ്സാരമായി കാണരുത്. അതിൽ ധാരാളം നന്മകൾ അടങ്ങിയിട്ടുണ്ട്. അതിലൂടെ മനുഷ്യൻ ആർത്തിയെ നിയന്ത്രിക്കുന്നതും അവൻറെ ആത്മീയ ശക്തി വളരെയധികം പുരോഗതി പ്രാപിക്കുന്നതുമാണ്!


സയ്യിദ് ഹസനി അക്കാദമി ഉപഹാരം

**തർബിയ്യത്ത്**

**സ്ത്രീകളിലും കുട്ടികളിലും**

ഹാഫിസ് നൗഫൽ ഹുസ്നി പുന്നല

# സേവന സഹായങ്ങൾ

## കഴിയുന്നിടത്തോളം ചെയ്യുക.

**അമീറുൽ ഹിന്ദ് മൗലാനാ സയ്യിദ് അർഷദ് മദനി**
**(പ്രസിഡന്റ് ജംഇയ്യത്തുൽ ഉലമാ എ ഹിന്ദ്)**

ലോകാനുഗ്രഹി മുഹമ്മദ് നബി (സ) അരുളി: 1, നിങ്ങളുടെ സഹോദരനോട് പുഞ്ചിരിക്കുന്നത് നിങ്ങൾക്ക് ചെയ്യുന്ന ദാനമാണ്. 2, നന്മ ഉപദേശിക്കുന്നതും തിന്മ തടയുന്നതും ദാനമാണ്. 3, വഴി തെറ്റുന്ന സ്ഥലത്ത് വഴി പറഞ്ഞു കൊടുക്കുന്നതും ദാനമാണ്. 4, കാഴ്ച്ചയില്ലാത്തവർക്കും കുറഞ്ഞവർക്കും വഴി കാണിച്ചു കൊടുക്കുന്നതും ദാനമാണ്. 5, കല്ല്, മുള്ള് , എല്ല് മുതലായവ വഴിയിൽ നിന്ന് എടുത്തു മാറ്റുന്നതും ദാനമാണ്. 6, നിങ്ങളുടെ തോട്ടിയിൽ നിന്നും സഹോദരന്റെ പാത്രത്തിലേക്ക് വെള്ളമൊഴിച്ചു കൊടുക്കുന്നതും ദാനമാണ്. (തിർമിദി)

ഇസ്‌ലാം ഒരു ദൈവിക ദർശനമാണ്. നമ്മുടെ നായകൻ മുഹമ്മദ് നബി (സ) പടച്ചവന്റെ ഭാഗത്ത് നിന്നും അത് നമുക്കെത്തിച്ചു തന്നു. പടച്ചവന്റെ പ്രിയങ്കര വ്യക്തിത്വവും സമുന്നത വഴികാട്ടിയുമായ മുഹമ്മദ് നബി (സ) പറയുകയും കാണിക്കുകയും ചെയ്ത കാര്യങ്ങളെല്ലാം പടച്ചവന്റെ ഭാഗത്ത് നിന്നുമുള്ളതാണ്. മുഹമ്മദ് നബി (സ) യുടെ സർവ്വ സന്ദേശങ്ങളും സത്യവും അനുകരണീയവുമാണ്. അതിൽ ജനങ്ങളുമായി ബന്ധപ്പെട്ട സഹകരണത്തിന്റെ പ്രധാന അധ്യാപനങ്ങളാണ് ഈ വചനത്തിൽ വിവരിച്ചിരിക്കുന്നത്.

മുഴുവൻ ജനങ്ങളോടും നല്ല നിലയിൽ സഹകരിക്കുകയെന്നത് മുഹമ്മദ് നബി (സ) യുടെ പ്രധാന സന്ദേശമാണ്. എല്ലാവരും പരസ്പരം സഹോദരങ്ങളാണ് എന്നാരു വീക്ഷണം മുഴുവൻ ജനങ്ങളുടെയും മനസ്സിലും മസ്തിഷ്കത്തിലും കൊത്തിവെക്കാനും ജീവിതത്തിലൂടെ പ്രകടമാക്കാനും മുഹമ്മദ് നബി (സ)

ആഗ്രഹിക്കുന്നു. മുഹമ്മദ് നബി (സ) നമസ്കാരത്തിന് ശേഷം ഇപ്രകാരം പറയാറുണ്ടായിരുന്നു : ഞങ്ങളുടെയും സർവ്വ സൃഷ്ടികളുടെയും പടച്ചവനും പരിപാലകനുമായവനേ.. നിന്റെ എല്ലാ അടിമകളും പരസ്പരം സഹോദരങ്ങളാണെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. (അബൂദാവൂദ്) ഗോത്രം, കുടുംബം, ഭാഷാ, നിറം, ദേശം, മതം മുതലായ അടിസ്ഥാനങ്ങളിൽ ചിലർ ഉന്നതരും ചിലർ താഴ്ന്നവരുമാണെന്ന കാഴ്ച്ചപ്പാട് നടമാടിയിരുന്ന ഒരു കാലത്തും സ്ഥലത്തുമാണ് മുഹമ്മദ് നബി (സ) ഇപ്രകാരം അരുളിയതെന്നത് ഇവിടെ പ്രത്യേകം സ്മരണീയമാണ്. തങ്ങളിൽ പെടാത്തവരെ നിന്ദിക്കുക മാത്രമല്ല. അവരെ ജീവിക്കാൻ പോലും അനുവദിച്ചിരുന്നില്ല. മതത്തിന്റെ പേരിൽ പോലും അങ്ങേയറ്റം നിന്ദ്യമായ നിയമങ്ങൾ അന്ന് നടമാടിയിരുന്നു. ഇത്തരമൊരു സാഹചര്യത്തിലാണ് മുഹമ്മദ് നബി (സ) ഇപ്രകാരം ഉപദേശിച്ചത്. മതവും വർണ്ണവും ഭാഷയും എന്തുമായി കാളെള്ളട്ടെ എല്ലാവരും മനുഷ്യരും സഹോദരന്മാരുമാണ്. അതുകൊണ്ട് അക്രമ അകൽച്ചകൾക്ക് പകരം പരസ്പരം സഹോദരങ്ങളായി സ്നേഹിക്കുകയും ആവശ്യസമയത്ത് സഹായിക്കുകയും ചെയ്യുക. ആരെങ്കിലും സ്വന്തം സഹോദരനെ വെറുക്കുമോ ? മുഹമ്മദ് നബി (സ) മതം, ഭാഷ, ദേശങ്ങളുടെ അവസ്ഥകളിൽ നിന്നും ഉയർന്ന് നിന്ന് മാനവികതയുടെ അടിസ്ഥാനത്തിൽ പരസ്പരം ഉത്തമമായ നിലയിൽ സഹകരിക്കാൻ ആഹ്വാനം ചെയ്തു. ഇത്തരമൊരു പരിശുദ്ധ ജീവിതം മതത്തിന്റെ ഭാഗമാണെന്ന് പ്രഖ്യാപിച്ചു. ശാന്തിയും സമാധാനവും പരസ്പരം സ്നേഹ വിശ്വാസങ്ങളും ഉണ്ടാക്കാൻ മാത്രമല്ല, ഇവയ്ക്ക് മറ്റുള്ളവയെക്കാൾ മുൻഗണന നൽകാൻ ഉണർത്തുകയും ചെയ്തു. പരസ്പരം ബന്ധം ഊഷ്മളമാക്കുന്ന അതിലളിതവും എന്നാൽ ശക്തവുമായ ചില മാർഗങ്ങളാണ് മാതൃകയെന്നോണം മുഹമ്മദ് നബി (സ) ഉപരിയുക്ത വചനത്തിൽ പഠിപ്പിച്ചിരിക്കുന്നത്.

ഒന്നാമതായി ഉണർത്തുന്നു :- ദരിദ്രനും ഗതിമുട്ടിയവനും ആവശ്യക്കാരനും ആഹാര വസ്ത്രങ്ങൾ നൽകുകയും ആവശ്യങ്ങൾ നിറവേറ്റി കൊടുക്കുകയും ചെയ്യുന്നത് ദാനധർമ്മവും പ്രതിഫലാർഹവുമായതു പോലെ ആരെയെങ്കിലും കണ്ടുമുട്ടുന്ന സമയത്ത് അവൻ ഏത് മതസ്ഥനും ആയിക്കൊള്ളട്ടെ അവന്റെ മുഖത്ത് നോക്കി സന്തോഷം പ്രകടിപ്പിക്കുന്നത് ദാനവും

പ്രതിഫലാർഹവുമാണ്. ഇതര ദാനങ്ങളെ പോലെ ഇതിലൂടെയും പടച്ചവന്റെ കോപം ശമിക്കുന്നതുമാണ്. ഇവിടെയൊരു കാര്യം പ്രത്യേകം ശ്രദ്ധിക്കുക. പരസ്പരം ഉത്തമ ബന്ധങ്ങളെ ഇസ്‌ലാം മരണാനന്തര ജീവിതവുമായിട്ടാണ് ബന്ധിപ്പിച്ചിരിക്കുന്നത്. ഇത്തരുണത്തിൽ അല്ലാഹു അറിയിക്കുന്നു : നിങ്ങൾ പരലോക വിജയം ആഗ്രഹിക്കുന്നുവെങ്കിൽ ജനങ്ങളുടെ മുഖത്തേക്ക് തുറിച്ചു നോക്കാതെ അവരോടെല്ലാം ഉത്തമ പെരുമാറ്റം പുലർത്തുക.

രണ്ടാമതായി പറയുന്നു :- സമൂഹം കൂടുതൽ നന്നാകുന്നതിന് നന്മ കൽപ്പിക്കുകയും തിന്മ തടയുകയും ചെയ്യുക. യഥാർഥത്തിൽ സമൂഹം നന്നാകുന്നതിന് ഓരോരുത്തരും മറ്റുള്ളവരെ നന്മ കൊണ്ട് ഉപദേശിക്കുകയും തിന്മ കൊണ്ട് തടയുകയും ചെയ്യേണ്ടതാണ്. ഇത് സാമൂഹ്യ സംസ്കരണത്തിന്റെ ശക്തമായ അടിസ്ഥാനവുമാണ്. അതുകൊണ്ട് തന്നെ പരിശുദ്ധ ഖുർആൻ നല്ല ദാസന്മാരുടെ അടയാളങ്ങൾ വിവരിക്കുന്ന സ്ഥലത്ത് അവർ നന്മ ഉപദേശിക്കുന്നവരും തിന്മ തടയുന്നവരുമാണെന്ന് പ്രത്യേകം പറഞ്ഞിരിക്കുന്നു. ഇവിടെയൊരു കാര്യം ശ്രദ്ധിക്കേണ്ടതാണ്. നന്മ ഉപദേശിക്കപ്പെടേണ്ടവരും തിന്മ തടയപ്പെടേണ്ടവരും മുസ് ലിംകളോടാണെന്ന് ഖുർആനിൽ എവിടെയും പറഞ്ഞിട്ടില്ല. ഇതിന്റെ ആശയമിതാണ്: ഏതെങ്കിലും ഗ്രാമത്തിലോ പട്ടണത്തിലോ വിവിധ രീതിയിലുള്ളവരും മതത്തിലുള്ളവരും താമസിക്കുന്നവരുണ്ടെങ്കിൽ മുഴുവൻ ജനങ്ങളും നന്നാകണമെന്ന് ആഗ്രഹിക്കുകയും എല്ലാവരോടും നന്മ ഉപദേശിക്കുകയും തിന്മ തടയുകയും ചെയ്യേണ്ടതാണ്. ഈ കർത്തവ്യം നിർവഹിച്ചില്ലെങ്കിൽ മോഷണവും കൊലയും മദ്യപാനവും മറ്റ് പാപങ്ങളും വർദ്ധിക്കുന്നതും അതിന്റെ പേരിലിറങ്ങുന്ന ശിക്ഷ പാപം ചെയ്യാതെ വീട്ടിലോ മസ്ജിദിലോ ഒതുങ്ങി കഴിയുന്നവരുടെ മേലും പതിക്കുന്നതുമാണ്. പാപിയുടെ കുറ്റം അവന്റെ പാപമാണ്. പാപം ചെയ്യാത്തവരുടെ കുറ്റം പാപത്തിൽ നിന്നും തടയാതിരിക്കലാണ്. ഇഹലോകത്ത് പാപികളുടെ മേൽ ശിക്ഷയിറക്കുമ്പോൾ വീട്ടിൽ ചാരിയിരുന്ന് അതു കണ്ടു കൊണ്ടിരിക്കുന്നവരെയും ശിക്ഷ ബാധിക്കുമെന്നതാണ് പടച്ചവന്റെ നടപടി ക്രമം. തിന്മയിൽ നിന്നും ജനങ്ങളെ തടയുകയും പാപിയുടെ കൈയ്യിൽ കയറി പിടിക്കുകയും ചെയ്യുന്നവർ ശിക്ഷയിൽ നിന്നും രക്ഷപെടുന്നതാണ്. നന്മ കൽപ്പിക്കലും തിന്മ തടയലും ദാന

ധർമ്മമാണ്. ഈ പ്രവർത്തനം ഇഹലോകത്ത് സമൂഹത്തെ നന്നാക്കുന്നതും പടച്ചവന്റെ കോപം ശമിപ്പിക്കുന്നതും പരലോകത്ത് ഉന്നത പ്രതിഫലത്തിന് കാരണമാകുന്നതുമാണ്.

മൂന്നാമതായി മുഹമ്മദ് നബി (സ) അരുളി : വഴിയറിയാത്തൊരു വ്യക്തിക്ക് വഴി പറഞ്ഞു കൊടുക്കുന്നത് ദാനമാണ് ! നാമൊന്ന് ചിന്തിക്കുക. ഇവിടെയും മതത്തിന്റെ യാതൊരു വ്യത്യാസവും പറഞ്ഞിട്ടില്ല. മുഹമ്മദ് നബി (സ) പൊതുവായൊരു മര്യാദ പഠിപ്പിക്കുന്നു. വഴി തെറ്റിയ വ്യക്തി ആരുമാകട്ടെ, ഏതു മതസ്ഥനുമാകട്ടെ, ഇസ്ലാം പഠിപ്പിക്കുന്നത് അദ്ദേഹത്തിന്റെ പ്രയാസം ദൂരീക്കാനും അവലംബമാവുകയെന്നുമാണ്. വംശ, വർണ്ണ , ദേശ, ഭാഷ, മത വീക്ഷണങ്ങളുടെ മതിലുകൾ ജനങ്ങൾ കെട്ടിയുയർത്തിയിട്ടുണ്ട്. മുഹമ്മദ് നബി (സ) ഈ മതിലുകളെ പൊളിച്ചു കൊണ്ട് പ്രയാസപ്പെടുന്ന എല്ലാവരെയും മാനവിതകതയുടെ പേരിൽ സഹായിക്കാൻ പഠിപ്പിക്കുന്നു. വെറും അധ്യാപനം മാത്രമല്ല. അതിന് ദാന ധർമ്മത്തിന്റെ കൂലിയുണ്ടെന്നും ഉണർത്തി. അതായത് പ്രയാസമനുഭവിക്കുന്ന ഒരു വ്യക്തിയുടെ പ്രയാസം ദൂരീകരിക്കുന്നത് നിസ്സാരമായി കാണരുത്. ആകാശ ഭൂമികൾ പരിപാലിക്കുന്ന പടച്ചവന് വളരെ ഇഷ്ടപ്പെട്ട കർമ്മമാണത്. ഖിയാമത് ദിനം ഈ ചെറു പ്രവർത്തനം ധാരാളം പാപങ്ങൾക്ക് പരിഹാരമാകുന്നതും പടച്ചവന്റെ കോപം തണുപ്പിക്കുന്നതുമാണ്.

നാലാമതായി മുഹമ്മദ് നബി (സ) അരുളി : അന്ധനായ ഒരു മനുഷ്യനെ സഹായിക്കുന്നത് നിനക്ക് ദാനമാണ്. ഇവിടെയും റസൂലുല്ലാഹി (സ) മനുഷ്യനെന്നാണ് പറഞ്ഞിരിക്കുന്നത്. ആവശ്യക്കാരനായ സാധുവിന്റെ മതത്തെ കുറിച്ച് ഒന്നും പറഞ്ഞിട്ടില്ല. അതായത് ആവശ്യക്കാരനായ അന്ധന്റെ മതം ഏതുമായി കൊള്ളട്ടെ. ഇവിടെയും അന്ധനാടോട് ചെയ്യുന്ന സഹായം ദാനമാണെന്ന് പറഞ്ഞ് പരലാേകവുമായി ബന്ധിപ്പിച്ചിരിക്കുന്നു. അതായത് നാളെ ഖിയാമത് നാളിൽ പ്രയോജനപ്പെടുന്നതാണ് അതിലൂടെ പാപങ്ങൾ പൊറുക്കപ്പെടുന്നതും ഉത്തമ പ്രതിഫലം ലഭിക്കുന്നതുമാണ്. പാപത്തിന്റെ പേരിൽ ആളിക്കത്തുന്ന പടച്ചവന്റെ കോപാഗ്നി തണുക്കുന്നതാണ്.. ഒരു ഹദീസിൽ വന്നിരിക്കുന്നു : മുഹമ്മദ് നബി (സ) അരുളി: ഏതെങ്കിലും അന്ധനെ നാൽപ്പത് ചുവട് നടക്കാൻ സഹായിച്ചാൽ അവന്റെ മുൻപിൻ പാപങ്ങളെല്ലാം

പൊറുക്കപ്പെടുന്നതാണ്.

അഞ്ചാമതായി മുഹമ്മദ് നബി (സ) അരുളി : വഴിയിൽ നിന്നും കല്ലും മുള്ളും എടുത്ത് മാറ്റുന്നത് ധാനമാണ്. ഇവിടെയും നാം ചിന്തിക്കുക! വഴിയിലൂടെ നടക്കുന്നത് ഏതെങ്കിലും ഒരു മതവുമായി ബന്ധപ്പെട്ടവർ മാത്രമായിരിക്കില്ല. എന്നാൽ ജാതിമത വ്യത്യാസമില്ലാതെ ആർക്കെങ്കിലും പ്രയാസത്തിന് കാരണമാകുന്ന വസ്തുക്കളെ വഴിയിൽ നിന്നും ദൂരീകരിക്കുന്നത് പടച്ചവന് വളരെയധികം പ്രിയങ്കരമാണ്. ഇതിന്റെ പ്രതിഫലമെന്നോണം പടച്ചവൻ ഉന്നത പ്രീതി നൽകുന്നതും പാപങ്ങൾ പൊറുക്കുന്നതും പാപങ്ങളുടെ പേരിൽ ആളിക്കത്തിയ പടച്ചവന്റെ കോപം തണുപ്പിക്കുന്നതുമാണ്.

ആറാമതായി മുഹമ്മദ് നബി (സ) അരുളി : നിന്റെ തൊട്ടിയിൽ നിന്നും സഹോദരന്റെ പാത്രത്തിലേക്ക് അതായത് നാം കിണറ്റിൽ നിന്നും വെള്ളം കോരിക്കൊണ്ടിരിക്കുകയാണ് ഇതിനിടയിൽ മറ്റൊരാൾ പാത്രവുമായി എത്തി. അദ്ദേഹത്തിന്റെ മതം ഏതുമായിക്കൊള്ളട്ടെ, അപ്പോൾ നിന്റെ പാത്രം നിറക്കുന്നതിന് മുമ്പ് അദ്ദേഹത്തിന്റെ പാത്രം നിറച്ചു കൊടുക്കുന്നത് വലിയ ദാനം നൽക്കുന്ന പ്രതിഫലം ലഭിക്കുന്ന കർത്തവ്യമാണ്. ഇതിലൂടെ പാപങ്ങൾ പൊറുക്കപ്പെടുന്നതും അല്ലാഹുവിന്റെ കോപം തണുക്കുന്നതുമാണ്

ഈ ഹദീസിൽ നമ്മുടെ നേതാവ് മുഹമ്മദ് നബി (സ) പടച്ചവന്റെ പൊരുത്തം കരസ്ഥമാക്കുന്നതിനും ശിക്ഷയിൽ നിന്നും രക്ഷപ്പെടുന്നതിനും മാനവികതയുടെ അടിസ്ഥാനത്തിൽ 6 കാര്യങ്ങൾ പഠിപ്പിച്ചിരിക്കുന്നു. ഇതിലൂടെ ലോകത്ത് ജനങ്ങൾക്കിടയിലുള്ള ബന്ധവും സഹകരണവും നന്നാവുന്നതും ഇത് ചെയ്യുന്നവർ പടച്ചവന്റെ കോപത്തിൽ നിന്നും രക്ഷപ്പെടുന്നതുമാണ്. പക്ഷെ പടച്ചവന്റെ പ്രീതി ലഭിക്കാനും ശിക്ഷയിൽ നിന്ന് രക്ഷപെടാനും ഇതല്ലാത്ത വേറെയും ധാരാളം കാര്യങ്ങളുണ്ട്. ഇവിടെ പറയപ്പെട്ടിരിക്കുന്ന 6 കാര്യങ്ങൾ മാത്രകയെന്നോണം മാത്രമാണ് പറഞ്ഞിരിക്കുന്നത്. ഇത് കൊണ്ടുള്ള ഉദേശം ഇതാണ് ധാധു രോഗിക്ക് ചികിത്സ നൽകുക. അനാഥർക്ക് മേൽനോട്ടം വഹിക്കുക. വിശന്നവർക്ക് ആഹാരം കൊടുക്കുക വീടില്ലാത്തവർക്ക് വീട് നൽകുക. വെള്ളമില്ലാത്തവർക്ക്

വെള്ളമെത്തിച്ച് കൊടുക്കുക. എന്നിങ്ങനെയുള്ള സർവ്വ സേവനങ്ങളും സദുദ്ദേശത്തോടെ ചെയ്താൽ പടച്ചവൻ ഉന്നത പ്രതിഫലം നൽകുന്നതും കോപത്തിൽ നിന്നും കാക്കുന്നതുമാണ് ഈ പ്രവാചക വചനത്തിൽ ശ്രദ്ധിക്കേണ്ട മറ്റൊരു കാര്യം. ഇതെല്ലാം വലിയ പ്രയാസവും കഷ്ടപ്പാടുമുള്ള കാര്യങ്ങളല്ല എന്നതാണ് പ്രത്യേകിച്ചും ഒന്നാമത്തെ കാര്യം ചെയ്യുന്നതിന് നല്ലൊരു മനസ്സല്ലാതെ മറ്റൊന്നും ആവശ്യമില്ല. പക്ഷേ അതിനും ഉത്തമ പ്രതിഫലം വാഗ്ദാനം ചെയ്തിരിക്കുന്നു. അതെ, സദുദ്ദേശത്തോടെ ചെയ്യുന്ന ചെറുതും വലുതുമായ എല്ലാ സേവന സഹായങ്ങൾക്കും അളവറ്റ ദയാലുവും മഹാ കാരുണ്യകനുമായ പടച്ചവൻ ഉന്നത പ്രതിഫലം നൽകുന്നതാണ്. അതു കൊണ്ട് തീരെ ചെറുതായ ചെറുതാണെന്ന് വിചാരിച്ച് അവഗണിക്കുകയും ഉപേക്ഷിക്കുകയും ചെയ്യരുത്. പടച്ചവന്റെ പൊരുത്തം ചെറിയ സേവനത്തെ വലുതാക്കുന്നതും ചിലവേള നാളെ പരലോകത്ത് ഉന്നത പ്രതിഫലത്തിനും സ്വർഗ്ഗ പ്രവേശനത്തിനും നിമിത്തമാകുന്നതുമാണ്.

അവസാനമായി മനസ്സിലാക്കേണ്ട മറ്റൊരു കാര്യം മനുഷ്യത്വത്തിന്റെ പേരിലുള്ള സൃഷ്ടി സേവനത്തിന്റെ ഈ ചെറു പ്രവർത്തനങ്ങൾ പ്രതിഫലാർഹവും പടച്ചവന്റെ കോപം ശമിപ്പിക്കുന്നതുമാണെങ്കിൽ കൂടുതൽ ത്യാഗ പരിശ്രമങ്ങൾ ആവശ്യമായതും സമ്പത്ത് ചിലവഴിക്കേണ്ടതുമായ സേവന സഹായങ്ങൾ എത്ര മാത്രം നന്മ നിറഞ്ഞതും പ്രതിഫലാർഹവുമായിരിക്കും. ആകെയാൽ, ലക്ഷ്യവും മാർഗവും നന്നാക്കി കൊണ്ട് കഴിവിന്റെ പരമാവധി സേവന സഹായങ്ങൾ ചെയ്യാൻ നാമോരോരുത്തരും മുമ്പോട്ട് വരിക. പടച്ചവൻ അനുഗ്രഹിക്കട്ടെ. ●

---

**സയ്യിദ് ഹസനി അക്കാദമി ഉപഹാരം**

## ഇസ്‌ലാമിക ശരീഅത്ത് ഒരു പഠനം

**മൗലാനാ മൻസൂർ നുഅ്മാനി**

# ഇസ്‌ലാം തീവ്രവാദമോ?

**അല്ലാമ ഖാലിദ് സൈഫുല്ലാഹ് റഹ്മാനി**
**(ജനറൽ സെക്രട്ടറി ആൾ ഇന്ത്യ മുസ്‌ലിം പേഴ്സണൽ ലോ ബോർഡ് )**

ഇസ് ലാം തീവ്രവാദത്തിന്റെ മതമാണെന്നും മറ്റ് മതങ്ങളെയൊന്നും സഹിക്കുകയില്ലെന്നും ഇപ്രകാരം മുസ്‌ലിംകളും തീവ്രവാദികളാണെന്നും ഇതര സമുദായങ്ങളോട് യാതൊരു മയമില്ലാത്തവനാണെന്നും ചിലർ പ്രചണ്ഡമായ പ്രചാരണം നടത്തുന്നു. ഈ പ്രചാരണം ധാരാളം ജനങ്ങളിൽ വലിയ തെറ്റിദ്ധാരണകൾ സൃഷ്ടിക്കുകയും വിവിധങ്ങളായ പ്രശ്നങ്ങൾ ഉടലെടുക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. ആകയാൽ അമുസ് ലിംകളോടുള്ള ബന്ധത്തിന്റെ വിഷയത്തിൽ ഇസ് ലാമിന്റെ അദ്ധ്യാപനങ്ങൾ പഠിക്കുകയും പകർത്തുകയും പ്രചരിപ്പിക്കുകയും ചെയ്യേണ്ടത് കാലഘട്ടത്തിന്റെ വലിയൊരു ആവശ്യമാണ്.

ആദ്യമായി മനസ്സിലാക്കേണ്ട കാര്യം, പരിശുദ്ധ ഖുർആനിന്റെ വെളിച്ചത്തിൽ മുഴുവൻ മനുഷ്യരുടെയും തുടക്കം ഒരു വ്യക്തിത്വത്തിൽ നിന്നായിരുന്നു എന്നതാണ്. ജനങ്ങളെ, നിങ്ങളുടെ പരിപാലകനെ ഭയക്കുക. അല്ലാഹു നിങ്ങളെ ഒരു ശരീരത്തിൽ നിന്നും സൃഷ്ടിച്ചു. അതിൽ നിന്നും അതിന്റെ ഇണകളെയും പടച്ചു. അവർ ഇരുവരിൽ നിന്നും ധാരാളം പുരുഷന്മാരെയും സ്ത്രീകളെയും വ്യാപിപ്പിച്ചു. അല്ലാഹുവിനോട് ഭയഭക്തി പുലർത്തുക. അവനെ മുൻനിർത്തിയാണ് നിങ്ങൾ പരസ്പരം സഹായം തേടുന്നത്. കുടുംബ ബന്ധത്തെയും കാത്തുസൂക്ഷിക്കുക. അല്ലാഹു നിങ്ങളുടെ മേൽ സൂക്ഷ്മ നിരീക്ഷകനാണ്.(നിസാഅ് 1). അതെ, ഇസ്‌ലാമിക വീക്ഷണത്തിൽ മുഴുവൻ മാനവരാശിയും ഒരു കുടുംബത്തിലെ അംഗങ്ങളും ഒരു വൃക്ഷത്തിന്റെ ശാഖകളും ഒരു പൂന്തോട്ടത്തിലെ പുഷ്പങ്ങളുമാണ്. ഇത് പരസ്പരം സാഹോദര്യത്തോടെ ജീവിക്കാൻ

നമ്മെ പഠിപ്പിക്കുകയും പ്രേരിപ്പിക്കുകയും ചെയ്യുന്നു. ആദിപിതാവ് ആദം (അ) വഴി മുഴുവൻ മനുഷ്യരും ഏകോതര സഹോദരങ്ങളും വിശാലമായ കുടുംബത്തിന്റെ അംഗങ്ങളുമാണ്. ഈ ബന്ധം ഓരോ മനുഷ്യനെയും സ്നേഹിക്കാനും ആദരിക്കാനും എല്ലാവരുമായി സാഹോദര്യത്തിൽ വർത്തിക്കാനും ഉണർത്തുന്നു.

രണ്ടാമത്തെ കാര്യം, മാനവ മഹത്വവും ആദരവുമാണ്. പടച്ചവൻ മനുഷ്യൻ എന്ന നിലയിൽ എല്ലാ മനുഷ്യരെയും ആദരിച്ചിരിക്കുന്നു. ആദം സന്തതികൾക്ക് നാം ആദരവ് നൽകിയിരിക്കുന്നു. അവരെ കരയിലും കടലിലും നാം യാത്ര ചെയ്യിപ്പിക്കുകയും അവർക്ക് പരിശുദ്ധമായ ധാരാളം വസ്തുക്കൾ നൽകുകയും നാം സൃഷ്ടിച്ച ധാരാളം സൃഷ്ടികളേക്കാൾ അവരെ ശ്രേഷ്ഠരാക്കുകയും ചെയ്തിരിക്കുന്നു. (ബനൂഇസ്റാഈൽ 70). പടച്ചവൻ ആദരിച്ചവരെ ആദരിക്കൽ നിർബന്ധമാണ്. അനാദരിക്കുന്നത് നിഷിദ്ധവുമാണ്. മൂന്നാമത്തെ കാര്യം, പടച്ചവൻ മനുഷ്യന് ഉത്തമ ശരീരവും ഘടനയും നൽകി എന്നുള്ളതാണ്. അത്തി മരത്തെയും ഒലിവ് വൃക്ഷത്തെയും കൊണ്ട് സത്യം.(1) തൂർ സീന പർവതത്തെയുംകൊണ്ട് സത്യം. ഈ നിർഭയ നാടിനെക്കൊണ്ടും സത്യം. മനുഷ്യനെ നാം അതിസുന്ദര രൂപത്തിൽ പടച്ചു ( തീൻ 1-4).

അന്ത്യപ്രവാചകൻ മുഹമ്മദുർറസൂലുല്ലാഹി (സ) പ്രാവർത്തികമായ നിലയിൽ തന്നെ ഉപര്യുക്ത കാര്യങ്ങൾ സ്വയം ഉൾക്കൊള്ളുകയും സമുദായത്തെ പഠിപ്പിക്കുകയും ചെയ്തു. ഒരിക്കൽ ഒരു യഹൂദിയുടെ മൃതദേഹം കാണപ്പെട്ടപ്പോൾ റസൂലുല്ലാഹി (സ) എഴുന്നേറ്റ് നിന്നു. സഹാബത്ത് ചോദിച്ചു: ഇത് ഒരു യഹൂദിയുടെ മൃതദേഹമാണല്ലോ? റസൂലുല്ലാഹി (സ) അരുളി: അദ്ദേഹത്തിലും ഒരു ജീവനില്ലായിരുന്നോ? (ബുഖാരി 1312). അഹ്സാബ് പോരാട്ടത്തിന്റെ സന്ദർഭത്തിൽ ഒരു ബഹുദൈവരാധകൻ കൊല്ലപ്പെട്ടു. അദ്ദേഹത്തിന്റെ മൃതദേഹം വിട്ട് തരണമെന്ന് അപേക്ഷിച്ച ശത്രുക്കൾ അതിന് പകരം തുക നൽകാൻ സന്നദ്ധമാണെന്ന് അറിയിച്ചു. റസൂലുല്ലാഹി (സ) പരിഹാരമൊന്നും വാങ്ങാതെ മൃതദേഹം മടക്കിക്കൊടുത്തു. (ഹലബിയ്യാ 2/423). റസൂലുല്ലാഹി (സ)യ്ക്ക് മുമ്പ് ശത്രുക്കളുടെ മൃതദേഹത്തെ അനാദരിക്കുക പതിവായിരുന്നു. അവരുടെ അവയങ്ങളെ മാലയായി അണിയുകയും തീയിലിട്ട്

കരിക്കുകയും ചെയ്തിരുന്നു. ഇസ്‌ലാം കഴിവിന്റെ പരമാവധി യുദ്ധത്തിൽ നിന്നും അകന്ന് മാറാൻ നിർദ്ദേശിച്ചു. നിർബന്ധിത സാഹചര്യത്തിൽ യുദ്ധം ചെയ്യേണ്ടി വന്നാൽ യുദ്ധവുമായി ബന്ധപ്പെട്ട വളരെ മാന്യമായ നിയമങ്ങൾ പഠിപ്പിച്ചു. ആരെങ്കിലും പിടിക്കപ്പെട്ടാൽ അവരെ കൂടുതൽ വേദനിപ്പിച്ച് കൊല്ലരുത്, കൊല്ലപ്പെട്ടവരുടെ അവയവങ്ങൾ മുറിക്കുകയോ വികൃതമാക്കുകയോ ചെയ്യരുത് എന്നിവ അതിൽ പെട്ടതാണ്.

മുസ്‌ലിം അമുസ്‌ലിംകൾക്കിടയിലുള്ള ബന്ധത്തെ നാല് ഭാഗമായി തിരിയ്ക്കാം: സാമൂഹികം, സാമ്പത്തികം, രാഷ്ട്രീയം, മതപരം. ബന്ധങ്ങളുടെ ഈ മേഖലകളെക്കുറിച്ചെല്ലാം ഖുർആനിലും ഹദീസിലും വളരെ വിശദമായ അദ്ധ്യാപനങ്ങൾ കാണാൻ കഴിയുന്നതാണ്. സാമൂഹിക ബന്ധത്തെക്കുറിച്ച് അല്ലാഹു അറിയിക്കുന്നു: മത വിഷയത്തിൽ നിങ്ങളോട് യുദ്ധം ചെയ്യാതിരിക്കുകയും നിങ്ങളുടെ വീടുകളിൽ നിന്നും നിങ്ങളെ പുറത്താക്കാതിരിക്കുകയും ചെയ്തവരോട് ഉപകാരവും നീതിയും പുലർത്തുന്നതിൽ നിന്നും അല്ലാഹു നിങ്ങളെ തടയുന്നില്ല. നിശ്ചയം നീതിമാന്മാരെ അല്ലാഹു ഇഷ്ടപ്പെടുന്നു. (മുംതഹിന 8). പരിശുദ്ധ ഖുർആനിലെ ഈ സൂക്തം വളരെ പ്രാധാന്യത്തോടെ പഠിക്കേണ്ടതാണ്. മുസ്‌ലിംകളുമായി ശത്രുതയിൽ അല്ലാത്ത അമുസ്ലിംകളോട് നല്ല നിലയിൽ വർത്തിക്കണമെന്ന് ഈ വചനം ഉണർത്തുന്നു.

ആരെങ്കിലും സന്മാർഗ്ഗത്തിലാകുന്നതും സത്യം സ്വീകരിക്കുന്നതും പടച്ചവന്റെ ഔദാര്യവുമായി ബന്ധപ്പെട്ട കാര്യമാണ്. പക്ഷേ, ഇത് ഉണ്ടായില്ല എന്നതിന്റെ പേരിൽ ആരെങ്കിലുമായി ബന്ധം മുറിയ്ക്കുന്നതും നല്ലനിലയിൽ വർത്തിക്കാതിരിക്കുന്നതും ശരിയല്ല. ആരോട് നല്ലനിലയിൽ വർത്തിച്ചാലും പ്രതിഫലം ലഭിക്കുന്നതാണ്. നിഷേധികളെ നേർവഴിയിലേക്ക് കൊണ്ടുവരൽ താങ്കളുടെ ദൗത്യമല്ല. അല്ലാഹു ഉദ്ദേശിക്കുന്നവരെ നേർവഴിയിലാക്കുന്നതാണ്. നിങ്ങൾ എത്ര സമ്പത്ത് ചെലവഴിച്ചാലും അത് നിങ്ങളുടെ പ്രയോജനത്തിന് വേണ്ടിയാണ്. നിങ്ങൾ അല്ലാഹുവിന്റെ തൃപ്തിയെ തേടിക്കൊണ്ടല്ലാതെ മറ്റൊരു ലക്ഷ്യത്തിനും ചെലവഴിക്കുന്നില്ല. നിങ്ങൾ എന്ത് ചെലവഴിച്ചാലും അതിന്റെ ഫലം പൂർണ്ണമായും

നിങ്ങൾക്ക് നൽകപ്പെടും. നിങ്ങളുടെ മേൽ അൽപവും അക്രമം ഉണ്ടാകുന്നതല്ല. (ബഖറ 272). ഇബ്നു അബ്ബാസ് (റ) വിവരിക്കുന്നു: മദീനയിലെ അൻസാർ സഹാബികൾക്ക് ബനൂഖുറൈള മുതലായ യഹൂദികളുമായി ബന്ധമുണ്ടായിരുന്നു. പക്ഷേ, അവർ മുസ്ലിംകൾ ആകാത്ത കാരണത്താൽ അൻസാറുകൾ അവർക്ക് ദാനം കൊടുക്കാൻ വിസമ്മതിച്ചു. ഈ പശ്ചാത്തലത്തിലാണ് ഈ ആയത്ത് അവരിച്ചത്. (ഖുർത്തുബി 3/337). അതെ, ആരെങ്കിലും സന്മാർഗ്ഗത്തിലാകുമോ എന്ന് നോക്കി ദാനം കൊടുക്കുന്നത് പടച്ചവൻ ഇഷ്ടപ്പെടുന്നില്ല. സന്മാർഗ്ഗത്തിന്റെ ബന്ധം പടച്ചവനുമായിട്ടാണ്. ആകയാൽ അവർ സന്മാർഗ്ഗികളാകുന്നില്ല എന്നതിന്റെ പേരിൽ അവരിൽ നിന്നും സഹായ ഹസ്തം പിൻവലിക്കരുത്. ആവശ്യക്കാരായ ആരെ സഹായിച്ചാലും പ്രതിഫലം ലഭിക്കുന്നതാണ്.

റസൂലുല്ലാഹി (സ)യും അനുചരന്മാരും കാർമ്മികമായും ഇത് പാലിച്ചു. മക്കയിൽ കഠിനമായ പട്ടിണി ഉണ്ടാവുകയും ജനങ്ങൾ ശവത്തെയും മറ്റും ഭക്ഷിക്കാൻ നിർബന്ധിതരാവുകയും ചെയ്തപ്പോൾ, റസൂലുല്ലാഹി (സ) നിഷേധികളുടെ മോശമായ പെരുമാറ്റങ്ങളെല്ലാം മാറ്റിവെച്ച് അവർക്ക് അഞ്ഞൂറ് ദീനാർ സ്വർണ്ണനാണയങ്ങൾ എത്തിച്ച് കൊടുത്തു. അന്ന് മദീനയിലെ മുസ് ലിംകളും സാമ്പത്തിക ഞെരുക്കത്തിലും പട്ടിണിയിലും പ്രയാസത്തിലുമായിരുന്നു. റസൂലുല്ലാഹി (സ) ശത്രുക്കളുടെ നേതാക്കളെയാണ് ഇതിന്റെ വിതരണത്തിന് ഏൽപ്പിച്ചത് എന്നതും ശ്രദ്ധേയമാണ്. (റദ്ദുൽ മുഹ്ത്താർ 3/302). ഉമർ (റ) ഒരു വൃദ്ധനായ അമുസ്ലിം യാചിക്കുന്നതായി കണ്ടു. കാരണം തിരക്കിയപ്പോൾ ജിസ് യ (വാർഷിക നികുതി) അടയ്ക്കാൻ വേണ്ടിയാണെന്ന് അദ്ദേഹം പറഞ്ഞു. ഉമർ (റ) ബൈത്തുൽ മാലിൽ നിന്നും അദ്ദേഹത്തിന് ഒരു തുക തീരുമാനിച്ചുകൊണ്ട് പ്രസ്താവിച്ചു: നിങ്ങളുടെ യുവത്വത്തിന്റെ സമ്പാദ്യങ്ങൾ നിങ്ങളിൽ നിന്നും വാങ്ങിയ ശേഷം വാർദ്ധക്യത്തിൽ നിങ്ങളിൽ നിന്നും നികുതി വാങ്ങുന്നത് നീതിയ്ക്ക് വിരുദ്ധമാണ്. (നസ്ബുർറായ 3/454). ഐച്ഛികമായ ദാനധർമ്മങ്ങൾ അമുസ് ലിംകൾക്ക് കൊടുക്കാമെന്ന വിഷയത്തിൽ മുഴുവൻ കർമ്മ ശാസ്ത്ര പണ്ഡിതരും ഏകോപിച്ചിരിക്കുന്നു. സകാത്ത് ഒഴിച്ചുള്ള ഇതര നിർബന്ധ ദാനങ്ങളും അമുസ്ലിംകൾക്ക് കൊടുക്കാമെന്നതാണ്

ഹനഫി മദ്ഹബിലെ പ്രബലമായ അഭിപ്രായം. (ദുർറുൽ മുഖ്താർ 3/301).

സാമൂഹിക ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഘടകം ശാന്തിയും സമാധാനവുമാണ്. ഇതിന്റെ ബന്ധം ജീവനും സമ്പത്തും അന്തസ്സും അഭിമാനവുമായിട്ടാണ്. ജാതിമത വ്യത്യാസമില്ലാതെ എല്ലാവരുടെയും ജീവനും സമ്പത്തും അന്തസ്സും അഭിമാനവും സംരക്ഷിക്കണമെന്ന് ഇസ്‌ലാം നിർദ്ദേശിക്കുന്നു. ഈ വിഷയത്തിൽ റസൂലുല്ലാഹി (സ) അരുളിയ അടിസ്ഥാനപരമായ നിർദ്ദേശം ഇപ്രകാരമാണ്: അമുസ്‌ലിംകളുടെ രക്തം നമ്മുടെ രക്തം പോലെയും അവരുടെ സമ്പത്ത് നമ്മുടെ സമ്പത്ത് പോലെയുമാണ്. (നസ്ബുർറായ 4/369). പരിശുദ്ധ ഖുർആൻ അന്യായമായ നിലയിൽ ആരെയും വധിക്കരുതെന്ന് പല സ്ഥലങ്ങളിലും ഉണർത്തിയിട്ടുണ്ട്. (ബനൂഇസ്റാഈൽ, അൻആം, ഫുർഖാൻ). ഒരു സ്ഥലത്ത് ആരെയെങ്കിലും അന്യായമായി വധിക്കുന്നത് മുഴുവൻ മനുഷ്യരെയും വധിക്കുന്നത് പോലെയാണെന്ന് ഉണർത്തിയിരിക്കുന്നു. (മാഇദ 32). കാരണം ആരെയെങ്കിലും അന്യായമായി വധിക്കാൻ അനുവാദം നൽകിയാൽ ആർക്കും ആരെയും വധിക്കാം എന്ന അവസ്ഥ സംജാതമാകുന്നതും മുഴുവൻ മാനവരാശിയുടെയും ജീവൻ അപകടത്തിലാകുന്നതാണ്. ഈ വചനങ്ങളിലൊന്നും മുസ്‌ലിം അമുസ്‌ലിം വ്യത്യാസമില്ല എന്ന കാര്യം ശ്രദ്ധേയമാണ്.

റസൂലുല്ലാഹി (സ) യും ഈ വിഷയത്തിൽ വളരെ ഗൗരവമായ സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. റസൂലുല്ലാഹി (സ) അരുളി: പരസ്പരം സമാധാനത്തോടെ ജീവിക്കാമെന്ന് കരാർ ചെയ്ത അമുസ്‌ലിമിനെ വധിക്കുന്നവൻ സ്വർഗ്ഗത്തിന്റെ സുഗന്ധം പോലും മണക്കുന്നതല്ല. സ്വർഗ്ഗത്തിന്റെ സുഗന്ധം 40 വർഷത്തെ വഴി ദൂരത്ത് നിന്നും അനുഭവപ്പെടുന്നതാണ്. (ബുഖാരി 3166). ഒരു മുസ്‌ലിം അന്യായമായ നിലയിൽ ഒരു അമുസ്‌ലിമിനെ വധിച്ചാൽ പ്രതിക്രിയ നിയമം അനുസരിച്ച് അവനും വധിക്കപ്പെടുന്നതാണ്. കാരണം പരിശുദ്ധ ഖുർആനിൽ ഒരാളെ വധിച്ചാൽ ഘാതകനെ തിരിച്ച് വധിക്കണമെന്നാണ് നിയമം പറഞ്ഞിരിക്കുന്നത്. (മാഇദ 45). ഇതിൽ മുസ്‌ലിം അമുസ്‌ലിം വിവേചനമില്ല. ഇബ്നു ഉമർ (റ) വിവരിക്കുന്നു: റസൂലുല്ലാഹി (സ) ഒരു അമുസ്‌ലിമിനെ വധിച്ചതിന്റെ പേരിൽ ഒരു മുസ്‌ലിമിനെ വധിക്കുകയുണ്ടായി. (മുസന്നഫ് അബ്ദുർറസാഖ് 10/

101). ഉമർ (റ) അവർകളും ഇതേ നിയമം പറഞ്ഞതായി വന്നിരിക്കുന്നു. (മുസന്നഫ് 10/101). ഇമാം ശാഫിഈ (റഹ്) വിവരിക്കുന്നു: അമുസ്ലിമിനെ വധിച്ച മുസ്ലിമിനെ വധിക്കണമെന്ന് അലിയ്യ് (റ) നിർദ്ദേശിച്ചു. (മുസ്നദ് ശാഫിഈ, സുനനുൽ ബൈഹഖി 1243). ഇനി കൊല്ലപ്പെട്ടവരുടെ അവകാശികൾ മാപ്പ് നൽകുകയോ കൊല അബദ്ധവശാൽ ഉണ്ടാവുകയോ ചെയ്താൽ പ്രതിക്രിയക്ക് പകരം നഷ്ടപരിഹാരം നൽകേണ്ടതാണ്. നഷ്ടപരിഹാരത്തിനും മുസ്ലിം അമുസ്ലിം വ്യത്യാസമില്ല. ഇബ്നു ഉമർ (റ) പ്രസ്താവിക്കുന്നു. റസൂലുല്ലാഹി (സ) ഒരു അമുസ്ലിമിന് മുസ്ലിമിന്റെ തന്നെ നഷ്ടപരിഹാരം നൽകുകയുണ്ടായി. (ദാറുഖുത്നി). ഇബ്നു അബ്ബാസ്, അബൂഹുറയ്റ, ഉസാമ (റ) മുതലായ നിരവധി സഹാബികൾ ഇപ്രകാരം പ്രസ്താവിച്ചിട്ടുണ്ട്. (നസ്ബുർറായ 4/369).

ജീവൻ പോലെ തന്നെ അമുസ്ലിംകളുടെ സമ്പത്തും മുസ്ലിംകളുടെ പോലെ തന്നെയാണ്. അതായത് അതും ആദരണിയമാണ്. അവരുടെ മന:സംതൃപ്തിയില്ലാതെ അവരുടെ സമ്പത്ത് ഉപയോഗിക്കാൻ പാടില്ല;

സത്യവിശ്വാസികളേ പരസ്പര സംതൃപ്തിയോടെ നടത്തുന്ന കച്ചവടത്തിലൂടെയല്ലാതെ സ്വത്തുകൾ അന്യായമായി നിങ്ങൾ തിന്നരുത്. അന്യോന്യം കൊലനടത്താനും പാടില്ല. അല്ലാഹു നിങ്ങളോട് ഏറെ കരുണാമയനത്രേ. ആരെങ്കിലും നിയമം മറികടന്ന് അക്രമമായി അങ്ങനെ ചെയ്താൽ അവനെ നാം വഴിയെ നരകത്തിൽ പ്രവേശിപ്പിക്കും. (നിസാഅ് 29). ഖൈബർ യുദ്ധ സമയത്ത് ചില മുസ്ലിംകൾ യഹൂദികളുടെ മൃഗങ്ങളും പഴങ്ങളും ഉപയോഗിച്ചു. ഇതറിഞ്ഞ റസൂലുല്ലാഹി (സ) അതൃപ്തി പ്രകടിപ്പിക്കുകയും ഇത് അനുവദനിയമല്ലെന്ന് പ്രസ്താവിക്കുകയും ചെയ്തു. (അബൂദാവൂദ് 3050). റസൂലുല്ലാഹി (സ) അരുളി: അറിയുക: മുസ്ലിംകളുമായി കരാറിൽ കഴിയുന്ന അമുസ്ലിംകളോട് ആരെങ്കിലും അക്രമം കാട്ടുകയോ അവകാശം ധ്വംസിക്കുകയോ കഴിവിനേക്കാൾ കൂടുതൽ കൽപ്പിക്കുകയും ചെയ്താൽ ഖിയാമത്ത് ദിനം അവനെതിരിൽ ഞാൻ വാദിക്കുന്നതാണ്. (അബൂദാവൂദ് 3053). മുസ്ലിംകളുടെ സമ്പത്തും മോഷ്ടിച്ചവന്റെ കൈ വെട്ടേണ്ടതുപോലെ അമുസ്ലിമിന്റെ സമ്പത്ത് മോഷ്ടിച്ചവന്റെയും കൈ വെട്ടണമെന്നതാണ് ഇസ്ലാമിക ശിക്ഷാ നിയമം. അല്ലാമാ ഇബ്നു ഖുദാമ മഖ്ദിസി കുറിക്കുന്നു: ഈ

വിഷയത്തിൽ കർമ്മ ശാസ്ത്ര പണ്ഡിതർ ഏകോപിച്ചിരിക്കുന്നു. (മുഗ് നി 12/451). അതെ, ഇസ്‌ലാമിന്റെ കാഴ്ച്ചപ്പാടിൽ മുസ്‌ലിംകളുടെയും അമുസ്‌ലിംകളുടെയും സമ്പത്ത് ഒരുപോലെ ആദരണിയമാണ്.

ഇതേ വീക്ഷണം തന്നെയാണ് അന്തസ്സിന്റെയും അഭിമാനത്തിന്റെയും കാര്യം. ജാതിമത വ്യത്യാസമില്ലാതെ എല്ലാ മുതിർന്നവരെയും ആദരിക്കുകയും താഴ്ന്നവരോട് കരുണ കാട്ടുകയും ചെയ്യേണ്ടതാണ്. താഴെ പറയുന്ന ഉപദേശം മുസ്‌ലിംകളോടും അമുസ് ലിംകളോടും പാലിക്കേണ്ടതാണ്. സത്യവിശ്വാസികളെ, (പുരുഷന്മാരിൽ) ഒരുകൂട്ടം മറ്റൊരു കൂട്ടത്തെ പരിഹസിക്കരുത്. ചിലപ്പോൾ പരിഹസിക്കപ്പെടുന്നവർ പരിഹസിക്കുന്നവരേക്കാൾ ഉത്തമരായിരിക്കും. സ്ത്രീകളാരും മറ്റ് സ്ത്രീകളെ പരിഹസിക്കരുത്. ചിലപ്പോൾ പരിഹസിക്കപ്പെടുന്നവർ പരിഹസിക്കുന്നവരേക്കാൾ ഉത്തമരായിരിക്കും. നിങ്ങൾ പരസ്പരം ആക്ഷേപങ്ങൾ നടത്തുകയും പരിഹാസ പേരുകൾ ഉപയോഗിക്കുകയും ചെയ്യരുത്. സത്യവിശ്വാസം സ്വീകരിച്ചതിന് ശേഷം പാപത്തിന്റെ നാമം വന്നുചേരുന്നത് മഹാമോശമാണ്. ആരെങ്കിലും പശ്ചാത്തപിച്ചില്ലെങ്കിൽ അവർ അക്രമികൾ തന്നെയാണ്. (ഹുജുറാത്ത് 11). പുരുഷന്മാരും സ്ത്രീകളും ദൃഷ്ടികൾ താഴ്ത്തണമെന്നും ഗുഹ്യസ്ഥാനം സംരക്ഷിക്കണമെന്നും അല്ലാഹു പ്രത്യേകം കൽപ്പിച്ചിരിക്കുന്നു. (നൂർ 31-32). ഈ നിയമം പൊതുവാണ്. ഇതിൽ മുസ്‌ലിം അമുസ്‌ലിം വ്യത്യാസമില്ല. എല്ലാവരുടെയും അന്തസ്സും അഭിമാനവും ആദരണിയമാണ്. അവയ്ക്ക് മുറിവേൽപ്പിക്കുന്നത് നിഷിദ്ധമാണ്. ആരുടെയെങ്കിലും അഭിമാനത്തിന് ക്ഷതം വരുത്തുന്നത് കുറ്റകരവും ശിക്ഷാർഹവുമാണ്. ഇതിൽ ജാതിമത വ്യത്യാസമില്ല.

സാമൂഹ്യ ബന്ധത്തിനുള്ളിൽ ആഹാര-പാനിയങ്ങൾ, വിദ്യാഭ്യാസം, സന്ദർശനം, സുഖ-ദു:ഖങ്ങളിലെ സന്ദർശനം എന്നിവയും വരുന്നു. ഈ മേഖലകളിലെല്ലാം അമുസ്‌ലിംകളോടൊപ്പം നല്ലനിലയിൽ വർത്തിക്കണമെന്ന് ഇസ്‌ലാം നിർദ്ദേശിക്കുന്നു. റസൂലുല്ലാഹി (സ) അമുസ്‌ലിംകളുടെ ആഹാരത്തിന്റെ ക്ഷണം സ്വീകരിച്ചിട്ടുണ്ട്. (ബുഖാരി 2617). അമുസ്‌ലിംകളെ ആഹാരത്തിന് ക്ഷണിച്ചിട്ടുമുണ്ട്. (അദ്ദുർറുൽ മൻസൂർ 5/151). അവരെ അതിഥികളായി സ്വീകരിച്ചിട്ടുണ്ട്. (അൽ ഖസാഇസുൽ കുബ്റാ 1/123). അമുസ് ലിംകളുടെ മരണനാന്തര സംസ്കരണം നടത്താൻ സുഹൃത്തുക്കളെ

ചുമതലപ്പെടുത്തി. (ഇഅ്ലാഉസ്സുനൻ 8/282). അമുസ്ലിംകളുടെ രോഗ സന്ദർശനം നടത്തി. (ബുഖാരി 5657).

അമുസ്ലിംകളെ വിജ്ഞാനം പഠിപ്പിക്കുകയും അവരിൽ നിന്നും പഠിക്കുകയും ചെയ്യാവുന്നതാണ്. റസൂലുല്ലാഹി (സ) അരുളി: വിജ്ഞാനം സത്യവിശ്വാസിയ്ക്ക് കളഞ്ഞ് കിട്ടുന്ന സമ്പത്താണ്. (തിർമിദി 2687). ബദ്ർ തടവുകാരിൽ എഴുത്തും വായനയും അറിയുന്ന ആളുകൾക്ക് മോചന ദ്രവ്യമായി നിശ്ചയിച്ചത് പത്ത് മുസ്ലിം കുട്ടുകൾക്ക് എഴുത്തും വായനയും പഠിപ്പിക്കലാണ്. അതെ, വിജ്ഞാനത്തിന്റെ വിശുദ്ധ ബന്ധത്തിൽ മതപരമായ യാതൊരു വേർതിരിവും ഇസ്ലാം കൽപ്പിക്കുന്നില്ല.

എന്നാൽ വേഷഭൂഷാധികളിലും ജീവിത ശൈലികളിലും മറ്റും മുസ്ലിംകൾ ഇസ്ലാമിക സംസ്കാരം നിലനിർത്തണമെന്ന് കൂടി ഇസ്ലാം മുസ്ലിംകളെ ഉണർത്തുന്നു. റസൂലുല്ലാഹി (സ) അരുളി: മറ്റുള്ളവരോട് സാദൃശ്യത സ്വീകരിക്കുന്നവൻ നമ്മിൽ പെട്ടവനല്ല. (തിർമിദി 2695). അതുകൊണ്ട് തന്നെ റസൂലുല്ലാഹി (സ) സലാമിന്റെ ശൈലിയിലും താടി വളർത്തുന്നതിലും മുടി വെട്ടുന്നതിലും മറ്റും ഇസ്ലാമിക സംസ്കാരം നിലനിർത്തണമെന്ന് റസൂലുല്ലാഹി (സ) ഉദ്ബോധിപ്പിക്കുകയുണ്ടായി.

സാമ്പത്തിക ബന്ധത്തിലും ഇസ്ലാം മുസ്ലിം അമുസ്ലിം ബന്ധം തടഞ്ഞിട്ടില്ല. പ്രവാചകത്വത്തിന് ശേഷവും റസൂലുല്ലാഹി (സ) അബൂസുഫ്യാനും ജുബൈറുബ്നു മുത്ഇമുമായി സാമ്പത്തിക ഇടപാടുകൾ നടത്തി. ഖൈബർ വിജയത്തിന് ശേഷം അവിടുത്തെ ഭൂമികൾ യഹൂദികളെ തന്നെ ഏൽപ്പിച്ച് അതിന്റെ വരുമാനത്തിന്റെ ഓഹരി അവർക്ക് നൽകുകയുണ്ടായി. (ബുഖാരി 4248). അമുസ്ലിംകളുടെ അരികിൽ മുസ്ലിമിന് തൊഴിലാളിയാകാവുന്നതാണ്. അലിയ്യ് (റ) ഒരു യഹൂദിയുടെ അരികിൽ ജോലി ചെയ്തു. (കൻസുൽ ഉമ്മാൽ 2/321). ആശാരിപ്പണി അറിയാവുന്ന ഖബ്ബാബ് (റ) ആസിബുബ്നു വാഇലിന്റെ അരികിൽ ജോലി ചെയ്തു. (ബുഖാരി 2375). അമുസ്ലിംകളെ ജോലിയ്ക്കാരായി സ്വീകരിക്കുകയും ചെയ്യാവുന്നതാണ്. അറേബ്യയിൽ വഴി മുഴുവനും മണൽക്കാടായിരുന്നു. അതുകൊണ്ട് വഴി മനസ്സിലാക്കാൻ വലിയ ബുദ്ധിമുട്ടായിരുന്നു. അതുകൊണ്ട് തന്നെ യാത്രക്കാർ വഴികാട്ടികളെ സ്വീകരിച്ചിരുന്നു. റസൂലുല്ലാഹി (സ) മദീനയിലേക്ക് ഹിജ്റ

ചെയ്തപ്പോൾ ബഹുദൈവരാധകനായ ഒരു വ്യക്തിയെയാണ് ജോലിയ്ക്ക് വഴികാട്ടി ആക്കിയത്. (അഹ്കാമു അഹ്ലുദ്ദിമ്മ: ഇബ്നുൽ ഖയ്യും 207). ഈ വിഷയത്തിൽ ഫുഖഹാഅ് മുഴുവനും ഏകോപിച്ചിരിക്കുന്നു. (മൗസൂഅ ഫിഖ്ഹിയ്യ 105).

മുസ്ലിം ഭരണകൂടത്തിൽ അമുസ്ലിംകൾ ഉയർന്ന സ്ഥാനങ്ങൾ നിർവ്വഹിച്ചിട്ടുണ്ട്. മുആവിയ (റ)ന്റെ കാലഘട്ടത്തിൽ ഹിംസിലെ സാമ്പത്തിക ഉപദേഷ്ടാവ് ഇബ്നു അസാൽ എന്ന ക്രൈസ്തവനായിരുന്നു. അബ്ദുൽ മലിക്കിന്റെ എഴുത്തുകാരൻ ഇബ്നു സർജൂനും ക്രൈസ്തവനായിരുന്നു. എഴുത്തുകാരനെന്നാൽ രാജാവിന്റെ രേഖകൾ മുഴുവനും കൈയ്യിൽ വെക്കുന്ന വ്യക്തിയാണ്. അദ്ദേഹത്തിന് പ്രധാന മന്ത്രിയുടെ സ്ഥാനമുണ്ടെന്ന് അല്ലാമ ശിബ്ലി നുഅ്മാനി പ്രസ്താവിക്കുന്നു. ദൈലം ഭരണകൂടത്തിലെ പ്രധാനമന്ത്രി നസ്റും ക്രൈസ്തവനായിരുന്നു. ഇവരെല്ലാവരും ക്രൈസ്തവർക്കിടയിൽ വലിയ പ്രാധാന്യമുള്ള വ്യക്തിത്വങ്ങളുമായിരുന്നു. പക്ഷേ, ഇവരുടെ മത ബന്ധം സേവനം സ്വീകരിക്കുന്നതിൽ യാതൊരു തടസ്സവുമായില്ല. (മഖാലാത്തെ ശിബ്ലി 2/217).

എല്ലാവരും ശ്രദ്ധിക്കുകയും ബന്ധപ്പെടുകയും ചെയ്യേണ്ട ഒരു മേഖലയാണ് രാഷ്ട്രീയം. ഒരു പ്രദേശത്തെയും രാജ്യത്തെയും രാഷ്ട്രീയ അവസ്ഥകളും കയറ്റിറക്കങ്ങളും മുസ്ലിംകൾ ശ്രദ്ധിക്കേണ്ടതാണ്. കാരണം രാഷ്ട്രീയ അവസ്ഥകൾ ജീവിതത്തിന്റെ സർവ്വ മേഖലകളുമായി ബന്ധപ്പെടുന്നതാണ്. നാട്ടിലെ ശാന്തിയിലും സമാധാനത്തിനും രാഷ്ട്രീയത്തിന് വലിയ പങ്കുണ്ട്. അതുകൊണ്ട് തന്നെ ഇസ്ലാം അമുസ്ലിംകളുമായി രാഷ്ട്രീയ ബന്ധവും അനുവദിച്ചിരിക്കുന്നു. രാഷ്ട്രീയത്തിന്റെ ലക്ഷ്യം രാജ്യത്ത് നിയമ വാഴ്ച്ച സ്ഥാപിക്കലും ഉറപ്പിക്കലുമാണ്. റസൂലുല്ലാഹി (സ) ഈ ലോകത്ത് വന്നപ്പോൾ അറേബ്യയിൽ വ്യവസ്ഥാപിതമായ ഒരു ഭരണകൂടവും ഉണ്ടായിരുന്നില്ല. എന്നാൽ ഗോത്ര തലവന്മാർ ഗോത്രങ്ങളെ നയിച്ചിരുന്നു. ഇതിനിടയിൽ മക്കയിൽ ഒരു സംഭവം ഉണ്ടായി. മക്കക്കാരനായ വ്യക്തി ഒരു വിദേശിക്കുള്ള ബാധ്യത കൊടുത്തുവീടാൻ വിസമ്മതിച്ചു. അദ്ദേഹം മക്കക്കാരൻ അല്ലാത്തത് കൊണ്ട് ഗോത്രക്കാർ ആരും സഹായിച്ചതുമില്ല. അദ്ദേഹം കഅ്ബയുടെ മുറ്റത്ത് നിന്ന് തന്റെ ദു:ഖ കഥ വിവരിക്കുകയും

മനുഷ്യത്വമുള്ളവരോട് സഹായം തേടുകയും ചെയ്തു. ഇത് കേട്ട ഏതാനും യുവാക്കൾ അദ്ദേഹത്തെ സഹായിക്കാൻ മുന്നോട്ട് വരുകയും അബ്ദുല്ലാഹിബ്നു ജുദുആൻ എന്ന വ്യക്തിയുടെ വീട്ടിൽ ഒരുമിച്ച് കൂടുകയും ചെയ്തു. പ്രസ്തുത സദസ്സിൽ റസൂലുല്ലാഹി (സ)യും പരിപൂർണ്ണ ശ്രദ്ധയോടെ പങ്കെടുത്തു. അവിടെ വെച്ച് ഹിൽഫുൽ ഫുളൂൽ എന്ന ഒരു പ്രസ്ഥാനം രൂപം കൊണ്ടു. നീതിയുടെ സംസ്ഥാപനവും അക്രമത്തെ തടയലും അക്രമിക്കെതിരിൽ അണിനിരക്കലുമായിരുന്നു ഇതിന്റെ ലക്ഷ്യം. നുബുവ്വത്തി മുമ്പ് നടന്ന ഈ സംഭവത്തെ റസൂലുല്ലാഹി (സ) വളരെയധികം ഇഷ്ടപ്പെടുകയും അതിനെക്കുറിച്ച് ഇപ്രകാരം അരുളുകയും ചെയ്തു: ഇന്നും എന്നെ ഇത്തരമൊരു കാര്യത്തിന് വിളിച്ചാൽ ഞാൻ അതിന് സന്നദ്ധനാണ്. (അൽബിദായ വന്നിഹായ 2/291).

രാഷ്ട്രീയ വേദികളിൽ അമുസ്ലിംകളുമായി സഹകരിക്കാവുന്നതാണ്. കൂടാതെ, വ്യത്യസ്ത മതസ്ഥർ അണിനിരന്ന രാഷ്ട്രീയ മുന്നണിയിൽ പങ്കെടുക്കാവുന്നതുമാണ്. പരിശുദ്ധ ഖുർആനിൽ യൂസുഫ് നബി (അ)ന്റെ സംഭവം വിശദമായി വിവരിക്കപ്പെട്ടിട്ടുണ്ട്. അന്ന് ഈജിപ്തിൽ ബഹുദൈവാരാധകരുടെ ഭരണമായിരുന്നു. യൂസുഫ് നബി (അ) രാജ്യത്തിന്റെ നന്മയിലേക്ക് നോക്കിക്കൊണ്ട് ധനമന്ത്രി സ്ഥാനം ചോദിച്ച് വാങ്ങുകയും അത് വളരെ നല്ലനിലയിൽ നിർവ്വഹിക്കുകയും ചെയ്തു. അമുസ് ലിംകളുമായിട്ടുള്ള രാഷ്ട്രീയ ബന്ധത്തിന് രണ്ട് അടിസ്ഥാനങ്ങളാണ് ഉള്ളത്. ഒന്ന്, നീതിപരമായ നിയമങ്ങൾ അനുസരിക്കുക. കാരണം നാം താമസിക്കുന്ന നാട്ടിലെ നീതിയുക്തമായ നിയമങ്ങൾ പാലിക്കാൻ നാം ബാധ്യസ്ഥരാണ്. അത് ലംഘിക്കാൻ അനുവാദമില്ല. രണ്ട്, അക്രമം ഇല്ലായ്മ ചെയ്യുക. കാരണം തിന്മ തടയേണ്ടത് ഇസ് ലാമിക കർത്തവ്യമാണ്. അക്രമം വലിയ തിന്മയാണ്.

പക്ഷേ, അക്രമം തടയുന്നത് നിയമത്തിന്റെ ഉള്ളിലായിരിക്കണമെന്ന് റസൂലുല്ലാഹി (സ) പഠിപ്പിക്കുന്നു. അതായത് ശക്തി ഉപയോഗിക്കാൻ നിയമം അനുവദിക്കുന്നെങ്കിൽ അത് ഉപയോഗിക്കുക. അല്ലെങ്കിൽ നാവ് കൊണ്ട് പ്രതിഷേധിക്കുക. അതിനും കഴിവില്ലെങ്കിൽ മനസ്സുകൊണ്ട് തിന്മയെ തിന്മയായി കാണുകയും കഴിയുന്ന സമയത്ത് ദൂരീകരിക്കുന്നതാണെന്ന് തീരുമാനിക്കുകയും ചെയ്യുക. (മുസ്ലിം 49). ഈ ഹദീസിലെ

ഒന്നാമത്തെ കാര്യം കൈകൊണ്ട് തിന്മയെ തടയലാണ്. കൈകൊണ്ടുള്ള ഉദ്ദേശം ശക്തിയെന്നാണ്. ഈ കാലഘട്ടത്തിൽ വോട്ട് രേഖപ്പെടുത്തുന്നതും സമാധാനപരമായി പ്രതിഷേധിക്കുന്നതും ശക്തി ഉപയോഗിക്കലാണ്. അതുപോലെ അക്രമത്തിനെതിരിൽ ശബ്ദം ഉയർത്തുന്നത് നാവുകൊണ്ട് തടയലാണ്. ചുരുക്കത്തിൽ രാഷ്ട്രീയ വിഷയങ്ങളിൽ മുസ്‌ലിംകളും അമുസ്‌ലിംകളും സഹകരിക്കാവുന്നതാണ്. പക്ഷേ, അതിന്റെ ലക്ഷ്യം വെറും അധികാരം കരസ്ഥമാക്കൽ മാത്രമാകരുത്. മറിച്ച് അതിന്റെ ലക്ഷ്യം, നീതിയുടെ സംസ്ഥാപനവും അക്രമത്തെ തടയലുമായിരിക്കണം. മുസ്‌ലിംകളുടെയും അമുസ്‌ലിംകളുടെയും ഇടയിലുള്ള ബന്ധത്തിലെ സുപ്രധാനമായ ഒരു വിഷയം മതപരമായ ബന്ധങ്ങളാണ്. ഈ വിഷയത്തിൽ ഇസ്‌ലാം പഠിപ്പിക്കുന്ന കാര്യം സ്വന്തം മതത്തിൽ ഉറച്ച് നിൽക്കുന്നതിനോടൊപ്പം മറ്റുള്ളവരുടെ മതങ്ങളെ ആദരിക്കുകയും അവരുടെ മതകാര്യങ്ങളിൽ കൈ കടത്താതിരിക്കുകയും ചെയ്യുക എന്നതാണ്. ഇസ്‌ലാമിന്റെ പ്രഥമവും പ്രധാനവുമായ അദ്ധ്യാപനം തൗഹീദ് (ഏകദൈവ വിശ്വാസം) ആണ്. തൗഹീദിനേക്കാളും ആവശ്യമുള്ളതും പുണ്യകരവുമായ ഒരു കാര്യവുമില്ല. ശിർക്ക് (ബഹുദൈവരാധന) കടുത്ത പാപമാണ്. എന്നാൽ ഇതിനോടൊപ്പം ഇസ്‌ലാം അങ്ങേയറ്റത്തെ മത സ്വാതന്ത്ര്യം അമുസ്‌ലിംകൾക്ക് നൽകുന്നു. ഖുർആൻ വ്യക്തമായി പ്രഖ്യാപിക്കുന്നു: ഓരോരുത്തർക്കും വിശ്വാസ സ്വാതന്ത്ര്യമുണ്ട്. ആർക്കും ഏത് മതവും സ്വീകരിക്കാം. ഇസ്‌ലാം സ്വീകരിക്കുന്നതിന് യാതൊരുവിധ നിർബന്ധവും സമ്മർദ്ധവും പാടില്ല. (ബഖറ 256). റസൂലുല്ലാഹി (സ)യോട് ഖുർആൻ ചോദിക്കുന്നു: താങ്കളുടെ നാഥൻ ഉദ്ദേശിച്ചിരുന്നുവെങ്കിൽ, ഭൂമിയിലുള്ളവരെല്ലാം സത്യവിശ്വാസം സ്വീകരിക്കുമായിരുന്നു. ജനങ്ങൾ വിശ്വാസികളാകാൻ താങ്കൾ ജനങ്ങളെ നിർബന്ധിക്കുമോ? (യൂനുസ് 99). ഉമർ (റ)ന് വസ്ഖ് എന്ന പേരുള്ള ഒരു അടിമയുണ്ടായിരുന്നു. അദ്ദേഹത്തിനെ ഉമർ (റ) ഇസ് ലാമിലേക്ക് ക്ഷണിക്കുമായിരുന്നു. എന്നാൽ അദ്ദേഹം നിരന്തരം വിസമ്മതിക്കുകയുണ്ടായി. ഉമർ (റ) ഇസ്‌ലാം സ്വീകരണത്തിന് നിർബന്ധമില്ല എന്ന ആയത്ത് ഓതിക്കൊണ്ട് അദ്ദേഹത്തിന് സ്വാതന്ത്ര്യം നൽകിയിരുന്നു. വിയോഗത്തിന് തൊട്ട് മുമ്പ് അദ്ദേഹത്തെ സ്വതന്ത്രനാക്കുകയും ചെയ്തിരുന്നു. (അൽ അംവാൽ 1/152).

വിശ്വാസം കൂടാതെ സ്വന്തം മതം അനുസരിച്ച് ജീവിക്കാനും ഇസ്‌ലാം അമുസ്‌ലിംകളെ അനുവദിക്കുന്നു. റസൂലുല്ലാഹി (സ)യിലൂടെ പരിശുദ്ധ ഖുർആൻ വളരെ വ്യക്തമായി മക്കാബഹുദൈവരാധകരോട് പറയുന്നു: നിങ്ങൾക്ക് നിങ്ങളുടെ മതം, എനിയ്ക്ക് എന്റെ മതം. (കാഫിറൂൻ). ഒരിടത്ത് പറയുന്നു: ഞങ്ങൾക്ക് ഞങ്ങളുടെ കർമ്മം, നിങ്ങൾക്ക് നിങ്ങളുടെ കർമ്മം. (ശൂറ 15). റസൂലുല്ലാഹി (സ) ഈ വിഷയത്തിൽ വളരെ വിശാലമായ സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. നജ്റാനിൽ നിന്നും ക്രൈസ്തവ സംഘം തിരുസന്നിധിയിൽ വന്നപ്പോൾ റസൂലുല്ലാഹി (സ) അവരെ മസ്ജിദുന്നബവ്വിയിൽ സ്വീകരിക്കുകയും താമസിപ്പിക്കുകയും അവരുടെ മത കാര്യങ്ങൾക്ക് സ്വാതന്ത്ര്യം നൽകുകയും ചെയ്തു. (അഹ്കാമുദ്ദിമ്മ: 1/316).

ഇതര മതവിഭാഗങ്ങളുടെ വികാരങ്ങൾക്ക് മുറിവേൽപ്പിക്കുന്നതിൽ നിന്നും അവരുടെ ആരാധ്യ വസ്തുക്കളെ അതിക്ഷേപിക്കരുതെന്നും ഇസ്‌ലാം നിഷ്കർഷിക്കുന്നു. പടച്ചവന്റെ അസ്ഥിത്വത്തിലും ഗുണവിശേഷണങ്ങളിലും ആരെയെങ്കിലും പങ്കാളിയാക്കുന്നത് ഇസ്‌ലാമിൽ കടുത്ത കുറ്റമാണ്. എന്നാൽ മതപരമായ വിട്ടുവീഴ്ച്ചയെന്നോണം അമുസ്‌ലിംകൾ പടച്ചവനോട് പങ്ക് ചേർക്കുന്ന ആരാധ്യ വ്യക്തിത്വങ്ങളെ നിന്ദിക്കുന്നതിൽ നിന്നും നിർദ്ദേശിക്കുന്നു. അല്ലാഹുവിനെ കൂടാതെ അവർ ആരാധിക്കുന്ന വസ്തുക്കളെ നിങ്ങൾ ആക്ഷേപിക്കരുത്. അപ്പോൾ വിവരമില്ലാതെ പരിധിവിട്ട് അവർ അല്ലാഹുവിനെയും ആക്ഷേപിക്കും. അപ്രകാരം ഓരോ സമുദായത്തിനും അവരവരുടെ കർമം നാം അലങ്കരിച്ചുകൊടുത്തിരിക്കുന്നു. പിന്നീട് അവരുടെ രക്ഷിതാവിലേക്കാണ് അവരുടെ മടക്കം. അവർ ചെയ്തുകൊണ്ടിരുന്നതിനെക്കുറിച്ച് അപ്പോൾ അവൻ അവരെ അറിയിക്കുന്നതാണ്. (അൻആം 108).

ഇപ്രകാരം അമുസ്‌ലിം ആരാധനാലയങ്ങളുടെ വിഷയത്തിലും അവരുടെ വികാരത്തെ ഇസ്‌ലാം പരിഗണിച്ചിരിക്കുന്നു. ആരാധനാലയങ്ങൾ തകർക്കുന്നതിനെ വിമർശിച്ച സ്ഥലത്ത് മസ്ജിദുകൾക്ക് മുമ്പ് ഖുർആൻ അനുസ്മരിച്ചത് യഹൂദികളുടെയും ക്രൈസ്തവരുടെയും മറ്റും ആരാധനാലയങ്ങളെയാണ്. (ഹജ്ജ് 40). അതെ, ആരാധനാലയങ്ങൾ

ഏത് മതത്തിന്റേത് ആയിരുന്നാലും ആദരണീയമാണ്. നജ്റാൻ നിവാസികളോട് റസൂലുല്ലാഹി (സ) നടത്തിയ കരാറിൽ ഇപ്രകാരം വ്യക്തമാക്കിയിരുന്നു: അവരുടെ ആരാധനാലയങ്ങൾ തകർക്കപ്പെടുകയോ മത കാര്യങ്ങളിൽ കൈ കടത്തുകയോ ചെയ്യുന്നതല്ല. (അബൂദാവൂദ്). സിദ്ദീഖീ യുഗത്തിൽ ഖാലിദ് (റ) ഹയ്റ എന്ന നാട് കീഴടക്കിയപ്പോൾ നാട്ടുകാരുമായി ഒരു കരാർ നടത്തി. ചർച്ചുകളും മത സ്ഥാപനങ്ങളും തകർക്കപ്പെടുന്നതല്ലെന്ന് അതിൽ വ്യക്തമാക്കപ്പെട്ടിരുന്നു. (മൗസൂഅത്തുൽ ഖറാജ് ഇമാം അബൂയൂസുഫ് 143). ഈ വിഷയത്തിൽ സച്ചരിത ഖലീഫമാരുടെയും ശേഷമുള്ള മുസ്ലിം ഭരണാധികാരികളുടെയും നിരവധി ഉദാഹരണങ്ങൾ കാണാൻ കഴിയും. ചുരുക്കത്തിൽ ഇസ്ലാം ഒരു ഭാഗത്ത് ഏകദൈവ വിശ്വാസത്തിന്റെ സംരക്ഷണത്തിൽ അതീവ ജാഗ്രത പുലർത്തുന്നു. ഇസ്ലാമിക അദ്ധ്യാപനങ്ങൾ മുറുകെ പിടിക്കാൻ മുസ്ലിംകളെ ഉദ്ബോധിപ്പിക്കുന്നു. മറുഭാഗത്ത് അമുസ്ലിംകളുടെ മത വിഷയങ്ങളിൽ ഉദാരമായ സമീപനം സ്വീകരിക്കാനും ഇതര വിഷയങ്ങളിൽ അവരോട് സഹകരിക്കാൻ നിർദ്ദേശിക്കുകയും ചെയ്യുന്നു. എന്നാൽ തെറ്റിദ്ധാരണകളുടെ പുകമറകൾക്കിടയിൽ ഈ യാഥാർത്ഥ്യം മറഞ്ഞുപോകുന്നു. ഇത്തരം വിഷയങ്ങൾ കൂടുതൽ വ്യക്തമാക്കിക്കൊണ്ട് അമുസ്ലിം സഹോദരങ്ങൾക്ക് മനസ്സിലാക്കിക്കൊടുക്കാൻ പരിശ്രമിക്കുന്നതിനോടൊപ്പം സ്വന്തം ജീവിതത്തിലൂടെ ഇസ്ലാം തീവ്രവാദമല്ലെന്ന് വ്യക്തമാക്കാനും മുസ്ലിംകൾ ശ്രമിക്കേണ്ടത് ഇന്നത്തെ വലിയോരു ആവശ്യമാണ്. മാനവികതയെ സ്നേഹിക്കുകയും മനുഷ്യത്വത്തെ ആദരിക്കുകയും കാരുണ്യത്തെ പ്രേരിപ്പിക്കുകയും വിശാല മനസ്ഥിതിയെ പഠിപ്പിക്കുകയും ചെയ്യുന്ന ഒരു ഉത്തമ ദർശനമാണ് ഇസ്ലാം എന്ന കാര്യം ഇതിലൂടെ ജനങ്ങൾക്കെല്ലാം വ്യക്തമാകുന്നതാണ്.

---

**പുണ്യ ഹദീസും പ്രവാചക മഹ്ച്ചരിതവും സഹാബാ ജീവിതവും മഹാന്മാരുടെ ചരിത്രങ്ങളും പരിശുദ്ധ ഖുർആനിന്റെ പ്രധാന വിവരണങ്ങളാണ്.**

# ഹിജാബ്:

## സുസ്ഥിരം, സുരക്ഷിതം



**ആശിഖ് ഹുസ്നി ചുനക്കര**
**(സബ് എഡിറ്റർ അൽ ഹസനാത്ത്)**

ഇസ്ലാം വിഭാവനം ചെയ്യുന്ന സ്ത്രീ മാന്യയും കുലീനയുമാണ് ചാരിത്ര്യവതിയും സദ് വൃത്തയുമാണ്. അവളുടെയടുത്തേക്ക് ലൈംഗികദാഹം പൂണ്ട ചെന്നായ്ക്കൾ ഓടിയടുക്കേണ്ടതില്ല. കാമാഭ്യർഥനയുമായി അവളെ ആരും സമീപിക്കേണ്ടതില്ല. ഇത് അവളുടെ വസ്ത്രത്തിൽ നിന്നുതന്നെ തിരിച്ചറിയപ്പെടാനാണ് ഇസ് ലാം ആഗ്രഹിക്കുന്നത്. അതിനാൽ തന്നെ ഇസ്ലാം സ്ത്രീക്ക് വസ്ത്രവിതാനത്തിന്റെ വ്യക്തമായ രൂപരേഖ വരച്ചു നൽകുകയുണ്ടായി. പെണ്ണിനെ പോലെ ആണിനും പ്രകൃതത്തെ മാനിച്ച് ഔറത്തും വസ്ത്ര രീതിയും നിശ്ചയിച്ചു. മറഞ്ഞു കിടക്കേണ്ട ഭാഗങ്ങൾ മറഞ്ഞു കിടക്കുന്നത് തന്നെയാണ് ഭംഗി. കഴിഞ്ഞു പോയ പതിനാല് നൂറ്റാണ്ടിന്റെ ഇസ്ലാമിക ചരിത്രം അത് അടിവരയിട്ട് വ്യക്തമാക്കുന്നതുമാണ്. വിവേക ശൂന്യരായ പുരോഗമന വാദികൾ വിളിച്ചു കൂകുന്നത് പോലെ അവയവങ്ങൾ തുറന്നു കാട്ടലാണ് പുരോഗതിയെങ്കിൽ മൃഗങ്ങളെക്കാൾ പുരോഗതി പ്രാപിച്ച ഒരു സമൂഹത്തെ എനിക്ക് പരിചയമില്ല. ശരീരവടിവും നഗ്നതയും പുറത്ത് കാണിക്കുന്ന തരത്തിലുള്ള ആധുനിക പർദ്ദകൾ കച്ചവട ബുദ്ധിയും ഇസ് ലാമിക വിരുദ്ധവുമാണെന്നത് സാന്ദർഭികമായി ഓർമ്മിപ്പിക്കുവാൻ ആഗ്രഹിക്കുകയാണ്. ആണിന്റെ വേഷം പെണ്ണ് കെട്ടിയാലോ, അവയവങ്ങൾ തുറന്നു കിട്ടിയാലോ ആത്മ വിശ്വാസം കൂടുമെന്ന പുതുചിന്താഗതി, സ്വന്തം ശരീരത്തിന്റെ മാന്യതയും പവിത്രതയും സ്ത്രീ മനസ്സിലാക്കാതെ പോകുമ്പോൾ ഉണ്ടാകുന്നതാണ്.

വിദ്യാർത്ഥിയെ തിരിച്ചറിയുന്നതിന് ഹിജാബ് തടസ്സമാകുന്നുവെന്നാണ് വിമർശനമെങ്കിൽ, ഇതര പുരോഗമന രാജ്യങ്ങളിൽ ഇതേ വേഷത്തിൽ വിദ്യനുകരുന്ന വിദ്യാർത്ഥിനികളെ

എന്തുകൊണ്ട് നിങ്ങൾക്ക് കാണാൻ കഴിയുന്നില്ല. അവിടെയൊന്നുമില്ലാത്ത പ്രശ്നം എന്ന് മുതൽ നമ്മുടെ രാജ്യത്ത് ഉദിച്ചുവന്നു.! ഇനി അത് വളരെ നിർബന്ധമെങ്കിൽ മതത്തിന് കോട്ടം വരാത്ത മറ്റ് സാധ്യതകൾ കണ്ട് പിടിക്കേണ്ടത് വിദ്യാഭ്യാസ വകുപ്പാണ്.

ഇരട്ട സഹോദരങ്ങളെ പോലെ മുഖം പലരിലും സാദൃശ്യമായേക്കാം, എന്നാൽ ലോകത്ത് ഒരാൾക്കും സാമ്യത വരാത്ത നിലയിലുള്ള വിരലടയാളം പോലുള്ളവ സ്കാൻ ചെയ്യലും മറ്റും വ്യക്തിയെ തിരിച്ചറിയാൻ എത്രയോ പര്യാപ്തമാണ്. കടന്നു പോയ രണ്ട് വർഷങ്ങളിൽ കോവിഡ് ഭയന്ന് മുഖം മൂടിയ ആളുകളാണ് ഇന്ന് തിരിച്ചറിയലിന്റെ പേരിൽ പോർമുഖത്തിറങ്ങുന്നതെന്നതാണ് രസകരമായ മറ്റൊരു കാര്യം.!

ഇനി ഗവണ്മെന്റിന് കുട്ടികൾ പർദ്ദ ഇട്ട് സ്കൂളിൽ വരുന്നത് അത്ര അലോസരപ്പെടുത്തുന്നുവെങ്കിൽ ഗേൾസ് സ്കൂളുകൾ വർധിപ്പിക്കട്ടെ. അവിടെ സ്ത്രീകൾ മാത്രം അധ്യാപകരായും, ഉദ്യോഗസ്ഥരായും സേവനം ചെയ്യട്ടെ. ഇങ്ങനെ എത്രയോ പോംവഴികൾ നിലനിൽക്കുന്നു.

സ്വന്തം രക്തവും ജീവനും സമർപ്പിച്ച് ഞങ്ങളുടെ പൂർവ്വികർ ഈ രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനായി പൊരുതി വീണത്, മതം അനുസരിച്ച് ജീവിക്കുവാൻ വേണ്ടി തന്നെയാണ്. പ്രസ്തുത അവകാശം ഈ രാജ്യത്തിന്റെ ഭരണഘടന അനുവദിച്ചതുമാണ്.

സ്വാതന്ത്ര്യം നേടിയിട്ട് കാലമിത്ര കഴിയുമ്പോൾ പറയാൻ പറ്റിയ പാരമ്പര്യമില്ലാത്ത ആർക്കെങ്കിലുമുണ്ടായ ചൊറിച്ചിലിനനുസരിച്ച് വേഷം മാറ്റാൻ ഞങ്ങൾക്ക് ബുദ്ധിമുട്ടാണ്. വിദ്യാലയങ്ങൾ ഇസ്‌ലാമിക വേഷം ധരിച്ച ഞങ്ങളുടെ സഹോദരിമാർക്ക് മുന്നിൽ തടയപ്പെടുകയാണെങ്കിൽ അതിനെ നിയമത്തിന്റെ വഴിയിൽ നേരിടാൻ ഞങ്ങളിൽ നിയമജ്ഞരുണ്ട്. ഇനി അവിടെ നീതി ലഭിച്ചില്ലെങ്കിൽ അടുത്ത മാർഗ്ഗം കണ്ട് പിടിക്കാൻ ഈ സമുദായത്തിന് ഉന്നതമായ നേതൃത്വമുണ്ട്. ഇതിലെല്ലാമുപരിയായി ഞങ്ങളുടെ നാഥൻ ഞങ്ങൾക്കൊപ്പമാണെന്ന വിശ്വാസമുണ്ട്. ഉറപ്പായും നീതി പുലരും, പൊടിപടലങ്ങൾ അടങ്ങും, വിജയം വിശ്വാസികൾക്ക് തന്നെയാകും.

**ഹിജാബ് വിശുദ്ധ ഖുർആനിക സൂക്തങ്ങളിൽ**

സത്യവിശ്വാസിനികളോട് അവരുടെ ദൃഷ്ടികൾ താഴ്ത്തുവാനും അവരുടെ ഗുഹ്യാവയവങ്ങൾ കാത്തുസൂക്ഷിക്കുവാനും, അവരുടെ ഭംഗിയിൽ നിന്ന് പ്രത്യക്ഷമായതൊഴിച്ച് മറ്റൊന്നും വെളിപ്പെടുത്താതിരിക്കുവാനും താങ്കൾ പറയുക. അവരുടെ മക്കനകൾ കുപ്പായമാറുകൾക്ക് മീതെ അവർ താഴ്ത്തിയിട്ടുകൊള്ളട്ടെ. അവരുടെ ഭർത്താക്കൻമാർ, അവരുടെ പിതാക്കൾ, അവരുടെ ഭർതൃപിതാക്കൾ, അവരുടെ പുത്രൻമാർ, അവരുടെ ഭർതൃപുത്രൻമാർ, അവരുടെ സഹോദരൻമാർ, അവരുടെ സഹോദരപുത്രൻമാർ, അവരുടെ സഹോദരീ പുത്രൻമാർ, മുസ്ലിംകളിൽ നിന്നുള്ള സ്ത്രീകൾ, അവരുടെ വലംകൈകൾ ഉടമപ്പെടുത്തിയവർ (അടിമകൾ), ലൈംഗികാസക്തി ഉള്ളവരല്ലാത്ത പുരുഷൻമാരായ പരിചാരകർ, സ്ത്രീകളുടെ രഹസ്യങ്ങൾ മനസ്സിലാക്കിയിട്ടില്ലാത്ത കുട്ടികൾ എന്നിവരൊഴിച്ച് മറ്റാർക്കും തങ്ങളുടെ ഭംഗി അവർ വെളിപ്പെടുത്തരുത്. തങ്ങൾ മറച്ചു വെക്കുന്ന തങ്ങളുടെ അലങ്കാരം അറിയപ്പെടുവാൻ വേണ്ടി അവർ കാലിട്ടടിക്കുകയും ചെയ്യരുത്. സത്യവിശ്വാസികളേ, നിങ്ങളെല്ലാവരും അല്ലാഹുവിങ്കലേക്ക് ഖേദിച്ചുമടങ്ങുക. നിങ്ങൾ വിജയം പ്രാപിച്ചേക്കാം.' (സൂറത്തുന്നൂർ : 31)

ഈ ആയത്തിൽ പ്രത്യക്ഷത്തിൽ തന്നെ പൂർണ്ണ ഹിജാബിന്റെ പരാമർശം നമ്മുക്ക് കാണാൻ സാധിക്കുന്നതാണ്. ഉപരിസൂചിത സൂക്തത്തിൽ വന്ന 'അവരുടെ ഭംഗിയിൽ നിന്ന് പ്രത്യക്ഷമായതൊഴിച്ച് ' എന്ന വാക്കിനെ കുറിച്ച് പ്രസിദ്ധ ഖുർആൻ വിശാരദനായ ഇമാം ബൈളാവി (റഹ്) യുടെ ഒരു വാക്ക് വളരെ ശ്രദ്ധേയമാണ്. അദ്ദേഹം പറഞ്ഞു : ഇത് കൊണ്ടുള്ള ഏറ്റവും സൂക്ഷമമായ വ്യാഖ്യാനം ഈ ഇളവ് നമസ്കാരത്തിലാണെന്നതാണ്. കാരണം, സ്വതന്ത്ര സ്ത്രീയുടെ ശരീരം മുഴുവൻ ഔറത്താണ്. (തഫ്സീർ മുനീർ )

ഒരുപാട് മുഫസ്സിറുകൾ ഇതേ ആശയത്തോട് യോജിക്കുന്നുണ്ട്. വിശുദ്ധ ഖുർആനിലെ മറ്റൊരു ആയത്തിലെ അധ്യാപനം കൂടി നോക്കുക. 'നബിയേ.., താങ്കളുടെ പത്നിമാരോടും പുത്രിമാരോടും സത്യവിശ്വാസികളുടെ സ്ത്രീകളോടും അവർ തങ്ങളുടെ മൂടുപടങ്ങൾ തങ്ങളുടെമേൽ താഴ്ത്തിയിടാൻ പറയുക.

അവർ തിരിച്ചറിയപ്പെടുവാനും, അങ്ങനെ അവർ ശല്യം ചെയ്യപ്പെടാതിരിക്കുവാനും അതാണ് ഏറ്റവും അനുയോജ്യമായത്. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.' (സൂറത്തുൽ അഹ്സാബ് :59)

ഈ ആയത്തിലും വളരെ വ്യക്തമായി തന്നെ മൂടുപടങ്ങൾ താഴ്ത്തണമെന്ന് അതിന്റെ ഗുണവശങ്ങൾ ഊന്നിപ്പറഞ്ഞ് തന്നെ അല്ലാഹു പറയുന്നുണ്ട്. ഇതേ നിലയിൽ മുഖവും ശരീരവും പൂർണ്ണമായും മറക്കണമെന്ന ആശയത്തിന് പിന്തുണ നൽകുന്ന മറ്റൊരു ഖുർആനിക സൂക്തം കൂടി നമ്മുക്ക് ശ്രദ്ധിക്കാം: 'വിവാഹ ജീവിതം പ്രതീക്ഷിക്കാത്ത കിഴവികളെ സംബന്ധിച്ചടത്തോളം സൗന്ദര്യം പ്രദർശിപ്പിക്കാത്തവരായി തങ്ങളുടെ മേൽവസ്ത്രങ്ങൾ മാറ്റി വെക്കുന്നതിൽ അവർക്ക് കുറ്റമില്ല. അവർ മാന്യത കാത്തുസൂക്ഷിക്കുന്നതാണ് അവർക്ക് കൂടുതൽ നല്ലത്. അല്ലാഹു എല്ലാം കേൾക്കുന്നവനും, എല്ലാം അറിയുന്നവനുമാകുന്നു.' (സൂറത്തുന്നൂർ :60)

ഇവിടെ പ്രായമായി വിവാഹ മോഹങ്ങളൊക്കെ അറ്റുപോയ സ്ത്രീകൾ അവരുടെ മുഖം മറക്കുന്ന മേൽ വസ്ത്രങ്ങൾ മാറ്റി വെക്കുന്നതിൽ തെറ്റില്ല എന്ന് പടച്ചവൻ പറയുമ്പോൾ, മറ്റുള്ളവർ അത് നിർബന്ധമായും ധരിക്കണം എന്ന് തന്നെയല്ലേ വ്യക്തമാകുന്നത്. വാർദ്ധക്യം ബാധിച്ച സ്ത്രീകൾക്ക് ഇങ്ങനെ ഇളവ് നൽകിയിട്ട് പോലും സൂക്ഷ്മത മുറുകെ പിടിക്കുവാനാണ് പടച്ചവൻ ഉപദേശിക്കുന്നത്. പ്രസിദ്ധ സ്വഹാബിവര്യൻ ഇബ്നു അബ്ബാസ് (റ ) ഉബാദ (റ) എന്നിവർ സ്ത്രീ തനിക്ക് കാണാനുള്ള കണ്ണ് ഒഴികെ മറ്റ് മുഴുവൻ അവയവങ്ങളും മറക്കണമെന്ന് ഈ ആയത്തുകളുടെ അടിസ്ഥാനത്തിൽ പറഞ്ഞതായി നമ്മുക്ക് കാണാൻ സാധിക്കും. (തഫ്സീർ ഖുർതുബി )

താബിഇയ്യായ ഇമാം ഇബ്നു സീരീൻ പറയുന്നു: ഉബാദതുനസ്സൽമാനി (റ) യോട് ആയത്തിന്റെ വിശദീകരണം ഞാൻ ചോദിച്ചു. അദ്ദേഹം തലയും മുഖവും മറക്കുകയും ഇടത്തെ കണ്ണ് പുറത്തു കാണിക്കുകയും ചെയ്തു. (തഫ്സീർ ഇബ്നു കസീർ )

ഇബ്നു അബ്ബാസ് (റ ) അബൂ ഉബൈദ (റ ) എന്നിവർ പറയുന്നു: സ്ത്രീകൾ തലയും മുഖവും മുഖാവരണം കൊണ്ട് മറയ്ക്കണം കണ്ണു മാത്രം പുറത്തു കാണിക്കാം. (തഫ്സീർ ബഗവി)

ഇമാം ത്വബ് രി (റഹ് ) യെ പോലുള്ള നിരവധി മുഫസ്സിറുകൾ അവരുടെ ഖുർആൻ വ്യാഖ്യാന ഗ്രന്ഥങ്ങളിൽ ഈ വിഷയം വളരെ വിശാലമായി പ്രതിബാധിച്ചിട്ടുണ്ട്. തുറന്ന വായനക്ക് അവകൾ പ്രയോജനപ്പെടുത്തുക.

**ഹിജാബ് ഹദീസുകളിൽ**

ആഇഷ (റ) പറയുന്നു: ഞങ്ങൾ നബി (സ) യോടൊപ്പം ഇഹ്റാമിൽ ആയിരുന്നു.
ഞങ്ങളുടെ നേരെ വാഹന സംഘം മുന്നിട്ടു വരുമ്പോൾ തലയിൽനിന്ന് വസ്ത്രം എടുത്ത് താഴ്ത്തി മുഖത്തേക്ക് ഇടുമായിരുന്നു' അവർ പോയി കഴിഞ്ഞാൽ മുഖം തുറന്നിരുന്നു. (അബൂദാവൂദ്1833, 'ഇബ്നു മാജാ. 2935 ,അഹ്മദ്-24021)

സഫിയ്യ ബിൻത് ഷൈബ (റ) നിവേദനം, ആഇശ (റ ) പറഞ്ഞു : 'അവരുടെ മുഖമക്കനകൾ കുപ്പായമാറുകൾക്ക് മീതെ താഴ്ത്തിയിട്ട് കൊള്ളട്ടെ' ഈ ആയത്ത് ഇറങ്ങിയപ്പോൾ സ്ത്രീകൾ അവരുടെ വസ്ത്രം രണ്ടായി മുറിച്ച് ഒരു കഷ്ണം കൊണ്ട് മുഖം മറച്ചു. (ബുഖാരി : 3759)

അബൂഹുറൈറ (റ ) നിവേദനം: നബി (സ) അരുളി: രണ്ട് വിഭാഗം നരകത്തിലാണ്. ഞാൻ അവരെ കണ്ടിട്ടില്ല. അതിൽ ഒരു വിഭാഗം, പശുവിന്റെ വാൽ പോലുള്ള ചാട്ട കൊണ്ട് ജനങ്ങളെ ഉപദ്രവിക്കുന്നവരാണ്. മറ്റേ വിഭാഗം ചില സ്ത്രീകളാണ്. അവർ വസ്ത്രം ധരിച്ചിട്ടുണ്ടാകും.
എന്നാൽ, അവർ നഗ്നരാണ്. അവർ ആളുകളെ ആകർഷിക്കുന്നതിനു വേണ്ടി കൊഞ്ചിക്കുഴയും. ഒട്ടകത്തിന്റെ പൂഞ്ഞ പോലെ അവർ തലമുടി പൊക്കി വെച്ചിട്ടുണ്ടാകും. അവർ സ്വർഗത്തിൽ പ്രവേശിക്കുകയില്ല. സ്വർഗത്തിന്റെ പരിമളം പോലും അവർക്കെത്തുകയില്ല. (മുസ്ലിം : 2128)
നിരവധി ഹദീസുകൾ ഈ വിഷയത്തിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ദൈർഘ്യം ഭയന്ന് ചുരുക്കുന്നു.

**കർമ്മ ശാസ്ത്ര പണ്ഡിതൻമാരുടെ വാക്കുകളും ഈ വിഷയത്തിൽ സുവ്യക്തമാണ്.**

ഹനഫി മദ്ഹബ്: സ്ത്രീകൾ അന്യരുടെ മുന്നിൽ നിർബന്ധി താവസ്ഥയിലല്ലാതെ മുഖം തുറക്കരുത്. (ബഹ്ർ : 2/381 ) സ്ത്രീകൾ

അവരുടെ മുഖം മറയ്ക്കണം. കാരണം, അത് നാശത്തിലേക്ക് അടിപ്പിക്കും. നമ്മുടെ കാലഘട്ടത്തിൽ ഫിത്ന അധികരിച്ചതിനാൽ അത് വളരെ നിർബന്ധമാണ്. (മജ്മഉൽ അൻഹർ : 1/81)

ശാഫിഈ മദ്ഹബ്:

ഇമാം റംലി (റ)പറയുന്നു : സ്ത്രീകൾ അന്യ പുരുഷന്മാരുടെ മുന്നിൽ മുഖം മറയ്ക്കൽ നിർബന്ധമാണ്. (ഫതാവ: 3/169) അന്യ പുരുഷന്മാരുടെ മുന്നിൽ സ്ത്രീകളുടെ ശരീരം മുഴുവനും ഔറത്താണ് മുഖവും, മുൻകൈയും ഉൾപ്പെടെ. (തുഹ്ഫ 2/ 212 ശറഹുൽ മുഹർററോട് കൂടി ) അന്യ പുരുഷന്മാരുടെ മുന്നിൽ മുഖവും, മുൻകൈയും ഉൾപ്പെടെ ശരീരം മുഴുവനും ഔറത്താണ്. (അശ്ബാഹു വനളാഹിർ: 240) ഇമാം സാവി (റ) പറയുന്നു മദ്ഹബിലെ പ്രസിദ്ധ അഭിപ്രായം മുഖവും കൈകളും മറക്കൽ അവൾക്ക് നിർബന്ധമാകുന്നു എന്നാണ്. (ഹാശിയതു സാവി ) ഇമാമുൽ ഹറമൈനി(റ) പറയുന്നു: മുഖം വെളിവാക്കിയ നിലയിൽ (വീട്ടിൽനിന്ന് ) പുറത്തുപോകുന്നതിനെ തൊട്ടു സ്ത്രീകളെ വിലക്കണമെന്ന വിഷയം മുസ്ലിം സമൂഹം ഒന്നടങ്കം ഏകോപിതമായ കാര്യമാണ്. (റൗളത്തു ത്വാലിബീൻ ഇമാം നവവി) ഇമാം ഗസ്സാലി (റഹ് ) പറയുന്നു: കഴിഞ്ഞുപോയ കാലങ്ങളിൽ മുസ്ലിം പുരുഷന്മാർ മുഖം മറക്കാതെയും സ്ത്രീകൾ മുഖം മറച്ചവരുമായിട്ടാണ് (വീട്ടിൽനിന്നും) പുറത്തിറങ്ങിയിരുന്നത്. (ഫത്ഹുൽ ബാരി അസ്ഖലാനി: 9/337)

ഇമാം സുയൂത്വി(റഹ് )പറയുന്നു: സ്ത്രീകളുടെ ഔറത്തിന് പല അവസ്ഥകളുണ്ട്.

1-ഭർത്താവിന്റെ മുന്നിൽ. അവർക്കിടയിൽ പ്രത്യേകമായ ഔറത്ത് ഇല്ല.

2-അന്യ പുരുഷന്മാർക്ക് മുന്നിൽ. മുഖവും മുൻകൈയും അടക്കം ശരീരം മുഴുവനും ഔറത്താണ്.

3-വിവാഹബന്ധം ഹറാമായ ആളുകൾക്കും (മുസ്ലിം) സ്ത്രീകൾക്കും മുന്നിൽ മുട്ട് പൊക്കിൾ ഇടയിലുള്ളത്
ഔറത്താണ്.

4-നിസ്കാരത്തിൽ, മുഖവും മുൻകൈയ്യും ഒഴിച്ചുള്ളത് മുഴുവനും ഔറത്ത് ആണ്.

മാലികി മദ്ഹബ്:

സ്ത്രീയുടെ ഔറത്ത് ശരീരം മുഴുവനുമാണ്. മുഖവും മുൻകൈയും ഒഴികെ എങ്കിലും അവ മറയ്ക്കൽ നിർബന്ധമാണ്. (ശറഹുസ്സഗീർ )
ഹമ്പലി മദ്ഹബ്:
നമസ്കാരത്തിൽ മുഖം ഒഴികെ എല്ലാം ഓറത്താണ് നമസ്കാരത്തിന് പുറത്ത് അന്യപുരുഷൻമാരുടെ സാന്നിധ്യത്തിൽ മുഖം ഉൾപ്പെടെ ശരീരം മുഴുവനും ഔറത്താണ്. (ശറഹുൽ മുൻതഹാ :1/316)

ഇമാം ഇബ്നു തൈമിയ്യ(റഹ്) പറയുന്നു: ഹജ്ജിന് ഇഹ്റാം കെട്ടാത്ത സ്ത്രീകൾ കയ്യുറകളും മുഖം മറക്കുന്ന വസ്ത്രങ്ങളും പതിവാക്കിയിരുന്നു. രണ്ടും സ്ത്രീകൾക്ക് നിർബന്ധമാണ്. (ഹിജാബുൽ മർഅ:14) ഇബ്നു തൈമിയ്യ (റഹ് ) പറയുന്നു: ആരാണെന്ന് അറിയപ്പെടാതിരിക്കാൻ വേണ്ടി സ്ത്രീകൾ മുഖം മറക്കാൻ കല്പിക്കപ്പെട്ടവരായതിനാൽ, അന്യപുരുഷന്മാർക്ക് മുമ്പിൽ വെളിവാക്കരുതെന്ന് കൽപ്പിക്കപ്പെട്ട സൗന്ദര്യത്തിന്റെ കൂട്ടത്തിൽ മുഖവും മുൻകൈയും പെട്ടിരിക്കുന്നു. അപ്പോൾ സ്ത്രീകളുടെ ബാഹ്യ വസ്ത്രമൊഴികെയുള്ളതിലേക്ക് നോക്കൽ പുരുഷന് അനുവദനീയമല്ല. (മജ്മൂഉൽ ഫത്താവ :22/109111) മറ്റൊരു ഭാഗത്ത് ഇമാം ഇബ്നു തൈമിയ്യ (റഹ് ) പറയുന്നു: അന്യപുരുഷന്മാർ കാണുന്ന രൂപത്തിൽ സ്ത്രീകൾ മുഖം വെളിവാക്കൽ അനുവദനീയമല്ല.
ഭരണാധികാരികൾ ഇത്തരം തിന്മകളെ വിരോധിക്കുകയും നന്മകൊണ്ട് കൽപിക്കുകയും ചെയ്യൽ നിർബന്ധമാണ്. എന്നിട്ടും, ഈ തിൻമയിൽനിന്ന് മാറിനിൽക്കാൻ വിസമ്മതിക്കുന്നവരെ അതിൽ നിന്ന് തടയിടാൻ ഉതകുന്ന രൂപത്തിൽ ശിക്ഷിക്കുകയും ചെയ്യണം. (മജ്മൂഉൽ ഫത്താവ :24/382)

ശൈഖ് അബുൽ അഅ്ലാ മൗദൂദി (റഹ്) പറയുന്നു: ഖുർആനിലെ ആയത്തുകളും, അതിന് ഇമാമീങ്ങൾ നൽകിയ വ്യാഖ്യാനങ്ങളും, നബി(സ)യുടെ കാലഘട്ടം മുതലുള്ള മുൻഗാമികളുടെ ജീവിതവും പരിശോധിച്ചാൽ സ്ത്രീ, അന്യപുരുഷന്മാരുടെ മുന്നിൽ മുഖം മറയ്ക്കൽ നിർബന്ധമാണെന്ന വസ്തുത ശരീഅത്തിലെ നിയമമാണ് എന്നതിനെ നിഷേധി ക്കാനാകില്ല. (ഹിജാബ് : 326-330). ഹിജാബ് എന്ന തലക്കെട്ടിൽ ഇദ്ദേഹത്തിന് ഒരു ഗ്രന്ഥം തന്നെയുണ്ട്. വളരെ വിശാലമായി ഈ അതിൽ വന്നിട്ടുണ്ട്. പ്രിയ അനുവാചകർ ഉപയോഗപ്പെടുത്തുമെന്ന്

വിശ്വസിക്കുന്നു.

**ഹിജാബ് മറ്റു മതങ്ങളിൽ**

സ്ത്രീകളുടെ വസ്ത്ര ധാരണ രീതി മനസ്സിലാക്കുമ്പോൾ എന്താണ് ഈ വിഷയത്തിൽ മറ്റ് മതങ്ങളുടെ കാഴ്ചപ്പാടെന്ന് കൂടി അറിയൽ നല്ലതാണ്. ക്രൈസ്തവ ഗ്രന്ഥങ്ങളിൽ ഇപ്രകാരം കാണാം:

ശിരോവസ്ത്രം ഉപയോഗിക്കുന്നില്ലെങ്കിൽ മുടി ക്ഷൗരം ചെയ്ത് കളയാനാണ് ബൈബിൾ കൽപ്പിക്കുന്നത്.

'സ്ത്രീ മൂടുപടം ഇടുന്നില്ലെങ്കിൽ (അവളുടെ) മുടി കത്രിച്ചുകളയട്ടെ. കത്രിക്കുന്നതോ ക്ഷൗരം ചെയ്യിക്കുന്നതോ സ്ത്രീക്കു ലജ്ജയെങ്കിൽ മൂടുപടം ഇട്ടുകൊള്ളട്ടെ. പുരുഷന് ദൈവത്തിന്റെ പ്രതിമയും തേജസ്സും ആകയാല് മൂടുപടം ഇടേണ്ടതില്ല. സ്ത്രീയോ പുരുഷന്റെ തേജസ്സ് ആകുന്നു. പുരുഷൻ സ്ത്രീയിൽ നിന്നല്ലല്ലോ സ്ത്രീ പുരുഷനിൽ നിന്നത്രേ ഉണ്ടായത്. പുരുഷൻ സ്ത്രീക്കായിട്ടല്ല സ്ത്രീ പുരുഷന്നായിട്ടാണല്ലോ സൃഷ്ടിക്കപ്പെട്ടത്. ആകയാൽ സ്ത്രീക്ക് ദൂതന്മാർ നിമിത്തം തലമേൽ അധീനതാലക്ഷ്യം ഉണ്ടായിരിക്കേണം'. (കൊരിന്ത്യർ: 611:6-11) 'സ്ത്രീ പുരുഷന്റെയൊ പുരുഷൻ സ്ത്രീയുടെയൊ വസ്ത്രം ധരിക്കരുത്. അപ്രകാരം ചെയ്യുന്നവൻ നിന്റെ ദൈവമായ കർത്താവിനു നിന്ദ്യരാണ്. (ആവർത്തന പുസ്തകം 22:5) 'അവ്വണ്ണം സ്ത്രീകളും യോഗ്യമായ വസ്ത്രം ധരിച്ചു ലജ്ജാ ശീലത്തോടും സുബോധത്തോടും കൂടെ തങ്ങളെ അലങ്കരിക്കേണം. പിന്നിയ തലമുടി, സ്വർണ്ണം, മുത്ത്, വിലയേറിയ വസ്ത്രം എന്നിവകൊണ്ടല്ല, ദൈവഭക്തിയെ സ്വീകരിക്കുന്ന സ്ത്രീകൾക്കു ഉചിതമാകും വണ്ണം സൽപ്രവൃത്തികളെക്കൊണ്ടത്രേ അലങ്കരിക്കേണ്ടത്. സ്ത്രീ മൗനമായിരുന്നു പൂർണാനുസരണയോടു കൂടെ പഠിക്കട്ടെ. മൗനമായിരിപ്പാൻ അല്ലാതെ ഉപദേശിപ്പാനോ പുരുഷന്റെമേല് അധികാരം നടത്തുവാനോ ഞാന് സ്ത്രീയെ അനുവദിക്കുന്നില്ല.' (തിമൊഥെയൊസ് 2:9-12)

ഇപ്രകാരം ഹൈന്ദവ വേദഗ്രന്ഥങ്ങളിലും ഇതുമായി ബന്ധപ്പെട്ട പരാമർശങ്ങൾ നമുക്ക് കാണാൻ കഴിയുന്നതാണ്.

'ദൈവം നിന്നെ സ്ത്രീയായി സൃഷ്ടിച്ചിരിക്കുന്നു. നീ നിന്റെ ദൃഷ്ടി താഴ്ത്തുകയും, മനുഷ്യരുടെ നേർക്ക് നോക്കാതിരിക്കുകയും, കാലുകൾ അടുപ്പിച്ച് വെക്കുകയും, വസ്ത്രം വെളിപ്പെടുത്താതിരിക്കുകയും, മൂടുപടം ഉപയോഗിക്കുകയും ചെയ്യുക' (ഋഗ്വേദം

8:33:19-20) രാമൻ, പരശ്ശുരാമനെ കണ്ടപ്പോൾ സീതയോടായി പറയുന്നു: 'സീതേ.., നീ മൂടുപടം ഉപയോഗിക്കുകയും നിന്റെ ദൃഷ്ടി താഴ്ത്തുകയും ചെയ്യുക.' (മഹാവീർ ചരിത ആക്റ്റ് :2-71) പുരുഷന്മാർ സ്ത്രീകളുടെ വസ്ത്രം ധരിക്കരുത്'. (ഋഗ്വേദം: 10:85,30) ഉത്തരേന്ത്യൻ യാത്രകളിൽ ഇന്നും മൂടുപടം ഉപയോഗിച്ച് മതം നിർദ്ദേശിച്ച വസ്ത്ര രീതി സ്വീകരിച്ചു ജീവിക്കുന്ന ഹൈന്ദവ സഹോദരിമാരെ നമുക്ക് കാണാൻ കഴിയുന്നതാണ്.

മുസ്ലിം സ്ത്രീ സമൂഹമേ...

ഇസ്ലാം നിർദ്ദേശിക്കുന്ന വസ്ത്രധാരണം എത്രമേൽ നിങ്ങൾ ജീവിതത്തിൽ മുറുകെ പിടിക്കുന്നുവോ അത്രയേറെ സുരക്ഷയാണ് നിങ്ങൾക്കത്. തന്റെ സൗന്ദര്യം തന്റെ ഇണയുടെ മുന്നിൽ പ്രദർശിപ്പിക്കുക. പൊതുസ്ഥലങ്ങളിൽ പ്രദർശിപ്പിക്കുന്നതിൽ എന്ത് അന്തസ്സാണ് നിലകൊള്ളുന്നത്..? അറിയുക, വിലപിടിപ്പുള്ള സ്വർണ്ണവും, വൈഡൂര്യവും മുത്തുകളുമെല്ലാം അറകളുടെ ഉള്ളിൽ തന്നെയാണ് ഉള്ളത്. ഇതേ സ്ഥാനമാണ് ഓരോ സ്ത്രീക്കും ഇസ് ലാം നൽകുന്നത്. പർദ്ദയുടെയും, ഹിജാബിന്റെയും, നിഖാബിന്റെയും, ബുർഖയുടെയും അറകൾക്കുള്ളിൽ സ്വർണ്ണമായി, വജ്രമായി, മുത്തുകളായി നീ വാഴുക. നാഥൻ അതിനുള്ള ഭാഗ്യം നൽകട്ടെ..!

ഹേ മുസ്ലിം സ്ത്രീ, നീ നിന്റെ സ്വത്വം സംരക്ഷിച്ചു നീങ്ങുക. ചരിത്രത്തിൽ നിന്നും വിശ്വാസം ആർജ്ജിച്ചെടുക്കുക. വർത്തമാന കാലത്തെ ആഇശയായി, ഹഫ്സയായി, ഫാത്തിമയായി (റ ) ജീവിക്കുക. പ്രലോഭനങ്ങൾക്ക് മുന്നിൽ പർവ്വതം പോൽ ഉറച്ചു നിൽക്കുക. പ്രതിസന്ധികളിൽ സുമയ്യയെ(റ) പോലെ സഹിക്കുക. ശത്രുക്കൾക്ക് മുന്നിൽ സ്വഫിയ്യ (റ )യെ പോലെ പോരാടുക. അവരാണ് നമ്മുക്ക് മാതൃക. അതിലാണ് നമ്മുടെ അന്തസ്സ്.

നിങ്ങൾക്കുള്ള പ്രതിഫലം സ്വർഗ്ഗമാണ്.. സ്വർഗ്ഗമാണ്...

---

പ്രിയപ്പെട്ട പെൺമക്കളെ, ഇസ്ലാമിൽ നിങ്ങൾ വിലയേറിയ സമ്പത്താണ്. വിലയേറിയ സമ്പത്ത് സുരക്ഷിതമായ സ്ഥലത്ത് മറച്ച് വെക്കുന്നത് പോലെ നിങ്ങളെയും മറക്കാൻ ആഗ്രഹിക്കുന്നു. അടിത്തറ പുറത്ത് കാണുന്നില്ലെങ്കിലും അത് കെട്ടിടത്തിന്റെ അടിസ്ഥാനമാണ്. ഇസ്ലാമിലെ സുവർണ്ണ അദ്ധ്യായമായ ഉമറുൽ ഫാറൂഖിന്റെ തുടക്കം ഒരു സ്ത്രീയുടെ ഖുർആൻ പാരായണത്തിലൂടെ ആയിരുന്നു.

**ഇമാം നദ്‌വി**




**ഹാഫിസ് മുഹമ്മദ് ഫയ്യാസ് ഹുസ്നി കൊച്ചി**

**(ആലിയ റാബിഅ പ്രതിനിധി, ദാറുൽ ഉലൂം )**

പതിനാല് നൂറ്റാണ്ടുകൾക്ക് മുമ്പ് ലോകജനത കുഫ്റിന്റെയും ദുർമാർഗ്ഗത്തിന്റെയും അജ്ഞതയുടെയും അന്ധകാരത്തിൽ അകപ്പെട്ട് കഴിഞ്ഞിരുന്ന കാലഘട്ടത്തിൽ, മക്കയുടെ പർവ്വത നിരകൾക്കിടയിൽ നിന്നും ലോകം മുഴുവൻ സന്മാർഗ്ഗത്തിന്റെ മന്ദമാരുതൻ വീശി. അഥവാ അന്ത്യപ്രവാചകൻ മുഹമ്മദുർറസൂലുല്ലാഹി (സ) ഭൂജതനായി. ലോകത്തിന്റെ മുഴുവൻ മുക്കുമൂലകളിലും ആദരവായ റസൂലുല്ലാഹി (സ) സന്മാർഗ്ഗത്തിന്റെ സുഗന്ധം പരത്തി. അധപതനത്തിന്റെ ആഴങ്ങളിലേക്ക് ആണ്ടുപോയ മനുഷ്യ സമൂഹത്തെ ചുരുങ്ങിയ 23 സംവത്സരങ്ങൾ കൊണ്ട് റസൂലുല്ലാഹി (സ) തുല്യയില്ലാത്തവിധം പുരോഗതിയുടെ പടവുകളിലേക്ക് ഉയർത്തിക്കൊണ്ടുവന്നു. അതിന്റെ മാധ്യമം മഹിതമായ ദീനുൽ ഇസ്ലാം ആയിരുന്നു. അതിന്റെ മങ്ങാത്ത വെളിച്ചവുമായി അവർ പുരോഗതിയുടെ രാജവീതിയിലൂടെ ബഹുദൂരം സഞ്ചരിച്ചു. നൂറ്റാണ്ടുകളോളം അവർ ലോകരംഗത്തെ നേതാക്കളും ജേതാക്കളുമായിരുന്നു. അവരെ എതിർക്കാൻ വന്നവർ അവരുടെ മുന്നിൽ പത്തി മടക്കി. ഇസ്ലാമിക സമുദായത്തിലെ കഴിഞ്ഞ പതിനാല് നൂറ്റാണ്ടിലെ ചരിത്രത്തിന്റെ താളുകൾ മറിച്ച് നോക്കുമ്പോൾ പ്രതാപത്തിന്റെയും മഹത്വത്തിന്റെയും പുരോഗതിയുടെ ഉടമകളും കൈവശക്കാരും മുസ്ലിംകൾ മാത്രമായിരുന്നുവെന്ന് മനസ്സിലാക്കാൻ സാധിക്കുന്നതാണ്. പക്ഷേ, ഭൂതകാല ചരിത്രത്തിന്റെ താളുകളിൽ നിന്നും ദൃഷ്ടി മാറ്റി വർത്തമാന ചരിത്രങ്ങൾ പരിശോധിക്കുമ്പോൾ നാം അങ്ങേയറ്റം നിന്ദ്യതയിലും നിസ്സാരതയിലും അധപതനത്തിലും കിടന്ന് ഉഴലുകയാണെന്ന്

വളരെ സ്പഷ്ടമായി മനസ്സിലാക്കാൻ സാധിക്കുന്നു.

ഇന്ന് നമ്മുടെ കൈവശം ശക്തിയും സമ്പത്തും അധികാരവുമില്ല. എന്താണ് കാരണം? കാരണം നമ്മുടെ സാഹോദര്യമില്ലായ്മയും ഇസ്ലാമിക മൂല്യങ്ങളെ കൈവിട്ടുകൊണ്ടുമുള്ള ജീവിതവുമാണ്. ഇസ്ലാമിക നാഗരികത നിലനിന്നിരുന്ന രാജ്യമായിരുന്നു സ്പെയിൻ. ധാരാളം മദ്റസകൾ നിലനിന്നിരുന്ന അവിടം ഇസ്ലാമിക വിജ്ഞാനത്തിന്റെ സിരാകേന്ദ്രമായിരുന്നു. എന്നാൽ ഇന്ന് ഒരൊറ്റ പള്ളിപോലും കാണാൻ സാധിക്കാത്ത നിലയിൽ ഇസ്ലാമിനെ അവിടെ നിന്നും ഉന്മൂലനം ചെയ്യപ്പിട്ടിരിക്കുന്നു. അധികാരത്തിന് വേണ്ടി മുസ്ലിം രാജാക്കന്മാർ നടത്തിയ വടംവലിയും സമ്പത്തിന്റെയും അധികാരത്തിന്റെയും പേരിൽ നടത്തിയ അഹങ്കാരവുമാണ് ഇസ് ലാമിക സ്പെയിന്റെ ഈ ദുരവസ്ഥയ്ക്ക് കാരണം.

ലോകം മുഴുവനും മുസ്ലിംകൾ അക്രമിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. ഒരുകാലത്ത് ലോകത്ത് ആർക്കും വെല്ലാൻ കഴിയാത്ത ഒരു ശക്തിയായിരുന്നു ഇസ്ലാമിക സമൂഹം. പക്ഷേ, അവർ വിജയത്തിന്റെ പടവുകൾ കയറിയിരുന്നത് ആയുധ ബലത്തിന്റെയോ സമ്പത്തിന്റെയോ പേരിലായിരുന്നില്ല, മറിച്ച് പരിപൂർണ്ണമായി അല്ലാഹുവിനെ അനുസരിക്കാൻ തയ്യാറായിരുന്നത് കൊണ്ട് മാത്രമായിരുന്നു. ആധുനിക മുസ്ലിം സമൂഹം തങ്ങളുടെ കൈവശമുള്ള നിസ്സാരമായ സമ്പത്തിന്റെയും അധികാരത്തിന്റെയും പേരിൽ അഹങ്കരിക്കാൻ തുടങ്ങിയപ്പോഴാണ് അവർക്ക് നാശത്തിന്റെ കൈപ്പുനീർ ആസ്വദിക്കേണ്ടി വന്നത്. പാർട്ടിയുടെയും സംഘടനയുടെയും വർഗ്ഗീയതയുടെയും പേരിൽ പരസ്പരം പോരടിക്കുന്ന സമൂഹം ഒരേയൊരു കാര്യത്തിന് വേണ്ടി ഒന്നിക്കുന്നു. അത് ഇസ്ലാമിനെ തകർക്കാൻ വേണ്ടിയാണ് എന്നതാണ് യഥാർത്ഥ വസ്തുത.

ആലിമീങ്ങളും സാധാരണക്കാരും എല്ലാവരും ഈ ഉമ്മത്തിന്റെ ദീനീ പുരോഗതി അസാധ്യമാണെന്ന ചിന്താ ഗതിയിലാണ്. മുസ്ലിംകൾക്ക് ഇനിയൊരു പുരോഗതിയുണ്ടാവുക പ്രയാസമാകുമെന്ന് എല്ലാവരും കണക്കാക്കുന്നു. ഇതിന്റെ പേരിൽ എന്തെങ്കിലും ഒരുപുരോഗമന ആശയം മുമ്പിലേക്ക് വെക്കുമ്പോൾ യാതൊരു അർത്ഥവുമില്ലാത്ത സമ്പത്തിന്റെയും സ്ഥാന

മാനങ്ങളുടെയും പേര് പറഞ്ഞ് അവർ അതിനെ നിസാരമായി തള്ളുകയാണ്. എന്നാൽ ഏതൊരു മനുഷ്യന്റെ ഹൃദയത്തിൽ അല്ലാഹുവിനെക്കുറിച്ചുള്ള ഭയവും അവനെക്കുറിച്ചുള്ള വിശ്വാസവും ഉണ്ടാകുന്നുവോ അവൻ പരാജയത്തിന്റെ അടുക്കൽ പോലും എത്തുകയില്ല. സഹാബാ കിറാമിന്റെയും ഔലിയ മഹത്തുക്കളുടെയും കർമ്മോത്സുകരായ ഉലമാക്കളുടെയും ചരിത്രം പരിശോധിച്ചാൽ ഇതിന്റെ വ്യക്തമായ ഉദാഹരണങ്ങൾ ദർശിക്കാൻ സാധിക്കും. അവർ ഒരു മനുഷ്യന്റെ മുന്നിലും പതറാതെ നിന്നത് സമ്പത്തിന്റെയോ ആയുധ ബലത്തിന്റെയോ അധികാര ബലത്തിന്റെയോ പേരിലല്ല. മറിച്ച് അവരെ സൃഷ്ടിച്ച് പരിപാലിക്കുന്ന രക്ഷിതാവിനോടുള്ള അചഞ്ചലമായ വിശ്വാസം കൊണ്ട് മാത്രമാണ്. ഇന്നത്തെ മുസ്ലിം സമൂഹത്തിന് വേണ്ടുന്നതും ആ ഉറച്ച വിശ്വാസമാണ്. ഇതിന് ശരിയായ വിഞ്ജാനത്തിന്റെ പ്രവർത്തനം സജീവമാക്കേണ്ടതാണ്. എന്നാൽ ഇന്ന് മുസ്ലിംകളിലേക്ക് നോക്കിയാൽ വളരെ ദു:ഖമായ അവസ്ഥയാണ് കാണാൻ സാധിക്കുന്നത്. ചെറിയ ആശയപരമായ വൈരുദ്ധ്യത്തിന്റെ പേരിൽ വ്യത്യസ്ത സംഘടനകളും ഉപസംഘടനകളുമായി തിരിഞ്ഞ് പരസ്പരം പോരടിച്ചുകൊണ്ടിരിക്കുന്നു. എത്ര ദയനീയമായ അവസ്ഥ! എന്നാൽ അവർ യഥാർത്ഥ്യം മനസ്സിലാക്കുന്നില്ല. യഥാർത്ഥത്തിൽ ഇതെല്ലാം മുസ്ലിം സമുദായത്തെ പതുക്കെ തകർക്കാൻ വേണ്ടി തന്ത്രങ്ങൾ മെനഞ്ഞുകൊണ്ടിരിക്കുന്നവരെ സഹായിക്കു കയാണ്. അവർ വളരെയധികം ആഗ്രഹിക്കുന്നത് മുസ്ലിംകൾ പരസ്പരം പോരടിക്കാനാണ്. ഇതുകണ്ട് അവർ പരസ്പരം സന്തോഷം പങ്കിട്ടുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഇതിനെയെല്ലാം ആഴത്തിൽ മനസ്സിലാക്കി പരസ്പര ഐക്യത്തോടെ വർത്തിച്ച് രക്ഷിതാവായ അല്ലാഹുവിനെ പരിപൂർണ്ണമായി ഭയന്ന് അവനിൽ ദൃഢമായി വിശ്വസിച്ച് അവന്റെ കൽപ്പനകളെ അനുസരിച്ചും നിരോധനങ്ങളെ ഉപേക്ഷിച്ചും ജീവിതം മുന്നോട്ട് കൊണ്ടുപോയാൽ നമുക്കും മുൻഗാമികളെപ്പോലെ വിജയിക്കാൻ സാധിക്കും. ആഖിറത്തിൽ എന്നല്ല, ദുൻയാവിൽ തന്നെ അല്ലാഹു വിജയിപ്പിക്കും, നഷ്ടപ്പെട്ടുപോയ എല്ലാ ഉന്നതികളും തിരിച്ച് നൽകും. അല്ലാഹു മുസ്ലിം ഉമ്മത്തിനെ എല്ലാവിധ അക്രമങ്ങളിൽ നിന്നും സംരക്ഷിക്കുകയും ഉന്നതിയുടെ പടവുകൾ കയറാൻ തൗഫീഖ് നൽകുകയും ചെയ്യട്ടെ.●





**മൗലാനാ ഉമറൈൻ മഹ്ഫൂസ് റഹ്മാനി**

**(സെക്രട്ടറി ആൾ ഇന്ത്യാ മുസ്‌ലിം പേഴ്സണൽ ലോ ബോർഡ്)**

**വിവ: അബ്ദുർറസാഖ് ഹുസ്നി, പത്തനംതിട്ട**


*(ഓൾ ഇന്ത്യാ മുസ്‌ലിം പേഴ്സനൽ ലോ ബോർഡ് ആഴ്ചതോറും തയ്യാറാക്കുന്ന ജുമുഅ പ്രഭാഷണങ്ങളുടെ പ്രചരണവും അൽ ഹസനാത്തിന്റെ ലക്ഷ്യങ്ങളിൽപ്പെട്ടതാണ്. വെറും പണ്ഡിതന്മാർക്കുള്ള പ്രഭാഷണ സൂചകങ്ങൾ എന്നതിനപ്പുറം സാധാരണക്കാർക്കും പ്രയോജനപ്രദമായ നിലയിൽ തയ്യാറാക്കപ്പെടുന്ന ഈ പ്രഭാഷണങ്ങളും അല്ലാഹുവിന്റെ അനുഗ്രഹത്താൽ ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിച്ചു വരുന്നു. അതിൽപ്പെട്ട ഒരു പ്രഭാഷണക്കുറിപ്പ് ഇവിടെ ചേർക്കുന്നു. എല്ലാ ആഴ്ചകളിലും പ്രസിദ്ധീകരിക്കപ്പെടുന്ന പ്രഭാഷണങ്ങൾ പ്രയോജനപ്പെടുത്താൻ എല്ലാവരോടും അഭ്യർത്ഥിക്കുന്നു.)*

ഇസ്ലാം എന്നാൽ ചില ആരാധനകളുടെ മാത്രം നാമമല്ല, മറിച്ച് മനുഷ്യന് ജീവിതത്തിൻ്റെ സർവ്വ മേഖലകളിലും വഴി കാട്ടുന്ന ഒരു സംഹിതയാണ്. ഇസ്ലാം മുന്നോട്ട് വെക്കുന്ന നിയമങ്ങളും വിധി വിലക്കുകളും നീതിപൂർണ്ണവും സന്തുലിതവുമാണ്. അവയിൽ തീവ്രതയോ ജീർണ്ണതയോ ഇല്ല. ആ വിധി വിലക്കുകളിൽപ്പെട്ട സുപ്രധാനമായ ഒന്നാണ് വിവാഹം. ഇസ്ലാം വിവാഹത്തെ വളരെ എളുപ്പവും ലളിതവുമാക്കിയിരിക്കുന്നു. കാരണം സമൂഹത്തിന്റെ പരിശുദ്ധിയും പാതിവൃത്യവും വിവാഹവുമായി ബന്ധപ്പെട്ടിരിക്കുകയാണ്. വിവാഹം കഴിക്കൽ ദുഷ്കരമാകുന്നതിനനുസരിച്ച് സമൂഹത്തിൽ അനാശാസ്യങ്ങളും പാപങ്ങളും വ്യാപിക്കുകയും, വിവാഹം ലളിതമാകുന്നതിനനുസരിച്ച് പാപങ്ങൾ കുറയുകയും സമുഹത്തിൽ പരിശുദ്ധിയും പാതിവൃത്യവും ലജ്ജയും

നിലനിർത്തൽ എളുപ്പമാവുകയും ചെയ്യും. ഇക്കാരണത്താൽ തന്നെ വിവാഹത്തിൽ വധുവിന്റെ വീട്ടുകാരുടെ മേൽ യാതൊരു സാമ്പത്തിക ബാദ്ധ്യതയും ഇസ്ലാം നിർബന്ധമാക്കിയില്ല. വരന്റെ മേൽ മഹർ നിർബന്ധമാക്കുകയും

അവരുടെ ഇടയിൽ തീരുമാനിക്കപ്പെടുന്നത് മഹ്റായി നിശ്ചയിക്കുകയും ചെയ്തു. വലിമ സൽക്കാരം സുന്നത്താക്കുകയും അതിൽ ആഡംബരത്തെ തടയുകയും ചെയ്തു. ഭാര്യ ഭർത്താക്കന്മാർക്കിടയിലെ കടമകൾ അങ്ങേയറ്റം നീതിയോടെ നിശ്ചയിപ്പെട്ടു. ദീനിൽ നിക്കാഹ് എത്ര മാത്രം ലളിതമാക്കിയിരിക്കുന്നുവെന്ന് മേൽ വിവരിക്കപ്പെട്ട കാര്യങ്ങളിലൂടെ തന്നെ മനസ്സിലാക്കാൻ സാധിക്കും. നബി ? അരുളിയിരിക്കുന്നു:

ഏറ്റവും ഐശ്വര്യ പൂർണ്ണമായ വിവാഹം ഏറ്റവും ചിലവ് കുറഞ്ഞ വിവാഹമാണ്.

ഇപ്രകാരം ആദരവായ റസൂലുള്ളാഹി (സ) യുടെ മറ്റൊരു അധ്യാപനമാണ്, വിവാഹ ബന്ധം തെരഞ്ഞെടുക്കുന്നതിൻറെ മാനദണ്ഡം തഖ്വയും ദീനീ ബന്ധവും ആയിരിക്കണം. ലക്ഷ്യം ആത്മിയ പുരോഗതിയും പാതിവൃത്യ സംരക്ഷണവുമായിരിക്കണം. നിക്കാഹിലുടെ ആത്മീയ പുരോഗതി ലക്ഷ്യമാക്കിയാൽ വിജയവും അല്ലാത്തപക്ഷം നഷ്ടവും സംഭവിക്കുന്നതുമാണ് നബി ? വ്യക്തമായി പ്രസ്താവിച്ചിരിക്കുന്നു;

ആരെങ്കിലും ഒരു സ്ത്രീയെ അവളുടെ അന്തസ്സ് മാത്രം നോക്കി വിവാഹം കഴിച്ചാൽ അല്ലാഹു അവന് നിന്ദ്യത വർദ്ധിപ്പിക്കുന്നതാണ്. അവളുടെ സമ്പത്തിന് വേണ്ടി വിവാഹം കഴിച്ചാൽ അല്ലാഹു അവന് ദാരിദ്ര്യം വർദ്ധിപ്പിക്കും. തറവാടിത്വം നിമിത്തം ഒരു സ്ത്രീയെ വിവാഹം കഴിച്ചാൽ, അല്ലാഹു അവന് നിസ്സാരത വർദ്ധിപ്പിക്കും. ആരെങ്കിലും ഒരു സ്ത്രീയെ തന്റെ കണ്ണുകളെ സൂക്ഷിക്കുന്നതിനോ ചാരിത്ര്യം സംരക്ഷിക്കുന്നതിനോ കുടുബബന്ധം ചേർക്കുനതിനോ വേണ്ടി വിവാഹം ചെയ്താൽ അല്ലാഹു അവരെ രണ്ടുപേരെയും അനുഗ്രഹിക്കും.

ഈ ഇസ്ലാമിക അധ്യാപനങ്ങൾക്കും മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസൃതമായി വിവാഹം ചെയ്യുക എന്നത് മുസ്ലിംകളുടെ അടിസ്ഥാന ബാദ്ധ്യതയാണ്. എന്നാൽ ദുഖകരം എന്ന് പറയട്ടെ, മുസ്ലിംകൾ മറ്റ് ജനവിഭാഗങ്ങളുടെ ആചാരങ്ങളിലും

പാരമ്പര്യങ്ങളിലും ആകൃഷ്ടരായി ഇസ്ലാമിന്റെ വ്യക്തവും സുതാര്യവുമായ സംവിധാനത്തിൽ നിന്നും വിദൂരത്തിലാകുകയും സുന്നത്തുകളനുസരിച്ച് അമൽ ചെയ്യുന്നതിന് പകരമായി മോശം ആചാരങ്ങളെയും ചടങ്ങുകളെയും അവരുടെ നിക്കാഹിന്റെ ഭാഗമാക്കുകയും ചെയ്തു. ലളിതമായ നിലയിൽ വിവാഹം നിർവ്വഹിക്കുന്നതിന് പകരമായി അനാവശ്യ ചിലവുകളും സ്ത്രീധനവും ധൂർത്തും വിവാഹത്തിന്റെ ഭാഗമാക്കിയിരിക്കുന്നു. എന്നാൽ അല്ലാഹു വിശുദ്ധ ഖുർആനിലൂടെ ധൂർത്തിനെ തടയുകയും ധൂർത്ത് കാണിക്കുന്നവരെ പിശാചിന്റെ സഹോദരങ്ങളായി വിശേഷിപ്പിക്കുകയും ചെയ്യുന്നു: നിങ്ങൾ ധൂർത്ത് കാണിക്കരുത്. തീർച്ചയായും ധൂർത്തൻമാരെല്ലാം പിശാചിൻറെ കൂട്ടാളികളായിരിക്കും (ഇസ്റാഅ് 26, 27)

അനാവശ്യ ചിലവുകൾ കാരണം വിവാഹം നടത്തുകയെന്നത് ഇന്ന് അങ്ങേയറ്റം പ്രയാസകരമായിരിക്കുന്നു. വിവാഹ സമയത്തുള്ള കൊടുക്കൽ വാങ്ങലുകളും സ്ത്രീധനവും അനാവശ്യ ചിലവുകളുടെ നാശവും ഇന്ന് പെ?കുട്ടികളെ ഒരു ഭാരമായി ചിത്രീകരിച്ചിരിക്കുന്നു. അതുകൊണ്ട് തന്നെ മറ്റു സമൂഹങ്ങളിലെന്ന പോലെ മുസ്ലിം സമുഹത്തിത്തിലും ഈ ഭാരം കാരണം ആത്മഹത്യകൾ ആരംഭിച്ചിരിക്കുന്നു. വിവാഹം നടക്കാതിരിക്കുന്നതിന്റെയോ വൈകുന്നതിന്റെയോ എന്തല്ലാം കാരണങ്ങളുണ്ടോ ആ മുഴുവൻ കാരണങ്ങളും പൂർവ്വാധികം ശക്തിയോടെ ഇന്ന് മുസ്ലിം സമുദായത്തിലും കടന്ന് കൂടിയിട്ടുണ്ട്. മുസ്ലിമീങ്ങൾ വിവാഹങ്ങളിൽ ദീനുൽ ഇസ്ലാമിന്റെ മാർഗ്ഗത്തിൽ നിന്നും വ്യതിചലിക്കുകയും വെറു അനാവശ്യവും യുക്തിരഹിതവുമായ കാര്യങ്ങളെ വിവാഹ വേളകളിൽ കൊണ്ടു നടക്കുകയും ചെയ്യുന്നുവെന്ന് മാത്രമല്ല അവകളെ നിർബന്ധ കാര്യങ്ങളായി മനസ്സിലാക്കി അനുഷ്ഠിക്കുന്നു. ആകയാൽ ഈ മുഴുവൻ കാര്യങ്ങളിൽ നിന്നും മുസ്ലിം സമുദായത്തെ പരിവർത്തനം ചെയ്യൽ വളരെ അത്യാവശ്യമാണ്.

വിവാഹവേളകളിൽ അതിരുകടന്ന രീതിയിൽ സമ്പത്ത് ചിലവഴിക്കപ്പെടുന്നു എന്നത് ഒരു വസ്തുതയാണ്. ഇത് അതിസമ്പന്നരല്ലാത്ത പെ?കുട്ടികളുടെ വീട്ടുകാരെ വലിയ പ്രയാസത്തിലാക്കുന്നു. ഇപ്രകാരം വധുവിന്റെ വീട്ടുകാരിൽ നിന്നും

സ്ത്രീധനം ആവശ്യപ്പെടുകയും അത് നിർവ്വഹിക്കാൻ കടം വാങ്ങുന്ന നിർബന്ധിതാവസ്ഥയിലേക്ക് മാതാപിതാക്കളെത്തുകയും ചെയ്യുന്നു. ഇത് ദീനിന്റെ കാഴ്ചപ്പാടിൽ തീർത്തും നിഷിദ്ധവും പാടില്ലാത്ത കാര്യവുമാണ്.

പുരാതന കാലം മുതൽ തന്നെ നാം വസിക്കുന്ന ഈ രാജ്യത്ത് സ്ത്രീകൾക്കെതിരായ അക്രമങ്ങളും അടിച്ചമർത്തലുകളും നിലനിന്നിരുന്നു. സ്ത്രീകൾക്ക് അവരുടെ മാതാപിതാക്കളുടെയോ ഭർത്താക്കന്മാരുടെയോ അനന്തര സ്വത്തിൽ നിന്നും യാതൊന്നും നൽകിയിരുന്നില്ല. ഇന്ന് രാജ്യത്തിന്റെ നിയമപ്രകാരം അനന്തര സ്വത്തിന് അർഹരാണെങ്കിലും പ്രയോഗിക തലത്തിൽ ഇവർക്കിത് ലഭിക്കുന്നില്ല. ഈയൊരു പശ്ചാതലത്തിൽ നിന്ന് ചിന്തിക്കുമ്പോൾ ഇവിടെ ആദ്യകാലം മുതൽ തന്നെ സത്രീധനത്തിന്റെ സമ്പ്രദായം നിലനിന്നിരുന്നതായി മനസ്സിലാക്കാം. അഥവാ സ്ത്രീകളെ വിവാഹം ചെയ്തയക്കുമ്പോൾ തന്നെ ഇവർക്ക് കുറച്ച് സ്വത്തുക്കൾ നൽകുകയും പിന്നീട് അനന്തര സ്വത്തിൽ നിന്നും ഒഴിവാക്കുകയും ചെയ്യുന്നു. എന്നാൽ ഇതിൽ നിന്നും തീർത്തും വിപരീതമായി ഇസ്ലാം സ്ത്രീകൾക്ക് അനന്തര സ്വത്ത് നൽകുന്നു എന്ന് മാത്രമല്ല ചില സന്ദർഭങ്ങളിൽ മറ്റ് അവകാശികളെക്കാൾ കൂടുതൽ ഓഹരി ഇവർക്ക് ലഭിക്കുകയും ചെയ്യുന്നു. എന്നാൽ ചില വിവരദോഷികളായ മുസ്ലിം സഹോദരങ്ങൾ ഈ രണ്ട് കാര്യങ്ങളെ അഥവാ സ്ത്രീധനത്തെയും സ്ത്രീകളെ അനന്തരസ്വത്തിൽ നിന്നും ഒഴിവാക്കുന്നതിനെയും മറ്റ് സമുദായങ്ങളിൽ നിന്നും സ്വീകരിച്ചിരിക്കുന്നു.

അനുവദനീയമായ രീതിയിലല്ലാതെയോ ആരെയെങ്കിലും സമ്മർദ്ദത്തിലാക്കിയോ കരസ്ഥമാക്കുന്ന ധനം ഒരിക്കലും ഹലാലായി മാറുകയില്ല. മറിച്ച് അത് ഹറാമായ ധനം തന്നെയാണ്. ഇപ്രകാരം വധുവിന്റെ വീട്ടുകാരെ സമ്മർദ്ദത്തിലാക്കി കൈപറ്റുന്ന സ്ത്രീധനം പരിശുദ്ധ ദീനിന്റെ കാഴ്ചപ്പാടിൽ അനുവദനീയമല്ലാത്തതും തീർത്തും നിഷിദ്ധവുമാണ്. വരന്റെ വീട്ടുകാരുടെ അഗ്രഹത്തിനനുസരിച്ച് സ്ത്രീധനം ലഭിക്കാതിരിന്നാലോ അല്ലെങ്കിൽ കിട്ടിയത് കുറഞ്ഞ് പോകുന്നതോ ആയ സന്ദർഭത്തിൽ സ്ത്രീകൾ ഉപദ്രവിത്തിനും ആക്ഷേപത്തിനും ഇരകളാകുകയും ചില സന്ദർഭത്തിൽ കടുത്ത നിലപാട് കൊണ്ട് ആത്മഹത്യയിലേക്ക് എത്തുകയും ചെയ്യുന്നു.

ഇത്തരുണത്തിൽ സത്രീധനം സമുഹത്തിന്റെ ശാപവും അല്ലാഹുവിന്റെ കോപത്തെ വിളിച്ച് വരുത്തുന്നതും ശരീഅത്തിൽ നിഷിദ്ധവുമായ കാര്യമാണ്.
ഇവിടെ വലിയ ഗൗരവത്തോടെ മനസ്സിലാക്കേണ്ട മറ്റൊരു കാര്യമാണ് ദീൻ നിഷിദ്ധമാക്കിയ ആത്മഹത്യ സിനിമകളുടെ സ്വാധീനം കാരണമായി സമൂഹത്തിൽ ഇടം നേടിയിരിക്കുന്നു. ഇവയിൽ നിന്നെല്ലാം സമൂഹത്തെ തടയേണ്ടതും ബോധവാന്മാരാക്കേണ്ടതും ബഹുമാന്യ ഉലമാക്കളുടെയും സമുദായ നേതാക്കന്മാരുടെയും ബാദ്ധ്യതയാണ്.

പൊതു സമുഹത്തിൽ സത്രീധനത്തിന്റെ അങ്ങേയറ്റം മോശമായ ഫലങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. നിർബന്ധബുദ്ധിയോടെയുള്ള സത്രീധനത്തിന്റെ കൊടുക്കൽ വാങ്ങലുകൾ വിശുദ്ധ ശരീഅത്തിന് പുർണ്ണമായി എതിരായ കാര്യമാകുന്നു. സ്ത്രീധനം കാരണമായി സാധുക്കളായ പെൺകുട്ടികളുടെ വിവാഹം ബുദ്ധിമുട്ടാവുകയും അവരുടെ ഭാവി ജീവിതം ഇരുട്ടിലേക്ക് കൂപ്പുകുത്തുകയും മാതാപിതാക്കൾക്ക് തുണയാകേണ്ട പെൺമക്കൾ അവർക്ക് ഭാരമാകുകയും മകളുടെ നിക്കാഹിനായി ഹലാൽ ഹറാം വേർതിരിവില്ലാതെ സമ്പാദിക്കേണ്ട അവസ്ഥയിലേക്ക് പിതാവ് എത്തുകയും ചെയ്യുന്നു. ഭർത്താവ് ഭാര്യയുടെ സമ്പത്ത് ഉപയോഗിക്കുന്നതിന്റെ പേരിൽ ഭാര്യയുടെ ന്യൂനതകളെ അവഗണിക്കാൻ നിർബന്ധിതനാകുന്നു. മകളുടെ സ്ത്രീധനത്തിന്റെ പേരിൽ മാതാപിതാകൾക്ക് ഹജ്ജ്, സക്കാത്ത് തുടങ്ങിയ ഫർളുകൾ ഉപേക്ഷിക്കേണ്ടി വരുന്നു. യുവാക്കൽ തന്റെ ഭാര്യാ പിതാവിൽ നിന്നും ലഭിച്ച സമ്പത്ത് കാരണമായി ജോലികള്ളന്മാരും മടിയന്മാരുമാകുന്നു.

സ്ത്രീധനത്തിന്റെ കാര്യത്തിൽ ആണിന്റെ വീട്ടുകാർ മാത്രമാണ് ഉത്തരവാദികളെന്നും പെണ്ണിന്റെ വീട്ടുകാർ തീർത്തും അക്രമത്തിന് ഇരയായവരാണെന്നും പറയാൻ പറ്റില്ല. മറിച്ച് ഇവിടെ പെൺകുട്ടിയുടെ വീട്ടുകാർക്കും തുല്യപങ്കാളിത്തമുണ്ട്. പെൺകുട്ടിയുടെ വീട്ടുകാർ അവരുടെ മക്കളുടെ ആഢംബര ജീവിതം സ്വപ്നം കാണുകയും ഇടത്തരം വരുമാനമുള്ള ആൺകുട്ടികളുമായുള്ള ബന്ധം നിരസിക്കുകയും വലിയ വരുമാനമുള്ള ആളുകളുമായി ബന്ധം പുലർത്താൻ ശ്രമിക്കുകയും

ചെയ്യുന്നു. മകൾക്ക് വേണ്ടിതിരഞ്ഞെടുക്കുന്ന സന്ദർഭത്തിൽ വരന്റെ സമ്പാദ്യ മാർഗ്ഗത്തെയും സ്വഭാവത്തെയും പറ്റിയുള്ള മുഴുവൻ കാര്യങ്ങളെയും അവഗണിച്ച്, ഇവർ തന്നെ തങ്ങളുടെ മക്കളുടെ മതപരവും ലൗകികവുമായ ജീവിതത്തെ സ്വന്തം കൈകൾ കൊണ്ട് കഴുത്ത് ഞെരിച്ച് കൊല്ലുന്നു. സമൂഹത്തിലെ ഭൂരിഭാഗംആളുകളും ഇതിൽ അകപ്പെട്ട കാരണത്താൽ ഇതിൽ നിന്നും അകന്ന് നിൽക്കാൻ ആഗ്രഹിക്കുന്ന നല്ല ആളുകൾ പോലും ഖേദത്തോടെ ഈ പാത പിൻതുടരുന്നു.

ആകയാൽ മക്കൾക്കായി സൽസ്വഭാവും തഖ്%ായും അല്ലാഹുവിൽ ഭയവും ആദരവായ റസൂലുള്ളാഹിയുടെ ചര്യയയെ പിൻപറ്റുന്നവർക്കും മുൻഗണന നൽകുക.

നിങ്ങൾ ദീൻ കൊണ്ടും സ്വഭാവം കൊണ്ടും തൃപ്തിപ്പെടുന്നവർ നിങ്ങളോട് വിവാഹാലോചന നടത്തിയാൽ അത് നിങ്ങൾ നടത്തിക്കൊടുക്കുക. അങ്ങനെയല്ലെങ്കിൽ ഭൂമിയിൽ കുഴപ്പവും നാശവും ഉണ്ടാകും.

വരന്റെ വിട്ടുകാർ സ്ത്രീധനം ആവശ്യപ്പെടലും വധുവിന്റെ ഭാഗത്ത് നിന്നും സ്ത്രീധനം പറഞ്ഞുറപ്പിച്ച അടിസ്ഥാനത്തിൽ വിവാഹം നിശ്ചയിക്കലും ദീനിന് തീർത്തും എതിരാണ്. സ്ത്രീധനത്തിന്റെ പരിണിത ഫലമായി പുതിയ സംഭവങ്ങളും വാർത്തകളും ഉണ്ടായി കൊണ്ടിരിക്കുന്നു. സ്ത്രീധനമെന്ന ഈ ശാപത്തിന്റെ പേരിൽ ഉമ്മത്തിലെ ആയിരക്കണക്കിന് പെ?കുട്ടികളുടെ കല്യാണം നടക്കാതെ വീട്ടിൽ തന്നെ കഴിയുന്നു. തന്റെ പെ?മക്കളുടെ കല്യാണത്തിന്റെ പേരിൽ അവരുടെ വൃദ്ധരായ പിതാക്കളുടെ ശാന്തിയും സമാധാനവും നശിക്കുന്നു. ഈ വിനാശകരമായ അവസ്ഥയിൽ നിന്നും മുഴുവൻ സമുദായത്തെയും രക്ഷിക്കേണ്ടതും പരിവർത്തനം നടത്തേണ്ടതും മുസ്ലിം ഉമത്തിന്റെ ബാദ്ധ്യതയാണ്.

പെൺകുട്ടികളെ ജീവനോടെ കുഴിച്ച് മൂടുന്നതിനും സ്ത്രീകൾക്കെതിരായ അടിച്ചമർത്തലിനുമെതിരെ ലോകത്ത് ആദ്യമായി വിപ്ലവം നടത്തിയതും സ്ത്രീകളുടെ മഹത്വം ലോകത്തിന് മുന്നിൽ പ്രഖ്യാപിച്ചതും ഇസ്ലാം തന്നെയാണ്. എത് ജനവിഭാഗത്തിൽപ്പെട്ട സ്ത്രീയായിക്കൊള്ളട്ടെ, അവരെ അടിച്ചമർത്തപ്പെടുകയോ ജീവിതനോടെ കുഴിച്ച് മുടപ്പെടുകയോ

ചെയ്താൽ അതിൽ അങ്ങേയറ്റം ദുഖിക്കുന്നതും അതിനെതിരിൽ ആദ്യമായി ശബ്ദമുയർത്തുന്നതും അവളുടെ അവകാശം നേടിയെടുക്കാൻ പരിശ്രമിക്കുന്നതുമായിരുന്നു ആദരവായ റസൂലുള്ളാഹി (സ) യുടെ മാതൃക.

എന്നാൽ ദുഖകരം എന്ന് പറയട്ടെ, ഈ റസൂല്ലുല്ലാഹി (സ) യുടെ പിൻമുറക്കാർ തന്നെ തന്റെ ഭാര്യയോടും മരുമക്കളോടും അക്രമം കാണിക്കുകയും സഹോദരിമാരെയും പെൺമക്കളെയും അനന്തരസ്വത്തിൽ നിന്നും ഒഴിവാക്കി അവരോട് അനീതി കാണിക്കുകയും ചെയ്യുന്നു. ഇവയുടെയെല്ലാം അടിസ്ഥാനപരമായ കാരണം ഇസ്ലാമിക അദ്ധ്യാപനങ്ങളിലുള്ള അകൽച്ചയും അനിസ്ലാമിക ആചരങ്ങളോടും പരമ്പര്യത്തോടുമുള്ള അടുപ്പവുമാണ്. ഈ അവസ്ഥയിൽ നിന്നുമുള്ള പരിവർത്തനത്തിനായി ഇസ്ലാമിക അദ്ധ്യാപനങ്ങളെ വിവാഹവേളകളിൽ മാത്രം ചുരുക്കാതെ ജീവിതത്തിലുടനീളം സ്വീകരിക്കുകയും വീട്ടിലും കുടുംബത്തിലും സ്നേഹത്തിന്റെയും വാത്സല്യത്തിന്റെയും അന്തരീക്ഷം സ്ഥാപിക്കുകയും വിവാഹ സദസ്സുകൾ ലളിതമാക്കുകയും പെൺമക്കളെ വിവാഹം കഴിപ്പിക്കാൻ സാധിക്കാത്തവർക്ക് സാമ്പത്തിക സഹായം നൽകുകയും സമൂഹികക്ഷേമ സംഘടനകളിലൂടെ സമൂഹവിവാഹം സംഘടിപ്പിക്കുകയും ഉലമാക്കളും ഇമാമുകളും സ്ത്രീധനത്തിന്റെ ദൂഷ്യഫലങ്ങൾ അവരുടെ പ്രഭാഷണത്തിന്റെയും എഴുത്തിന്റെയും വിഷയങ്ങളാക്കുകയും വാർത്താ മാധ്യമവും സാമൂഹ്യ മാധ്യമങ്ങളുമായി ബന്ധപ്പെട്ട് നിൽക്കുന്ന വ്യക്തികൾ സ്ത്രീധനത്തിന്റെ നിയമപരവും ശരീഅത്ത് പരവുമായ വിഷയങ്ങളെ സബന്ധിച്ച് ജനങ്ങളെ ബോധവാന്മാരാക്കുകയും ചെയ്യുക. അല്ലാഹു തൗഫീഖ് ചെയ്യട്ടെ.!

---

* പ്രബോധനത്തോടൊപ്പം മാതൃകാ ജീവിതവും ഉണ്ടാക്കിയെടുക്കുക. * വിജ്ഞാനവും സംസ്കരണവും ഒരുമിച്ച് ചേരുമ്പോഴാണ് പാണ്ഡിത്യം പൂർണ്ണമാകുന്നത്. *ആത്മ സംസ്കരണം സന്യാസമല്ല, പടച്ചവനിലേക്ക് അടുക്കാനുള്ള സുന്ദര സരണിയാണ്. * നന്മകളുടെ പ്രവർത്തനങ്ങളിലൂടെ നന്മകളുടെ വസന്തം പൂത്തുലയുന്നതാണ്. * ***ഇമാം നദ്വി***




## പ്രിയപ്പെട്ട മൗലാനാ ചേലക്കുളം ഉസ്താദ്

കാരുണാവാരിധിയായ അല്ലാഹുവിന്റെ അനുഗ്രഹ മെന്നോണം നമുക്ക് ലഭിച്ച ഒരു പണ്ഡിത തേജസാണ് മഹാനായ ഉസ്താദ് ചേലക്കുളം അബുൽ ബുഷ്റാ മൗലാനാ. ഉസ്താദിന്റെ വിയോഗത്തോടെ സമ്പൽ സമൃദ്ധമായ ഒരു യുഗത്തിനാണ് തിരശ്ശീല വീണിരിക്കുന്നത്.കേരളത്തിലെ വൈജ്ഞാനിക ചരിത്രത്തിലെ പ്രധാന നാഴികക്കല്ലായ പൊന്നാനിയിലും ഉസ്താദുൽ അസാതിദ ഇടപ്പള്ളി അബൂബക്കർ ഉസ്താദ് സമക്ഷത്തിലും പഠനം നടത്തിയ ഉസ്താദ് ജാമിഅ ബാഖയാത്തു സ്വാലിഹാത്ത് വെല്ലൂരിൽ പഠനം പൂർത്തീകരിച്ചു. ബാഖിയാത്തിലെ പ്രധാന ഉസ്താദ് മൗലാനാ ശൈഖ് ഹസൻ ഹസ്റത്ത് അവർകളായിരുന്നു. ഹസ്രത്തിന്റെ ശിഷ്യത്വത്തിന് സൗഭാഗ്യം ലഭിച്ച പലരും പിൽക്കാലത്ത് മാറി സഞ്ചരിച്ചെങ്കിലും ചില മഹത്തുക്കൾ ഹസ്രത്തിന്റെ സത്യസരണിയിൽ അതിൽ പ്രധാന വ്യക്തിത്വമാണ് ചേലക്കുളം ഉസ്താദ്. പഠനത്തിന് ശേഷം കർമ്മ രംഗത്തേക്കിറങ്ങി. ഇക്കൂട്ടത്തിലെ ഒരു പ്രധാന സ്ഥലം ഞങ്ങളുമായി വളരെ ബന്ധമുള്ള ഒരു സ്ഥാപമാണെന്നതിൽ വലിയ സന്തോഷമുണ്ട്. ബഹുമാന്യ മാമാ അഡ്വ. പി.എം മുഹമ്മദ് ഹാജി മർഹൂം എറണാകുളത്ത് സിനിമ കോട്ട ഉണ്ടാക്കാൻ ആഗ്രഹിച്ച സ്ഥലത്ത് മസ്ജിദുന്നൂർ എന്ന പേരിൽ അനുഗ്രഹീത മസ്ജിദ് നിർമ്മിച്ചപ്പോൾ അതിന്റെ ആദ്യത്തെ ഇമാമും ഖത്തീബും ഉസ്താദായിരുന്നു. അതിന് മുമ്പും ശേഷവുമായി കേരളത്തിന്റെ അങ്ങോളമിങ്ങോളം ധാരാളം മസ്ജിദുകളിലും മദ്റസകളിലും ഉസ്താദ് സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

ജീവിതാന്ത്യം വരെ ഈ സ്ഥാപനങ്ങളെയും അവിടുത്ത പ്രധാനികളെയും മാത്രമല്ല സാധാരണക്കാരെയും ഓർമ്മ വെച്ചിരിന്നുവെന്നതാണ് ഉസ്താദിന്റെ വലിയൊരു പ്രത്യേകത. വിനീതന്റെ ഭാര്യാമാതാവിനെ കാണുമ്പോഴെല്ലാം ഇത് എന്റെ ശിഷ്യയാണ്. കൊല്ലം മുതിരപ്പറമ്പിൽ വെച്ച് ഞാൻ ഓതിച്ചിട്ടുണ്ടെന്ന് പറയുമായിരുന്നു. മസ്ജിദ് മദ്റസാ പ്രവർത്തനങ്ങളോടൊപ്പം ഇതര ദീനീ പ്രവർത്തനങ്ങളുമായും ഉസ്താദ് ബന്ധപ്പെട്ടു. ശൈഖ് ഹസൻ ഹസ്രത്ത് കേരളക്കരയ്ക്ക് പരിചയപ്പെടുത്തിയ ജംഇയ്യത്ത് ഉലമാ ഏ ഹിന്ദിന്റെ തുടക്കം മുതലുള്ള സംസ്ഥാന സമിതി അംഗങ്ങളിൽ ഉസ്താദും ഉണ്ടായിരുന്നു. എന്നാൽ ഉസ്താദ് ഏറ്റവും കൂടുതൽ പ്രവർത്തിച്ചത് ദക്ഷിണ കേരളാ ജംഇയ്യത്തുൽ ഉലമയിലാണ്. അവസാന സന്ദർ'ങ്ങളിൽ ദക്ഷിണയുടെ ജനറൽ സെക്രട്ടറിയും തുടർന്ന് പ്രസിഡന്റുമായി ഉയർന്നിരുന്നു. പ്രശ്നങ്ങളിൽ തലയിടാതെ നീങ്ങിയിരുന്ന സ്വഭാവമായിരുന്നു. കൂടാതെ തബ്ലീഗ് പ്രവർത്തനവും വിശിഷ്യാ ദാഇയെ മില്ലത്ത് മൂസാ മൗലാനായുമായും വലിയ അടുപ്പമായിരുന്നു. ഈ അടുപ്പത്തിന്റെ പേരിൽ മൗലാനാ മർഹൂം പല തബ്ലീഗ് സമ്മേളനങ്ങളിലും ബയാൻ ചെയ്യിപ്പിച്ചിരുന്നു.

മദ്റസാ പ്രവർത്തനങ്ങൾ അടിസ്ഥാന കാര്യങ്ങളിൽ ഉറച്ചു നിൽക്കുന്നതിനോടൊപ്പം ചരിത്രത്തിന്റെ ചുവരെഴുത്തുകൾ മനസ്സിലാക്കിയും കാലത്തിന്റെ കാലൊച്ചകൾ കേൾക്കുകയും ചെയ്തു കൊണ്ട് വിശാലമാക്കണം എന്ന് ഉസ്താദ് അഭിപ്രായപ്പെട്ടിരുന്നു. ഈ വഴിയിൽ പ്രവർത്തിക്കുന്നതിന് അസാസുദ്ദഅ്വത്തിൽ ഇസ്ലാമിയ്യ എന്ന പേരിൽ ഒരു അനുഗ്രഹീത സ്ഥാപനം വീടിനടുത്ത് തന്നെ തുടങ്ങുകയുണ്ടായി. അല്ലാഹു ഇതിനെ ഉസ്താദിന്റെ ആഗ്രഹത്തെക്കാൾ ഉയർന്ന നിലയിൽ നിലനിർത്തുകയും വളർത്തുകയും ചെയ്യട്ടെ! ഇതിന്റെ കീഴിൽ തദ് രീബുൽ അഇമ്മ എന്ന പേരിൽ മസ്ജിദ് ഇമാമുകൾക്ക് വേണ്ടി നടത്തപ്പെട്ട ക്ലാസുകൾ വളരെ ശ്രദ്ധേയമാണ്. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ സംഘടിക്കപ്പെട്ടിരുന്ന ഈ കാസുകൾ നടത്തുന്നതിന് വലിയ ത്യാഗത്തോടെ ഉസ്താദ് യാത്ര ചെയ്ത് വരുമായിരുന്നു. പ്രിയപ്പെട്ട മൗലാനാ സയ്യിദ് മുസ്തഫാ ഹസ്രത്ത് വിവരിച്ച അനു'വം വളരെ ചിന്തനീയമാണ്: ഞാൻ ജാമിഅ സ്വാലാഹിയ്യയിൽ സേവനം ചെയ്യുമ്പോൾ ഉസ്താദിന്റെ നേതൃത്വത്തിലുള്ള തദ്രീബുൽ അഇമ്മ

കോഴ്സ് അതിനടുത്തൊരിടത്ത് നടന്നിരുന്നു. അവിടെ പോകുന്നതിന് തലേ ദിവസം രാത്രി വന്ന് ഞങ്ങളുടെ സ്ഥാപനത്തിൽ താമസിക്കുമായിരുന്നു. തദവസരം ഉസ്താദ് പറഞ്ഞു: ഞാൻ ഇവിടുത്തെ വെള്ളവും വെളിച്ചവും ഉപയോഗിക്കുന്നതിനാൽ അതിന്റെ പകരമെന്നോണം വിദ്യാർത്ഥികൾക്ക് വല്ലതും പഠിപ്പിക്കാൻ ആഗ്രഹിക്കുന്നു! അങ്ങനെ ഉസ്താദ് അവിടെ വരുമ്പോഴെല്ലാം വിദ്യാർത്ഥികൾക്ക് പാഠമെടുത്തിരുന്നു.

അവസാന കാലത്ത് ഉസ്താദിനെ തിരുവനന്തപുരം വലിയ ഖാസിയായി തിരഞ്ഞെടുക്കപ്പെട്ടു. ഇതിന്റെ പരിപാടികളിലും നീണ്ട യാത്രകൾ ചെയ്ത് താൽപര്യത്തോടെ പങ്കെടുത്തിരുന്നു. ഖാസിമാരുടെ പ്രധാന പ്രവർത്തനമായ പ്രശ്നപരിഹാര സമിതി നടത്തുന്നതുമായി ബന്ധപ്പെട്ട് ആൾ ഇന്ത്യാ മുസ്ലിം പേഴ്സണൽ ലോ ബോർഡിന്റെ പ്രവർത്തനത്തെ ഉസ്താദ് വളരെയധികം പിന്തുണക്കുകയും ഖാസി ഫോറത്തിന് കീഴിനും ഇതര മദ്റസകളിലും മഹല്ലുകളിലും അത് ശരിയായി നടത്തണമെന്ന് അഭിപ്രായപ്പെടുകയും ചെയ്തിരുന്നു. സമുദായ നേതൃത്വം അടിയന്തരമായി നടപ്പിൽ വരുത്തേണ്ട ഒരു കാര്യമാണിത്.

ഉസ്താദ് മർഹൂമിന്റെ ത്യാഗപൂർണ്ണമായ നിരന്തര യാത്രകൾക്കിടയിൽ എളിയ സ്ഥാപനം ദാറുൽ ഉലൂമുമായി ബന്ധപ്പെട്ടുവെന്നത് ഞങ്ങൾ നന്ദിയോടെയും ദുആകളോടെയും അനുസ്മരിക്കുന്ന കാര്യമാണ്. സ്ഥാപകനായ ഡോ. അഹ്മദ് കുഞ്ഞ് മർഹൂമിനോടൊപ്പം ഒരു ഹജ്ജ് യാത്രയിൽ പങ്കെടുത്തതിനാൽ ഇരുവരും വലിയ ബന്ധമായിരുന്നു. ഈ വഴിയിൽ പോകുമ്പോഴെല്ലാം ഡോക്ടറുമായി ബന്ധപ്പെടുകയും ഡോക്ടർ മദ്റസയിലേക്ക് ക്ഷണിക്കുകയും ഉസ്താദ് സന്തോഷത്തോടെ സ്വീകരിക്കുകയും ചെയ്തു. ഉസ്താദ് മർഹൂമിന്റെ ദാറുൽ ഉലൂം ദിനങ്ങൾ ഓർമ്മയിലെ സുഗന്ധം തന്നെയാണ്. ആരുടെയെങ്കിലും വണ്ടിയിൽ കയറിയും ബസ്സിൽ യാത്ര ചെയ്തും മറ്റും ഉസ്താദ് മദ്റസയിൽ എത്തും. നീണ്ട ദിവസങ്ങൾ ഇവിടെ തന്നെ കാണും. ഇടയ്ക്ക് വിവിധ പരിപാടികൾക്ക് പോയാലും ഉടനടി തിരിച്ചെത്തും. നമസ്കാരത്തിൽ വലിയ ശ്രദ്ധയായിരുന്നു. സുന്നത്തുകളും ജമാഅത്തുകളും ഒന്നാം സ്വഫും മുടക്കിയതായി കണ്ടിട്ടില്ല. ശാരീരിക ക്ഷീണങ്ങൾക്കിടയിലും വളരെ ശ്രദ്ധയോടെ നമസ്കരിക്കുന്നത് കണ്ട് അത്ഭുതപ്പെട്ടിട്ടുണ്ട്.

പാഠങ്ങൾ വലിയ ഹരമായിരുന്നു. പല പാഠങ്ങളും കാണാതെയാണ് എടുത്തിരുന്നത്. താൽപര്യമുള്ള വിദ്യാർത്ഥികൾക്ക് പ്രത്യേക ക്ലാസുകൾ നടത്തിയിരുന്നു. നാട്ടുകാരുമായും വലിയ ബന്ധമായിരുന്നു. പ്രത്യേകിച്ചും വിനീതന്റെ കുടുംബത്തോടും മക്കളോടും പുലർത്തിയ കാരുണ്യത്തെ അങ്ങേയറ്റം നന്ദിയോടെ സ്മരിക്കുകയും റഹ്മാനായ റബ്ബ് ഇതിനെല്ലാം ഉയർന്ന പ്രതിഫലം നൽകട്ടെയെന്ന് ദുആ ചെയ്യുകയും ചെയ്യുന്നു. അവസാന നാളുകളിൽ പട്ടാമ്പിയിലെ ജാമിഅ റബ്ബാനിയയിൽ ദർസ് നടത്തി. അവിടെ നടന്ന സനദ്ദാന സമ്മേളനത്തിൽ വളരെ ഉജ്ജ്വലമായ ഒരു പ്രഭാഷണമാണ് കാഴ്ച്ചവെച്ചത്. ഇൽമിന്റെ ത്യാഗം ചെയ്യുന്നതിന്റെ മഹത്വങ്ങൾ, ഹദീസുകളുടെയും സംഭവങ്ങളുടെയും വെളിച്ചത്തിൽ വിവരിക്കുണ്ടായി. വാർദ്ധക്യ സഹജമായ രോഗങ്ങൾ ഉണ്ടായിരുന്നെങ്കിലും ഉസ്താദ് മർഹൂം അതൊന്നും വകവെക്കാതെ മുന്നോട്ട് നീങ്ങി. ഇടയ്ക്ക് പ്രിയ സഹധർമ്മിണി പടച്ചവന്റെ കാരുണ്യത്തിന്റെ യാത്രയായി. അത് ഉസ്താദ് മർഹൂമിന് വലിയ ആഘാതമായിരുന്നെങ്കിലും മഹാനവർകൾ തനത് ശൈലിയിൽ സഞ്ചാരം തുടർന്നു. അവസാനം വേർപാടിന്റെ സമയമടുത്തു. ദിക്ർ ദുആകൾ പതിവാക്കിയ ഉസ്താദിന് ചുറ്റും ബന്ധുമിത്രങ്ങൾ അത് ചെയ്ത് കൊണ്ടിരിക്കേ ഉസ്താദ് മർഹൂമും അതിൽ മുഴുകി കൊണ്ട് അല്ലാഹുവിന്റെ സമുന്നതമായ സ്വർക്ഷത്തിലേക്ക് യാത്രയായി. ഉസ്താദ് മർഹൂം നിരന്തരം ഈ ഖുർആനിക ദുആകൾ പാരായണം ചെയ്തിരുന്നു. രക്ഷിതാവേ, എനിക്ക് ജ്ഞാനം നൽകണേ! എന്നെ സൽവൃത്തരിൽ ഉൾപ്പെടുത്തുകയും ചെയ്യേണമേ! പിന്നീട് വരുന്നവരിൽ എന്റെ നല്ലസ്മരണ നിലനിർത്തേണമേ! എന്നെ അനുഗ്രഹപൂർണമായ സ്വർഗത്തിന്റെ അവകാശികളിൽ പെടുത്തേണമേ..! (ശുഅറാഅ് 83-85)

## മൗലാനാ മുഹമ്മദ് ഇൽയാസ് ബാരാബംഗി

ഇൽമ് ദിക്ർ ദഅ് വത്തുകളുടെ കേന്ദ്രമായ ഡൽഹി നിസാമുദ്ദീൻ മദ്റസ കാശിഫുൽ ഉലൂമിലെ ശൈഖുൽ ഹദീസ് മൗലാന മുഹമ്മദ് ഇൽയാസ് ബാരാബംഗി അല്ലാഹുവിന്റെ കാരുണ്യത്തിലേക്ക് യാത്രയായി. അല്ലാഹു വലിയ തൗഫീഖുകൾ കനിഞ്ഞരുളിയ മഹാനായിരുന്നു. ജീവിതം മുഴുവൻ ത്യാഗത്തിൽ കഴിഞ്ഞ് കൂടിയ

മൗലാനയുടെ അവസ്ഥകൾ അത്ഭുതകരമായിരുന്നു. നിസാമുദ്ദീൻ മർകസിൽ രാപകൽ ദർസിലും ദഅ് വത്തിലും ഇതര പരിശ്രമങ്ങളിൽ മുഴുകി കഴിയുമായിരുന്നു. ദർസ് നടത്തുമ്പോൾ അങ്ങേയറ്റം സഹനതയോടെ പുഞ്ചിരിച്ചും ആടിയും ആനന്ദകരമായി ദറസ് നടത്തിയിരുന്നു. മഹാന്മാരുടെ നാമങ്ങൾ വളരെ ആദരവോടുകൂടിയാണ് സ്മരിച്ചിരുന്നത്. ഹയാത്തു സഹാബ, രിയാളുസ്സാലിഹീൻ, അദബുൽ മുഫ്റദ മുതലായ രചനകൾക്ക് വളരെ ഉന്നതമായ അടിക്കുറിപ്പുകൾ തയ്യാറാക്കാനുള്ള മഹാ'ാഗ്യം അല്ലാഹു കനിഞ്ഞരുളി. വളരെ ത്യാഗത്തോടെ അദ്ദേഹം അത് നിർവഹിച്ചു. ഇന്ന് ലോകം മുഴുവൻ അത് പ്രചരിച്ചിരിക്കുന്നു. മിഷ്കാത്തിലെ അൽ അബ്വാബുൽ മുൻതഖബ കൂട്ടത്തിൽ ഡൽഹിയിലെ ഓഖ്ലയിൽ വിശാലമായ ഒരു മസ്ജിദും പെൺകുട്ടികൾക്ക് വേണ്ടി ഉന്നതമായ ഒരു മദ്റസയും സ്ഥാപിക്കുകയുണ്ടായി. മൗലാനാ അബുൽ ഹസൻ അലി നദ്‌വി റഹ്മത്തുല്ലാഹി അലൈഹിയും ശേഷം ഹസ്റത്ത് മൗലാനാ റാബിഅ് നദ്‌വിയുമായി വലിയ ബന്ധമായിരുന്നു. ഗ്രന്ഥങ്ങൾക്കെല്ലാം മൗലാനാമാർ ഉജ്ജ്വലമായ അവതാരികകൾ എഴുതി കൊടുത്തിട്ടുണ്ട്. ഹസ്റത്ത് മൗലാന സയ്യിദ് മുഹമ്മദ് റാബിഅ് നദ്‌വിയുടെ ഖലീഫ കൂടിയായിരുന്നു. ആദ്യാന്ത്യം ദിക്റുമായി വലിയ ബന്ധമായിരുന്നു. ഒഖ്ലയിലെ മദ്റസയിൽ പോയി ഞങ്ങളും എളിയ മദ്റസ പ്രവർത്തനങ്ങൾ ചെയ്യുന്നുണ്ടെന്ന് പറഞ്ഞപ്പോൾ തീർച്ചയായും ചെയ്യണം വലിയ മഹത്തരമാണ്. പക്ഷെ മദ്റസയുടെ പ്രവർത്തനങ്ങൾ നടത്തുമ്പോൾ സമുദായാംഗങ്ങളുടെ ഭാഗത്ത് നിന്നും നെഞ്ചിൽ കുത്തേൽക്കുന്നതാണെന്നും തദവസരം കരളിൽ നിന്നും പ്രവഹിക്കുന്ന ചോരയിലൂടെ സ്ഥാപനം വളരുന്നതാണെന്നും വികാരത്തോട് കൂടി പറഞ്ഞത് ഇന്നും ചെവിയിൽ മുഴങ്ങികൊണ്ടിരിക്കുന്നു. കോവിഡുമായി ബന്ധപ്പെട്ട സമയത്ത് മർകസ്സ് നിസാമുദ്ദീനിൽ കുറച്ച് തടസങ്ങൾ ഉണ്ടായപ്പോൾ അതിന്റെ പകരമായി പ്രവർത്തിച്ചത് മൗലാനായുടെ സ്ഥാപനമാണ് . അല്ലാഹു മൗലാനാക്ക് പരിപൂർണ്ണ മഗ്ഫിറത്ത് മർഹമത്ത് ഉയർന്ന ദറജാത്തുകൾ കൊടുക്കട്ടെ . പടച്ചവൻ മൗലാനായിലൂടെ സംഭവിച്ച വിയോഗത്തിന് ഉത്തമ പകരത്തെ കനിഞ്ഞരുളട്ടെ...!

## അല്ലാഹുവിന്റെ ഒരു പ്രിയപ്പെട്ട ദാസി

ആദരണീയ സഹോദരൻ ഉസ്താദ് അബ്ദുസ്സലാം മൗലാനാ അൽ ഖാസിമിയുടെ മാതാവ് സുഹ്റാ ബീവി ഹജ്ജുമ്മ വലിയ മാതൃകകൾ നിറഞ്ഞ വ്യക്തിത്വമായിരുന്നു. വലിയ ഞെരുക്കത്തിനിടയിൽ ദീനിന്റെയും മനസ്സിന്റെയും മഹൽ ഗുണങ്ങളുടെയും വിശാലതയിൽ അവർ മാതൃകാമഹിയായി. ഉസ്താദ് അബ്ദുസ്സലാം മൗലാനായുമായിട്ടുള്ള സഹപാഠിത്വം തുടങ്ങിയ കാലം മുതൽക്കേ ഉമ്മയെയും അറിയാൻ സാധിച്ചു. ഉസ്താദിന്റെ പ്രിയ സഹോദരൻ കബീർ മുസ്‌ലിയാർ മർഹൂം ഒരു അപകടത്തിൽ മരണപ്പെട്ടു. പുലർക്കാലത്ത് ഉസ്താദിനോടൊപ്പം വീട്ടിൽ ചെന്ന ഞങ്ങൾ കാണുന്നത്. അക്ഷരശുദ്ധിയോടെ വളരെ നല്ല നിലയിൽ ഖുർആൻ പാരായണം ചെയ്യുന്ന മാതാവിനെയാണ്. അന്നത്തെ കഠിനമായ സങ്കടം മുഴുവൻ ഖുർആൻ പാരായണത്തിൽ അലിഞ്ഞു പോയതായി ആ ദാസി പറഞ്ഞു. പരിശുദ്ധ ഖുർആനുമായുള്ള ഈ അനുരാഗാത്മകമായുള്ള ബന്ധം ജീവിതാന്ത്യം വരെ നിലനിൽക്കുകയുണ്ടായി. ഇടയ്ക്ക് മകന്റെ കൈയ്യിൽ പിടിച്ച് ഹജ്ജ്, ഉംറ, സിയാറത്തുകൾക്ക് സൗ'ാഗ്യമുണ്ടായപ്പോഴും ഖുർആൻ തന്നെയായിരുന്നു പ്രധാന കൂട്ടാളി. മോനെ, അബ്ദുസ്സലാമേ ഈ യാത്രക്കിടയിൽ പതിനെട്ട് ഖത്മ് പൂർത്തിയാക്കി. അതിന് നീ ദുആ ചെയ്യുകയെന്ന് ലാഘവത്തോടെ പറഞ്ഞതായും ഉമ്മയുടെ രാപകലുകളിലെ ഇബാദത്തുകൾ കണ്ട് ഞങ്ങളുടെ വിഷയത്തിൽ ലജ്ജയുണ്ടായി എന്നും സഹയാത്രികനായ ഒരു സഹോദരൻ അനുസ്മരിക്കുകയുണ്ടായി. സ്നേഹം, കരുതൽ, ഗുണകാംക്ഷ, പുഞ്ചിരി, നിഷ്കളങ്കത, ദുനിയാവിനോടുള്ള വിരക്തി, ആത്മാർത്ഥത, അള്ളാഹുവിലുള്ള 'യം, തിന്മകളോട് വെറുപ്പ്, ദഅവത്ത്, തികഞ്ഞ ഇബാദത്ത്, ദിക്റ്, ദാനം ധർമ്മം തുടങ്ങിയ നിരവധി മഹൽ ഗുണങ്ങളുടെ പ്രതീകമായിരുന്നു. അല്ലാഹു മഹതിയെ വാരിക്കോരി അനുഗ്രഹിക്കട്ടെ !അല്ലാഹുവേ ഞങ്ങളുടെ എല്ലാ മാതാ പിതാക്കൾക്കും ഗുരുനാഥൻമാർക്കും ഉപകാരികൾക്കും മഗ്ഫിറത്തും മർഹമത്തും നൽകണേ, ഞങ്ങളുടെ ഭാഗത്ത് നിന്നും അവർക്കെല്ലാം ഉന്നത് പ്രതിഫലം കനിയണെ.!

**റാഷിദ് ഹാജി കണ്ണൂർ**

അല്ലാഹുവിന്റെ ദീനും ദീനിന്റെ പരിശ്രമവും എത്ര ലളിതവും ഉന്നതവുമാണ് എന്നതിന്റെ വലിയ ദൃഷ്ടാന്തമായിരുന്നു പ്രിയപ്പെട്ട റാഷിദ് ഹാജി കണ്ണൂർ. ചെറുപ്പം മുതൽക്കേ അന്ധനാണെങ്കിലും ദീനിന്റെ കാര്യങ്ങളിൽ താൽപര്യം കാണിച്ച അദ്ദേഹം തബ്ലീഗിന്റെ പരിശ്രമത്തിലൂടെ കൂടുതൽ മുന്നോട്ട് നീങ്ങുന്ന അവസ്ഥ സംജാതമായി. വിനീതന്റെ പഠനം കഴിഞ്ഞ് അല്ലാഹുവിന്റെ മാർഗത്തിൽ നാല് മാസം പുറപ്പെട്ടപ്പോൾ ആദ്യ ദിനങ്ങളിൽ റാഷിദ് സാഹിബ് കൂട്ടത്തിൽ ഉണ്ടായിരുന്നു. ദീനിന്റെ പ്രവർത്തനം ചെയ്യുന്നതിൽ ഉപരി ആ പ്രവർത്തനത്തിൽ ആവേശം പകരുക എന്നതായിരുന്നു അദ്ദേഹത്തിന്റെ വലിയ ഗുണം. കൊല്ലകടവ് പ്രദേശത്ത് ഞങ്ങൾ എത്തിയപ്പോൾ അവിടെ മാർക്കറ്റിലുള്ള ഒരു മസ്ജിദിൽ നമസ്കാരം നടക്കുന്നില്ലായെന്ന് അറിഞ്ഞ് അദ്ദേഹം ചിന്തകുലനാവുകയും നാട്ടുകാരായ ചിലരെ പ്രേരിപ്പിച്ച് ഞങ്ങളെല്ലാവരുമായി അവിടെയെത്തുകയും മസ്ജിദ് വൃത്തിയാക്കി ഉറക്കെ ബാങ്ക് കൊടുക്കുകയും നമസ്കാരത്തിന് ശേഷം അവിടെ നസ്വീഹത്ത് നടത്തുകയും ചെയ്തു. പിന്നീട് പടച്ചവന്റെ കൃപയാൽ ഹജ്ജ് കമ്മറ്റി വഴി ഹജ്ജിന് പോയപ്പോൾ അദ്ദേഹം മക്ക മുക്കർറമയിൽ ഉണ്ടായിരുന്നു. താമസ സൗകര്യം ഇല്ലായിരുന്ന അദ്ദേഹത്തെ കൂട്ടത്തിൽ വിളിച്ചപ്പോൾ ഒരു മടിയും കൂടാതെ കൂട്ടത്തിൽ വന്ന് താമസിക്കുകയുണ്ടായി. വിനീതന് നിർബന്ധിച്ചിട്ടും കട്ടിലിൽ കിടക്കാതെ താഴെ മൂലയിലേക്ക് ചേർന്ന് കിടക്കുമായിരുന്നു. പുലർക്കാലത്ത് ഞങ്ങളെല്ലാവരും എഴുന്നേൽക്കുന്നതിന് മുമ്പ് തന്നെ എഴുന്നേറ്റ് ബാത്ത് റൂമിൽ പോയി അത് മുഴുവൻ കഴുകി വൃത്തിയാക്കി വെളിയിലേക്ക് വന്ന് കൈ കെട്ടി നീണ്ട നമസ്കാരം ആരംിക്കുമായിരുന്നു. അദ്ദേഹത്തിന്റെ നമസ്കാരം കണ്ട് ലജ്ജിച്ചാണ് പലപ്പോഴും തഹജ്ജുദ് നമസ്കാരത്തിൽ എഴുന്നേറ്റിരുന്നത്. തുടർന്ന് മസ്ജിദുൽ ഹറാമിലേക്ക് പോകുമ്പോൾ ഒരു മടിയും കൂടാതെ വിനീതന്റെ ജുബ്ബയിൽ പിടിച്ച് ഞങ്ങൾ നടക്കുന്നതിനേക്കാൾ വേഗതയിൽ അദ്ദേഹം നടക്കുമായിരുന്നു. ത്വവാഫും സഅ്യുമെല്ലാം വളരെ 'ക്തിയിലാണ് നിർവഹിച്ചിരുന്നത്. കൂടാതെ ഹജ്ജിനിടയിൽ മുഴുവനും ദീനിന്റെ പ്രവർത്തനം നടത്തുമായിരുന്നു. നന്മ

ഉപദേശിക്കാനും തിന്മ തടയാനും ഒരു ബന്ധവും തടസ്സമായിരുന്നില്ല. അല്ലാഹു അപാരമായ ഓർമ്മശക്തിയും സൂഷ്മതയും കൊടുത്തതിനാൽ ഞങ്ങൾ എല്ലാവരുടെയും ബലിമൃഗത്തിന്റെ പണം അദ്ദേഹത്തിനെയാണ് ഏൽപ്പിച്ചിരുന്നത്. ജാറാത്തിൽ കല്ലുകൾ എറിഞ്ഞ് ഞങ്ങളെല്ലാവരും മൃഗത്തെ അറുക്കാൻ യാത്രയായി വഴിയിൽ വെച്ച് പൈസ എണ്ണി നോക്കിയപ്പോൾ അമ്പതോളം വരുന്ന ഞങ്ങളുടെ കൂട്ടുകാരിൽ ഒരാളുടെ പൈസ കാണാനില്ല , വിനീതൻ കൂട്ടുകാരോട് എല്ലാവരും കുറഞ്ഞ പൈസ കൂടിയിട്ട് സഹായിക്കണമെന്ന് പറഞ്ഞപ്പോൾ, എല്ലാവരും അതിൽ സന്നദ്ധരായി. എന്നാൽ ശേഷം എണ്ണി നോക്കിയപ്പോൾ പൈസ പൂർണ്ണമായി തന്നെ ഉണ്ടെന്ന് വ്യക്തമായി. അതിന് തൊട്ട് മുമ്പായിരുന്നു മർഹൂം ദാഇയെ മില്ലഹ് മൂസ മൗലാന നവ്വറല്ലാഹു മർഖദഹു ഈ ലോകത്ത് നിന്നും വിടപറഞ്ഞത് അത് കൊണ്ട് ഒരു മൃഗം മൗലാനായുടെ ഭാഗത്തി നിന്ന് അറുക്കാൻ അിപ്രായം പറഞ്ഞപ്പോൾ എല്ലാവരും കണ്ണീർ വാർത്ത് കൊണ്ട് സമ്മതിച്ച് മൻഹറിലേക്ക് പോയ രംഗം ഇന്നും നല്ല ഒർമയുണ്ട്. തുടർന്ന് വിവിധ സന്ദർ'ങ്ങളിൽ മർഹൂമിനെ കാണാൻ കഴിഞ്ഞിരുന്നു. അടുത്ത കാലത്ത് തിരുവനന്തപുരം റെയിൽവേ സ്റ്റേഷനിൽ വെച്ച് കണ്ടെങ്കിലും സംസാരിക്കാൻ സാധിച്ചില്ല. പിന്നീടാണ് അദ്ദേഹം രോഗിയാണെന്നും ഹോസ്പിറ്റലിൽ ആണെന്നും അറിഞ്ഞത് സൗഖ്യത്തിനും ദീർഘായുസ്സിനും വേണ്ടി ദുആ ചെയ്തു. പക്ഷെ അല്ലാഹുവിന്റെ തീരുമാനം പ്രിയപ്പെട്ട ദാസനെ അവന്റെ അരികിലേക്ക് വിളിക്കലായിരുന്നു. അല്ലാഹു സുബ്ഹാനഹു വ തആല മർഹൂമിന്റെ മേൽ മഗ്ഫിറത്ത് മർഹമത്ത് വർഷിക്കുകയും ഉന്നത ദറജകൾ നൽകി അനുഗ്രഹിക്കുകയും ചെയ്യട്ടെ.

---

* മുഹമ്മദുർറസൂലുല്ലാഹ് (സ) അവസാന നബിയും ഇസ്‌ലാം സമ്പൂർണ്ണ ദർശനവുമാണ്. * വഹ്‌യ് ഏറ്റവും വലിയ പ്രമാണമാണ്. * പരിശുദ്ധ തൗഹീദിൽ സമ്പൂർണ്ണമായി ഉറച്ച് നിൽക്കുക. * നമസ്കാരം, നോമ്പ്, സകാത്ത്, ഹജ്ജ് ഇവകൾ പ്രാധാന്യത്തോടെ നിർവ്വഹിക്കുക. * ഇസ്‌ലാമിനെ രാഷ്ട്രീയമായി വ്യാഖ്യാനിക്കരുത്. * മദീന മുനവ്വറയിലേക്കുള്ള പാത അതിമനോഹരമാണ്. *

*ഇമാം നദ്‌വി*




**1. റഹ്മാന്റെ സമുന്നത റഹ്മത്ത്**

അളവറ്റ ദയാലുവായ അല്ലാഹുവിന്റെ അനുഗ്രഹം ഒന്നുകൊണ്ട് മാത്രം, ആഗോള ദുരന്തമായ കൊറോണയ്ക്കിടയിലും എളിയ സ്ഥാപനവും അനുബന്ധ പ്രവർത്തനങ്ങളും നടക്കുകയുണ്ടായി. രണ്ട് വർഷം മുമ്പുള്ള റമളാനുൽ മുബാറക്കിന് തൊട്ടുമുമ്പാണ് കൊറോണയുടെ ആഗോള വ്യാപനം സംഭവിച്ചത്. റമളാനുൽ മുബാറക്കിന് ശേഷം യഥാസമയത്തുതന്നെ മദ്റസയുടെ പ്രവർത്തനം ആരംഭിച്ചെങ്കിലും ആരംഭത്തിൽ ഓൺലൈൻ വഴിയായിട്ടാണ് ക്ലാസുകളെല്ലാം നടന്നത്. എന്നാൽ ബഹുമാന്യ ഉസ്താദുമാർ മദ്റസയിൽ തന്നെ താമസിച്ച് ക്ലാസുകൾ നടത്തുകയും ഇടയ്ക്ക് വിദ്യാർത്ഥികളെ വിവിധ സ്ഥലങ്ങളിൽ കൂട്ടി ഉദ്ബോധനങ്ങൾ നൽകുകയും ചെയ്തു. കൊറോണ ശമിച്ചപ്പോൾ വിദ്യാർത്ഥികളെ അൽപ്പാൽപ്പമായി മദ്റസയിലേക്ക് വരുത്തി. ശഅബാനിനോട് അടുത്ത് വീണ്ടും കൊറോണയുടെ ഭീഷണിയുണ്ടായപ്പോൾ പരീക്ഷകൾ നടത്തി വിദ്യാർത്ഥികളെ നാടുകളിലേക്ക് അയച്ചു. പ്രസ്തുത വർഷം പടച്ചവന്റെ കൃപയാൽ 26 വിദ്യാർത്ഥികൾ ഹിഫ്സുൽ ഖുർആൻ പൂർത്തീകരിക്കുകയും 21 വിദ്യാർത്ഥികൾ ശരീഅത്ത് പഠനം പൂർത്തീകരിക്കുകയും ചെയ്തു. ഹാഫിസുകളായ മക്കളുടെ നാമ വിവരങ്ങൾ ഇവിടെ കൊടുക്കുന്നു:

01. അൽ ഹാഫിസ് സൈദ്, കായംകുളം
02. അൽ ഹാഫിസ് അൻവർ, തൃശൂർ
03. അൽ ഹാഫിസ് സജീദ്, കാഞ്ഞിരപ്പള്ളി
04. അൽ ഹാഫിസ് ജൗഹർ, മണപ്പള്ളി

05. അൽ ഹാഫിസ് അസ് ലം, കാഞ്ഞിരപ്പള്ളി
06. അൽ ഹാഫിസ് അമീർ, കൊല്ലകടവ്
07. അൽ ഹാഫിസ് ശമീം, ഓച്ചിറ
08. അൽ ഹാഫിസ് വസീം, ഓച്ചിറ
09. അൽ ഹാഫിസ് ഷെമിൽ, കാഞ്ഞിരപ്പള്ളി
10. അൽ ഹാഫിസ് മുബാറക്, പത്തനംതിട്ട
11. അൽ ഹാഫിസ് ഇഖ്ബാൽ, പത്തനംതിട്ട
12. അൽ ഹാഫിസ് സുഫ്യാൻ, പൂന്തുറ
13. അൽ ഹാഫിസ് ഖാസിം, പട്ടാഴി
14. അൽ ഹാഫിസ് ഇബ്റാഹീം, ജോനകപ്പുറം
15. അൽ ഹാഫിസ് ഫാറൂഖ്, ഓച്ചിറ
16. അൽ ഹാഫിസ് ഫാറൂഖ്, പുലിപ്പാറ
17. അൽ ഹാഫിസ് മുആദ്, ഇടക്കുന്നം
18. അൽ ഹാഫിസ് മുഹമ്മദ് അലി, ആലംകോട്
19. അൽ ഹാഫിസ് ഇഹ്സാൻ, കാപ്പിൽ
20. അൽ ഹാഫിസ് അഫ്താബ്, ഓയൂർ
21. അൽ ഹാഫിസ് നശാത്ത്, കൈതോട്
22. അൽ ഹാഫിസ് ഫഹ്ഹാം, കൊല്ലം
23. അൽ ഹാഫിസ് തൻവീർ, ഈരാറ്റുപേട്ട
24. അൽ ഹാഫിസ് ഇള്ഹാർ, പുത്തൻതെരുവ്
25. അൽ ഹാഫിസ് ഇൽഹാം, വയനാട്

റഹ്മാനായ അല്ലാഹു ഇവരുടെ ഹിഫ്സിൽ ബറകത്ത് നൽകുകയും ജീവിതാവസാനം വരെ ഖുർആൻ ശരീഫ് മുറുകെ പിടിക്കാനും ഖുർആനിന്റെ അഹ് ലുകാരനാകാനും ഉതവി നൽകുകയും ചെയ്യട്ടെ.

**2. മദ്റസയുടെ വലിയ സമ്പാദ്യങ്ങൾ**

ശരീഅത്തിന്റെ ആറു വർഷത്തെ പഠനം പൂർത്തിയാക്കിയ സൗഭാഗ്യവാന്മാരുടെ പേര് വിവരങ്ങൾ:

01) അൽ ഹാഫിസ് അബ്ദുർറസ്സാഖ് അൽ ഹുസ്നി, പത്തനംതിട്ട.
02) അൽ ഹാഫിസ് ഷൗക്കത്തലി അൽ ഹുസ്നി, പൂന്തുറ.
03) അൽ ഹാഫിസ് മുഹമ്മദ് അൻഫാൽ അൽ ഹുസ്നി, ഓച്ചിറ
04) അൽ ഹാഫിസ് അബ്ദുസ്സമദ് അൽ ഹുസ്നി, കോതമംഗലം

05) അൽ ഹാഫിസ് സൽമാൻ അൽ ഹുസ്നി, പത്തനംതിട്ട
06) അൽ ഹാഫിസ് മുഹമ്മദ് അമീൻ അൽ ഹുസ്നി, കാപ്പിൽ
07) അൽ ഹാഫിസ് മുഹമ്മദ് അംജദ് അൽ ഹുസ്നി, ചിറ്റുമൂല
08) അൽ ഹാഫിസ് മുഹ്സിൻ അഹ്മദ് അൽ ഹുസ്നി, കോട്ടയം
09) അൽ ഹാഫിസ് മുസാഫിർ അൽ ഹുസ്നി, പത്തനാപുരം
10) അൽ ഹാഫിസ് മുഹമ്മദ് ഹുസൈൻ അൽ ഹുസ്നി, കണിയാപുരം
11) അൽ ഹാഫിസ് അബ്ദുർറഊഫ് അൽ ഹുസ്നി, ആലുവ
12) അൽ ഹാഫിസ് മുഹമ്മദ് ബിലാൽ അൽ ഹുസ്നി, ആലംകോട്
13) അൽ ഹാഫിസ് മുഹമ്മദ് അനസ് അൽ ഹുസ്നി, വവ്വാക്കാവ്
14) മുഹമ്മദ് റഫീഖ് അൽ ഹുസ്നി, ഓച്ചിറ
15) ഹാറൂൻ റഷീദ് അൽ ഹുസ്നി, കൊച്ചി
16)മുഹമ്മദ് അൽത്വാഫ് അൽ ഹുസ്നി, കാഞ്ഞിരപ്പള്ളി
17) ഉമറുൽ ഫാറൂഖ് അൽ ഹുസ്നി, കൈതോട്
18)മുഹമ്മദ് നുഅ്മാൻ അൽ ഹുസ്നി, പൂന്തുറ
19) മുഹമ്മദ് ഹാശിം അൽ ഹുസ്നി, പുതിയ കാവ്
20) അർഷദ് മുസ്തഫ അൽ ഹുസ്നി, നെടുങ്കണ്ടം.
21) അൽ ഹാഫിസ് മുഹമ്മദ് സൽമാൻ അൽ ഹുസ്നി, പുത്തൻ തെരുവ്

റഹീമായ അല്ലാഹു ഈ പ്രിയപ്പെട്ട ഹുസ്നികളുടെ ഇൽമിലും അമലിലും വലിയ ഐശ്വര്യം നൽകുകയും എല്ലാവിധ ഖൈറുകൾക്കും ഉതവി നൽകുകയും ചെയ്യട്ടെ. ഈ വാർഷിക സമ്മേളനത്തിൽ ഇവർക്കെല്ലാം അനുഗ്രഹീതമായ സനദുകൾ നൽകപ്പെടുന്നുണ്ട്. അല്ലാഹു അനുഗ്രഹിക്കട്ടെ.

**3. ഈ വർഷത്തെ അനുഗ്രഹങ്ങൾ**

ഈ വർഷം ശവ്വാൽ മാസം തന്നെ സ്ഥാപനം ആരംഭിച്ചു. ഇടയ്ക്ക് കൊറോണയുടെ കടുപ്പമുണ്ടായപ്പോൾ അൽപ്പ ദിവസത്തേക്ക് വിദ്യാർത്ഥി സഹോദരങ്ങളെ വീടുകളിലേക്കയച്ചു. ശേഷം പഠനം തുടർന്നു. ഈ വർഷം 260 മുതഅല്ലിം സഹോദരങ്ങൾ ഇവിടെ പഠനം നടത്തി. അതിൽ 7 സൗഭാഗ്യവാന്മാർ ഹിഫ്സുൽ ഖുർആൻ പൂർത്തീകരിച്ചു. അവരുടെ പേര് വിവരങ്ങൾ താഴെ കൊടുക്കുന്നു:

1) അൽ ഹാഫിസ് ഇബ്റാഹീം, മണക്കാട്
2) അൽ ഹാഫിസ് മിസ്അബ് , കൈതോട്
3) അൽ ഹാഫിസ് സഊദ്, ഓച്ചിറ
4) അൽ ഹാഫിസ് ഹിലാൽ, കാപ്പിൽ
5) അൽ ഹാഫിസ് അബ്ദുല്ല, ആലംകോട്
6) അൽ ഹാഫിസ് യാസീൻ, കരുനാഗപ്പള്ളി
7) അൽ ഹാഫിസ് അനസ്, പാമ്പനാർ.

**4. പുതിയ ഹുസ്നി കുസുമങ്ങൾ**

11 സൗഭാഗ്യവാന്മാർ ശരീഅത്തിന്റെ പഠനവും പൂർത്തീകരിച്ചു. അവരുടെ പേര് വിവരങ്ങൾ താഴെ കൊടുക്കുന്നു:

01)അൽ ഹാഫിസ് അബ്ദുൽ ഗഫ്ഫാർ അൽ ഹുസ്നി, കാഞ്ഞിരപ്പള്ളി
02) അൽ ഹാഫിസ് മുഹമ്മദ് ഉനൈസ് അൽ ഹുസ്നി, തൊളിക്കോട്
03) അൽ ഹാഫിസ് മുഹമ്മദ് സ്വാബിർ അൽ ഹുസ്നി, മുവാറ്റുപുഴ
04) അൽ ഹാഫിസ് മുഹമ്മദ് ശാഹിദ് അൽ ഹുസ്നി, പത്തനാപുരം
05) അൽ ഹാഫിസ് അബ്ദുസ്സലാം അൽ ഹുസ്നി, താനൂർ
06) അൽ ഹാഫിസ് മുഹമ്മദ് ഫൗസ് അൽ ഹുസ്നി, ചിതറ
07) മുഹമ്മദ് മുഹ്സിൻ അൽ ഹുസ്നി, പുനലൂർ
08) അൽ ഹാഫിസ് മുഹമ്മദ് ഫയ്യാള് അൽ ഹുസ്നി, കൊച്ചി
09) അൽ ഹാഫിസ് മുഹമ്മദ് ഫർസിൻ അൽ ഹുസ്നി, ഈരാറ്റുപേട്ട
10) അൽ ഹാഫിസ് മുഹമ്മദ് അൽ ഹുസ്നി, കടക്കൽ
11) അൽ അമീൻ അൽ ഹുസ്നി, കരിക്കോട്

**5. നദ്‌വത്തുൽ ഉലമയുടെ ശാഖ**

ഈ അദ്ധ്യയന വർഷത്തെ അവസാന വർഷക്കാർക്ക് വലിയൊരു പ്രത്യേകതയുണ്ട്; അല്ലാഹുവിന്റെ അനുഗ്രഹം കൊണ്ട് അന്താരാഷ്ട്ര തലത്തിൽ പ്രസിദ്ധമായ മാതൃകാ സ്ഥാപനം ദാറുൽ ഉലൂം നദ്‌വത്തുൽ ഉലമയുടെ സമുന്നതനായ സന്തതി മൗലാനാ ശൈഖ് അബ്ദുല്ലാഹ് മുഹമ്മദുൽ ഹസനി നദ്‌വി (റ) യാണ് ഈ സ്ഥാപനം ആരംഭിച്ചത്. മഹാനരുടെ ഇളയ സഹോദരനും ഇപ്പോൾ നദ്‌വത്തുൽ ഉലമയുടെ നാസിറേ ആമും ആയ മൗലാനാ സയ്യിദ് ബിലാൽ ഹസനി നദ്‌വിയാണ് ഇപ്പോൾ മദ്റസയുടെ മേൽ നോട്ടക്കാരൻ. ഈ സ്ഥാപനത്തെ ദാറുൽ ഉലൂം നദ്‌വത്തുൽ ഉലമയുടെ

ശാഖയാക്കണം എന്നത് ഇവരുടെയും എളിയ സേവകരുടെയും വലിയൊരു ആഗ്രഹമായിരുന്നു. പടച്ചവന്റെ കൃപകൊണ്ട് ബഹുമാന്യ ഉസ്താദുമാരുടെ പരിശ്രമ ഫലമായി അതിനുള്ള അനുമതി ലഭിച്ചു. തുടർന്ന് നദ്‌വത്തുൽ ഉലമയുടെ സിലബസ് പ്രത്യേക ശ്രദ്ധയോടെ പഠിപ്പിക്കപ്പെട്ടു. ഇപ്പോൾ ഇവരും കഴിഞ്ഞ വർഷത്തെ ഫാരിഗുകളിലെ വലിയൊരു വിഭാഗവും നദ്‌വത്തുൽ ഉലമയുടെ പരീക്ഷയിലാണ് പങ്കെടുത്തിരിക്കുന്നത്. ഇതിന്റെ ഫലം റമദാനുൽ മുബാറക്കിൽ വരുന്നതാണ്. അല്ലാഹു എല്ലാവർക്കും ഉയർന്ന വിജയം നൽകട്ടെ. വലിയ മഹത്വത്തോടൊപ്പം ഒരു ഉത്തരവാദിത്വം കൂടിയായ ഈ കർത്തവ്യം ശരിയായ നിലയിൽ നിർവ്വഹിക്കാനും പ്രിയപ്പെട്ട മുതഅല്ലിംകൾക്ക് താൽപ്പര്യത്തോടെ പഠിച്ച് ഉയരാനും അല്ലാഹു തൗഫീഖ് കനിയട്ടെ.

**6. സയ്യിദ് ഹസനി അക്കാദമി**

സ്ഥാപനത്തിലെ പ്രധാനപ്പെട്ട പ്രവർത്തനം സയ്യിദ് ഹസനി അക്കാദമിയാണ്. പടച്ചവന്റെ കൃപയാൽ ഈ കാലയളവിൽ ചെറുതും വലുതുമായ രചനകൾ തയ്യാറാക്കപ്പെട്ടു.

* തഫ്സീറുൽ ഹസനി (പരിശുദ്ധ ഖുർആൻ ആശയം, വിവരണം) : 650
* രിയാളുൽ ഖുർആൻ രണ്ടാം പതിപ്പ്,(പരിശുദ്ധ ഖുർആൻ ലളിതമായ ആശയങ്ങൾ) : 550
* കാരുണ്യത്തിൻറെ തിരുദൂതർ നാലാം പതിപ്പ് : 300
* പ്രവാചക സ്മരണയിലൂടെ സുഗന്ധം പരത്തുക: 180
* ഇസ് ലാമിക ശരീഅത്ത്: ഒരു പഠനം
* ഖുർആൻ താങ്കളോട് എന്ത് പറയുന്നു.? രണ്ടാം പതിപ്പ് : 140
* നബവീ സദസ്സുകൾ : 90
* പുണ്യ സ്വലാത്തിൻറെ മഹത്വങ്ങൾ രണ്ടാം പതിപ്പ് : 180
* ഇസ്ലാമിലെ നവോത്ഥാന നായകന്മാർ (ഭാഗം 03) : 240
* ഇലാഹീ ധ്യാനത്തിൻറെ വിശുദ്ധ വചനങ്ങൾ : 80
* വിശ്വ നായകൻ : 200
* നബവീ നിമിഷങ്ങൾ : 25
* ദീനീ പാഠങ്ങൾ രണ്ടാം ഭാഗം : 50

എന്നീ രചനകൾ ഈ കാലയളവിലാണ് പ്രസിദ്ധീ

കരിക്കപ്പെട്ടത്. ഇത് കൂടാതെ പയാമെ ഇൻസാനിയ്യത്ത്,ഇസ്‌ലാഹെ മുആഷറ എന്നീ വിഷയങ്ങളിൽ ധാരാളം ലഘുലേഖകളും പ്രസിദ്ധീകരിക്കപ്പെട്ടു. ചില സഹോദരങ്ങളുടെ വലിയ സേവനത്താൽ സയ്യിദ് ഹസനി അക്കാദമിയുടെ വെബ്സൈറ്റ് തയ്യാറാക്കപ്പെട്ടു. അതിൽ ഈ രചനകളെല്ലാം ചേർക്കപ്പെട്ടു. (www.sayyidhasaniacademy.com) എന്ന വെബ്സൈറ്റിൽ ഇത് ലഭിക്കുന്നതാണ്. അക്കാദമിയുടെ രചനകൾ വളരെ പ്രധാനപ്പെട്ടതാണെന്ന് ധാരാളം സഹോദരങ്ങൾ അഭിപ്രായപ്പെട്ടിട്ടുണ്ട്. തീർച്ചയായും മഹാന്മാരുടെ രചനകൾ വളരെ അമൂല്യം തന്നെയാണ്. പക്ഷേ, അതിന്റെ പ്രചാരണം വേണ്ട നിലയിൽ നടന്നിട്ടില്ലായെന്ന വലിയൊരു ദു:ഖം മാന്യ അനുവാചകരോട് പങ്കുവെക്കുകയാണ്. ധാരാളം സഹോദരങ്ങൾ പറയുന്നത് അവരുടെ കൈയ്യിൽ രചനകൾ ഉണ്ടെന്നാണ്. പുതിയ ഗ്രന്ഥങ്ങൾ പലർക്കും ലഭിച്ചിട്ടില്ല. ലഭിച്ചവർ തന്നെ കുറച്ചു കോപ്പികൾ കൂടുതൽ വാങ്ങി കച്ചവടം നടത്തുകയോ ഉപഹാരമായി നൽകുകയോ ചെയ്താൽ വളരെ നന്നായിരുന്നു. കൂടാതെ ഉപരി സൂചിത വെബസൈറ്റിൽ നിന്നും ചെറു രചനകൾ സൗജന്യമായി ഡൗൺലോഡ് ചെയ്ത് എടുക്കാൻ സാധിക്കും. കഴിയുന്നത്ര ഇതിന്റെ പ്രചാര ണത്തിൽ പങ്കെടുക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**7. പയാമെ ഇൻസാനിയത്ത്**

സ്ഥാപനത്തിന്റെ ഒരു പ്രധാന പ്രവർത്തനമാണ് പയാമെ ഇൻസാനിയത്ത് (മാനവികതയുടെ സന്ദേശം) കാലഘട്ടത്തിന്റെ വലിയൊരു ആവശ്യമായ ഈ പ്രവർത്തനം ആത്മീയ നായകൻ അല്ലാമാ സയ്യിദ് അബുൽ ഹസൻ അലി നദ്‌വി ആരംഭിച്ചു. പിൻഗാമിയായ മൗലാനാ സയ്യിദ് അബ്ദുല്ലാഹിൽ ഹസനി നദ്‌വി കൂടുതൽ പ്രചരിപ്പിച്ചു. അല്ലാമയുടെ കുടുംബം തന്നെയാണ് ഇന്നും ഇതിന്റെ പ്രധാന നായകർ. ഈ പ്രവർത്തനത്തിന് രണ്ട് ഭാഗമാണുള്ളത്.

1, റസൂലുല്ലാഹി (സ) യുടെ സുപ്രധാന നിർദ്ദേശമായ പരസ്പരം ഉപഹാരങ്ങൾ നൽകി സ്നേഹ വിശ്വാസങ്ങൾ ഉണ്ടാക്കിയെടുക്കുക എന്നതിന്റെ അടിസ്ഥാനത്തിൽ ഉപഹാരങ്ങൾ നൽകുക. കോറോണയ്ക്ക് മുമ്പ് വെള്ളിയാഴ്ച പ്രഭാതങ്ങളിൽ

ആശുപത്രിയിലും പരിസരത്തും ചായയും ബിസ്കറ്റും വിതരണം ചെയ്തിരുന്നു. ഏതാനം ആഴ്ച്ചകളായി അത് പുനരാരംഭിച്ചിട്ടുണ്ട്. റമളാനിൽ ജാതിമത വ്യത്യാസമില്ലാതെ കഞ്ഞി വിതരണം ചെയ്യുന്നു. ഇതര സന്ദർഭങ്ങളിലും ആഹാര പാനീയങ്ങൾ വിതരണം ചെയ്യുന്നു. 2, അല്ലാമാ നദ്‌വിയുടെ ഇതുമായി ബന്ധപ്പെട്ട പ്രഭാഷണങ്ങളുടെ പ്രചാരണം. പടച്ചവന്റെ അനുഗ്രഹത്താൽ ഇതിന്റെ പത്തിൽപരം രചനകൾ പ്രസിദ്ധീകരിക്കപ്പെട്ടു. തിരുവനന്തപുരം, കൊല്ലം , ആലപ്പുഴ, കോട്ടയം, പട്ടണങ്ങളിലെ വിവിധ നേതാക്കൾക്ക് ഇവ എത്തിച്ച് കൊടുക്കുകയുണ്ടായി. ഇത് രണ്ടും കഴിയുന്നത്ര ചെയ്യാൻ എല്ലാവരോടും അഭ്യർത്ഥിക്കുന്നു. അക്കാദമിയുടെ വെബ്സൈറ്റിൽ അവ സൗജന്യമായി ഡൗൺലോഡ് ചെയ്യാൻ സൗകര്യമുണ്ട്.

**8. ഇസ്‌ലാഹേ മുആശറ**

സ്ഥാപനത്തിന്റെ മറ്റൊരു പ്രവർത്തനമാണ് ഓൾ ഇന്ത്യ മുസ് ലിം പേഴ്സണൽ ലോ ബോർഡ്, ജംഇയ്യത്തുൽ ഉലമ ഏ ഹിന്ദ് പോലുള്ള പ്രസ്ഥാനങ്ങളുടെ പ്രവർത്തനങ്ങൾ. ഇതിന്റെ പ്രധാന പരിപാടിയായ ഇസ് ലാഹെ മുആശറ അഥവ സാമൂഹിക സാംസ്കരണം കഴിയുന്നത്ര ചെയ്തു കൊണ്ടിരിക്കുന്നു . പ്രത്യേകിച്ചും ഓൾ ഇന്ത്യ മുസ്ലിം പേഴ്സണൽ ലോ ബോർഡിന്റെ ഭാഗത്ത് നിന്നുള്ള ജുമുഅ പ്രഭാഷണങ്ങളും അൽ ഹസനാത്തിന്റെ വെള്ളിയാഴ്ച്ച പതിപ്പിൽ പ്രധാന്യത്തോടെ പ്രസിദ്ധീകരിക്കപ്പെട്ട് കൊണ്ടിരിക്കുന്നു. അത് പോലെ നിക്കാഹ് ലളിതമാക്കുക എന്ന പരിപാടി കഴിയുന്നത്ര നടത്തുകയുണ്ടായി. സത്യവിശ്വാസം, നമസ്കാരാദി ആരാധധനകൾ, പരസ്പര ബഹുമാനം ഈ മൂന്ന് കാര്യങ്ങൾ സമുദായത്തിൽ പ്രചരിപ്പിക്കുക എന്നതാണ് ഇസ്‌ലാഹെ മുആശറയുടെ പ്രധാനപ്പെട്ട ലക്ഷ്യം. ഇതിന്റെയും ലഘുലേഖകൾ അക്കാദമി വെബ്സൈറ്റിൽ സൗജന്യമായി ലഭിക്കുന്നതാണ്.

തബ്‌ലീഗിന്റെ പരിശ്രമവും സ്ഥാപനത്തിന്റെ പ്രധാനപ്പെട്ട പ്രവർത്തനമാണ്. നിരവധിയാളുകൾ ഒരു വർഷത്തെ ജമാഅത്തിന് പുറപ്പെട്ടു. എല്ലാ ആഴ്ച്ചയും ഗശ്ത് നടക്കുന്നു. പടച്ചവന്റെ അനുഗ്രഹത്താൽ ധാരാളം ജമാഅത്തുകൾ സ്ഥാപനത്തിൽ വരികയും നിരവധി ജോഡുകൾ നടക്കുകയും ചെയ്തു.

ഇത് കൂടാതെ ഡോ അഹമ്മദ് കുഞ്ഞ് മർഹുമിന്റെ

നാമധേയത്തിൽ കൗൺസലിംഗ് സെന്റർ, ജനസേവന കേന്ദ്രം എന്നിവയും നടന്ന് വരുന്നു ആഴ്ച്ചതോറും സൗജന്യ ചികിത്സ പദ്ധതിയും ആലോചനയിലുണ്ട് പടച്ചവൻ എളുപ്പമാക്കട്ടെ...

ഇത് പോലെ മദ്റസ സേവകരും വിവിധ സ്ഥലങ്ങളിലേക്ക് ഇൽമ്, ദിക്ർ, ദഅ് വത്ത്, ഖിദ്മത്തുകളുടെ യാത്രകൾ ചെയ്യുകയുണ്ടായി. ദാറുൽ ഉലൂം ദേവ്ബന്ധിൽ നടന്ന റാബിത്തത്തുൽ മദാരീസ് അഖിലേന്ത്യ മുശാവറ, കാൺപൂരിൽ നടന്ന ഓൾ ഇന്ത്യ മുസ്ലിം പേഴ്സണൽ ലോ ബോർഡ് അഖിലേന്ത്യ സമ്മേളനം, ഹൈദാരാബാദിൽ കൂടിയ പയാമെ ഇൻസാനിയത്ത് കൂടിയാലോചനായോഗം, ഹൈദരാബാധിൽ തന്നെ കൂടിയ ഓൾ ഇന്ത്യ ഫിഖ്ഹ് അക്കാദമിയുടെ സെമിനാർ, ഡൽഹിയിൽ നടന്ന ഓൾ ഇന്ത്യ ഫിഖ്ഹ് അക്കാദമിയുടെ കൂടിയാലോചന സമിതി ഇന്നിവയിലും വിവിധ ഓൺലൈൻ പരിപാടികളിലും മദ്റസ പ്രതിനിധികൾ പങ്കെടുത്തു. കേരളത്തിന്റെ വിവിധ ഭാഗങ്ങളിലും ഇമാറാത്തിലും യാത്ര ചെയ്യാൻ അവസരം ഉണ്ടായി. തബ്ലീഗ് പ്രവർത്തനത്തിന്റെയും ഇതര ദീനി ആവശ്യങ്ങളുടെയും പേരിൽ കേരളത്തിലുടനീളം പ്രതിനിധികൾ യാത്ര ചെയ്തു. അല്ലാഹു ഇതെല്ലാം സ്വീകരിക്കുകയും പ്രയോജനപ്രദമായി നിലനിർത്തുകയും ചെയ്യട്ടെ...

**9. മദ്റസത്തുൽ ബനാത്ത്**

എളിയ സ്ഥാപനത്തിലെ ഒരു പ്രധാന പ്രവർത്തനമാണ് മൗലാന സയ്യിദ് അബുൽ ഹസൻ അന്നദ് വിയുടെ മാതാവ് സയ്യിദ ഖൈറുന്നിസ (റ) യുടെ നാമധേയത്തിലുള്ള പെൺകുട്ടികളുടെ ഖുർആൻ മനന കേന്ദ്രം ഇതിൽ പഠിച്ച ഏതാനും കുട്ടികൾ കഴിഞ്ഞ വർഷം ഹിഫ്ള് പൂർത്തിയാക്കി അല്ലാഹു അവരുടെ ഹിഫ്ളിൽ ഉറപ്പും ഐശ്വര്യവും നൽകട്ടെ കൂടാതെ ഇരു സ്ഥാപനങ്ങളിലും വെക്കേഷൻ ക്ലാസുകളും നടക്കുന്നുണ്ട്. ദൂരങ്ങളിലുള്ള സഹോദരങ്ങൾക്ക് വിജ്ഞാനം പഠിക്കാനുള്ള വേധിയായ അൽ ഉസ്വ അക്കാദമിയുടെ വാർഷിക സംഗമം ജാമിഅ ബാഖിയാത്തുസ്സാലിഹാത്ത് വെല്ലൂർ വൈസ് പ്രിൻസിപ്പാൾ മൗലാനാ ഷക്കീൽ അഹ്മദ് നഖ്ഷബന്ധിയുടെ നേതൃത്തത്തിൽ സ്ഥാപനത്തിൽ നടന്നത് വളരെ അഭിമാനകരമായി കാണുന്നു. അൽ ഉസ്വയുടെ

പ്രവർത്തനങ്ങളിലും എല്ലാവരും സഹകരിക്കാൻ താൽപര്യപ്പെടുന്നു . കൂടാതെ എല്ലാ ബുധനാഴ്ച്ച രാവിലെ തസ്കിയ്യത്ത് ദിക്റിന്റെ സദസ്സ് നടക്കുന്നുണ്ട് അത് കൂടുതൽ വിപുലമാക്കി ചൊവാഴ്ച്ച മഗ്‌രിബ് മുതൽ പരിശുദ്ധ ഖുർആൻ പാരായണ പഠനസമിതിയായി തുടങ്ങണമെന്നും ആഗ്രഹമുണ്ട് അല്ലാഹു എളുപ്പമാക്കട്ടെ സ്വീകരിക്കട്ടെ.
ഇവിടെ കൊടുത്തിട്ടുള്ള കുറിപ്പുകൾ പൊങ്ങച്ചം പറയലോ, പേര് പെരുമകൾക്ക് വേണ്ടിയുള്ളതോ അല്ല. കൂടാതെ വലിയ കാര്യങ്ങളൊന്നും ഞങ്ങൾ പാപികൾ ചെയ്തിട്ടുമില്ല. ത്യാഗപരിശ്രമങ്ങൾ ചെയ്തിട്ടുള്ളത് തീർത്തും പ്രതികൂല സാഹചര്യങ്ങളിൽ നൂറായിരം കാര്യങ്ങൾ ചെയ്ത മഹാന്മാരാണ്. ഇമാം നദ്‌വിയുടെ വാക്കുകളിൽ മുൻഗാമികളിലെ ഏക് ആദ്മി (ഓരോ വ്യക്തിയും) ഇന്നത്തെ അക്കാദമികളെക്കാൾ സേവനങ്ങൾ ചെയ്തവരാണ്. അവരുടെ ത്യാഗങ്ങൾ കൊണ്ട് പടച്ചവൻ കനിഞ്ഞരുളിയ ചില പ്രവർത്തനങ്ങളും മാർഗ്ഗങ്ങളും മാത്രമാണ് ഇവിടെ കൊടുത്തത്. ചെയ്യേണ്ടതൊന്നും ചെയ്യേണ്ടത് പോലെ ചെയ്തിട്ടില്ലായെന്നും ഇനിയും ധാരാളം കാര്യങ്ങൾ ചെയ്യാനുണ്ടെന്നും വലിയ കുറ്റ ബോധമുണ്ട്. ഇവിടെയും മഹാന്മാരായ ത്യാഗിവര്യന്മാരുടെ വാചകം മാത്രമാണ് അവലംബമായിട്ടുള്ളത്.

*അവർ പ്രധാനമായും പറഞ്ഞത് ഇതുമാത്രമാണ്: ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളുടെ പാപങ്ങളും ഞങ്ങളുടെ പ്രവർത്തനങ്ങളിൽ വന്നുപോയ വീഴ്ചകളും ഞങ്ങൾക്ക് പൊറുത്തു തരേണമേ. ഞങ്ങളുടെ പാദങ്ങൾ ഉറപ്പിക്കേണമേ. നിഷേധികൾക്കെതിരിൽ ഞങ്ങളെ സഹായിക്കേണമേ. (ആലുഇംറാൻ 147).*

**10. സഹായികളെ പടച്ചവൻ അനുഗ്രഹിക്കട്ടെ!**

എളിയ സ്ഥാപനത്തിന്റെ വിവിധ പ്രവർത്തനങ്ങൾ നടക്കുന്നത് സുമനസ്സുകളായ ധാരാളം സഹോദരീ സഹോദരൻമാരുടെ വിലയേറിയ സഹായസഹകരണങ്ങളോടെയാണ്. ഈ വിഷയത്തിൽ ഒറ്റക്കും കൂട്ടായും സേവന സഹായങ്ങൾ ചെയ്യുന്ന എല്ലാവരെയും നന്ദിയോടെ സ്മരിക്കുകയും അവർക്ക് വേണ്ടി പടച്ചവനോട് ദുആ ഇരക്കുകയും ചെയ്യുന്നു. അല്ലാഹു എല്ലാ സഹായ സഹകരണങ്ങൾക്കും ഉന്നതമായ പ്രതിഫലം നൽകട്ടെ. സഹായികളുടെ കൂട്ടത്തിൽ വിലയേറിയ

ദുആകൾ, സാമ്പത്തിക സഹായങ്ങൾ, ശുപാർശകൾ മുതലായവയിലൂടെ സഹായിക്കുന്ന ധാരാളം മഹത്വുക്കളുണ്ട്. ചിലർ ഒറ്റയ്ക്കൊറ്റയ്ക്ക് സഹായിക്കുമ്പോൾ മറ്റുചിലർ കൂട്ടായ നിലയിൽ സഹായിക്കുകയും പരസ്പരം പ്രേരിപ്പിക്കുകയും ചെയ്യുന്നു. അല്ലാഹു എല്ലാവരെയും അനുഗ്രഹിക്കട്ടെ.

ഈ വിഷയത്തിൽ പ്രത്യേകം സ്മരണീയമായ ഒന്നാണ്, ഈ വർഷം ഇവിടെ നിന്നും പാസാകുന്ന പ്രിയപ്പെട്ട ഹുസ്നി സഹോദരങ്ങൾ അവധി സമയങ്ങളിൽ വിവിധ സുമനസ്സുകളെ ചെന്നുകണ്ട് അവർ വഴിയായി മദ്റസയിലെ മുഴുവൻ വിദ്യാർഥികൾക്കും മതിയായ മുന്നൂറോളം കട്ടിലുകൾ ശരിയാക്കിത്തന്നു എന്നത്. കഴിഞ്ഞവർഷത്തെ സഹോദരങ്ങൾ ഇപ്രകാരം മദ്റസയിലെ മുഴുവൻ വെള്ളവും ശുദ്ധീകരിക്കാനാവശ്യമായ ഫിൽറ്റർ സംവിധാനം ഒരുക്കി. അതിന് മുൻപുള്ളവർ അടുത്തുള്ള വളരെ അത്യാവശ്യമായ ഒരു ഭൂമി വാങ്ങിത്തരാനാണ് ഇപ്രകാരം പരിശ്രമിച്ചത്. അതിനു മുൻപള്ളവർ ഈ രീതിയിൽ മദ്റസയ്ക്കായി ജനറേറ്റർ സംവിധാനവുമൊരുക്കി. തുടർന്നും എല്ലാ സഹോദരങ്ങളും മദ്റസക്കു വേണ്ടി ആത്മാർത്ഥമായ സേവന സഹായങ്ങളിൽ നിരതരാണെന്നത് വളരെ ആശ്വാസകരമായ കാര്യമാണ്. അല്ലാഹു ഈ പരിശ്രമങ്ങൾ നടത്തുന്നവർക്കും സഹകരിച്ചവർക്കും വണ്ണമായ പ്രതിഫലം നൽകട്ടെ.

**11. വഫയാത്ത്**

ഈ നാളുകളിൽ ഏറ്റവും ദുഃഖം നിറഞ്ഞ സംഭവങ്ങളാണ് പ്രിയപ്പെട്ടവരുടെ വേർപാടുകൾ. സത്യവിശ്വാസിയെ സംബന്ധിച്ചടുത്തോളം മരണം ഉപഹാരമാണെങ്കിലും ബന്ധുമിത്രങ്ങൾക്ക് വലിയ ദുഃഖവും വേദനയുമാണ്. എന്നാൽ ഈ വേദനയെ ലാഭമാക്കി മാറ്റാനുള്ള ലളിതമായ മാർഗ്ഗം ഹബീബായ റസൂലുല്ലാഹി ? കാണിച്ചു തന്നിരിക്കുന്നു: മയ്യിത്തിന് വേണ്ടി ആത്മാർഥമായി ദുആ ചെയ്യലും നന്മകളുടെ പ്രതിഫലങ്ങൾ എത്തിച്ച് കൊടുക്കലും! അല്ലാഹുവിന്റെ കൃപയാൽ എല്ലാ ആഴ്ച്ചയും പൊതുവായി മദ്റസയിൽ ഇത് നടക്കുന്നുണ്ട്. കൂടാതെ അൽ ഹസനാത്ത് വെള്ളിയാഴ്ച്ച പതിപ്പിന്റെ ഒരു ലക്ഷ്യം ഇലാ റഹ് മത്തില്ലാഹ്... എന്ന ശീർഷകത്തിൽ പടച്ചവന്റെ റഹ്മത്തിലേക്ക് യാത്രയായ മഹത്തുക്കളെ അനുസ്മരിക്കലാണ്. ഇതിലേറ്റവും ദുഃഖം

നിറഞ്ഞത് കഴിഞ്ഞ പാഠ്യ വർഷത്തിന്റെ തുടക്കത്തിൽ നമ്മെ വിട്ടുപിരിഞ്ഞ മദ്റസയുടെ ആദരണീയ പിതാവ് ഡോ. അഹ്മദ് കുഞ്ഞ് മർഹൂമിന്റെ വേർപാടാണ്. കൂടാതെ ദാറുൽ ഉലൂം നദ്‌വത്തുൽ ഉലമയിലെ പ്രധാന ഉസ്താദ് മൗലാനാ നദ്റുൽ ഹഫീസ് നദ്‌വി, മൗലാനാ മഹ്മൂദ് ഹസ്രത്ത്, മൗലാനാ മാജിദ് മസ്ഊദ് റഹ്മതുല്ലാഹ്, മൗലാനാ അബ്ദുർറഹീം ഹസ്റത്ത് പളളപ്പട്ടി, മൗലാനാ ഹബീബുർറഹ്മാൻ അഅ്ളമി, മൗലാനാ സയ്യിദ് ഹംസ ഹസനി നദ്‌വി, മൗലാനാ നൂർ ആലം ഖലീൽ അമീനി, മൗലാനാ ഖാരി സയ്യിദ് ഉസ്മാൻ മൻസൂർപൂരി, മൗലാനാ മുഹമ്മദ് ഇൽയാസ് ബാരബങ്കി, മൗലാനാ ഡോക്ടർ ഹാറൂൻ റഷീദ് സിദ്ദീഖി, അൽ ഉസ്താദ് അബ്ദുൽ മജീദ് മൗലവി ക്ലാപ്പന, അൽ ഉസ്താദ് റാഫി മൗലവി ഖാസിമി, അൽ ഉസ്താദ് മൂസാ ഹസനി ഖാസിമി തൊളിക്കോട്, പ്രൊഫ. അനീസ് ചിഷ്തി, ഡോ. ഷക്കീൽ സമദാനി മുതലായ മഹത്തുക്കളും തിരുവനന്തപുരം ഖാസിം ഹാജി, നൗഷാദ് സാഹിബ് വെട്ടിയാർ, കടക്കൽ അബ്ദുൽ അസീസ് എഞ്ചിനീയർ, നാഷനൽ ഷാഹുൽ ഹമീദ് ഹാജി, അൽഫാ അബ്ദുൽ ഖാദിർ ഹാജി, അൽ ഹാജ് അബ്ദുർറഹ്മാൻ ലബ്ബ സാഹിബ് കുന്നിക്കോട്, അൽ ഹാജ് മുസ്തഫാ സാഹിബ് വാഴക്കാട് തുടങ്ങിയ മദ്റസാ സേവകരും അല്ലാഹുവിലേക്ക് യാത്രയായി. ഇവരിൽ പലരുടെയും അനുസ്മരണങ്ങൾ അൽഹസനാത്തിൽ വന്നിട്ടുണ്ട്. ഡോക്ടർ മർഹൂമിന്റെ സ്മരണിക അക്കാദമി പ്രസിദ്ധീകരിക്കുകയും ചെയ്തു. മറ്റു ചില മഹത്തുക്കളുടെ സ്മരണകൾ ഈ വാർഷിക പതിപ്പിൽ വന്നിട്ടുമുണ്ട്.

**12, റമസാനുൽ മുബാറക്ക്!**

അനുഗ്രഹീത മാസത്തിന്റെ പടിവാതിക്കൽ ഒരിക്കൽ കൂടി നാം എത്തിയിരിക്കുന്നു. ശരിയായ നിലയിൽ നോമ്പ് പിടിക്കാൻ അല്ലാഹു നമുക്ക് ഉതവി നൽകട്ടെ! അതിന് 1, പരിശുദ്ധ ഖുർആനിന്റെ പാരായണവും ശ്രവണവും അധികരിപ്പിക്കുക. വിശിഷ്യാ തറാവീഹ് നമസ്കാരത്തിൽ ഹാഫിസുകളെ ഇമാമത്ത് നിർത്താൻ മസ്ജിദ് സേവകരോടും നല്ല നിലയിൽ അത് നിർവഹിക്കാൻ ഹാഫിസുകളോടും അഭ്യർത്ഥിക്കുന്നു. 2, ദിക്ർ ദുആക്കൾ അധികരിപ്പിക്കുക. 3, നോമ്പിന്റെ നിയമ മര്യാദകൾ പാലിക്കുക. 4, ഇവ ഉണ്ടാക്കിയെടുക്കുന്നതിന് മസ്ജിദുകളിലും മുസല്ലകളിലും അധികമായി കഴിച്ച് കൂട്ടുക. അല്ലാഹു സഹായിക്കട്ടെ!!!